# അൽമായവേദി

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയുടെ മുഖപത്രം

പുസ്തകം 2 | ലക്കം 1 | ജനുവരി 1–31 | പേജ് 8


## ശീമക്കാരുടെ ഇടവക പൗരസ്ത്യ കാതോലിക്കേറ്റിന്റെ കീഴിൽ

### തോമസ് ജോസഫ് ലോസ് ആഞ്ചലസ്

അന്ത്യോഖ്യാ പാത്രിയർക്കീസിനെ അനുകൂലിക്കുന്നു എന്നവകാശപ്പെടുന്നവർ മലങ്കരസഭയിൽ പിളർപ്പിന് നേതൃത്വം കൊടുക്കുമ്പോൾ പാത്രിയർക്കീസിന്റെ കീഴിൽ ശീമക്കാരുടെ ഒരിടവക പാത്രിയർക്കീസിനെ ഉപേക്ഷിച്ച് മലങ്കര ഓർത്തഡോക്സ് സഭയുടെ പൗരസ്ത്യ കാതോലിക്കാ ബാവായെ സഭാതലവനായി അംഗീകരിച്ചിരിക്കുന്നു. പാത്രിയർക്കീസിന്റെയും അദ്ദേഹത്തിന്റെ മെത്രാപ്പോലീത്തായുടെയും ഏകാധിപത്യപരവും, സകലവിധ മാനദണ്ഡങ്ങളും അവഗണിച്ചുകൊണ്ടുള്ളതുമായ പ്രവർത്തനങ്ങളാണ് ഈ നിലപാടിന് അവരെ പ്രേരിപ്പിച്ചത്. അമേരിക്കയിലെ കാലിഫോർണിയയിൽ ഉള്ള വെസ്റ്റ് അമേരിക്കൻ മെത്രാസനത്തിലെ കത്തീഡ്രൽ ഇടവകയായ ബർബാങ്ക് (ലോസ് ആഞ്ചലസിനടുത്ത്) സെന്റ് എഫ്രയീം ഇടവകയിലെ ജനമാണ് ഈ പുതിയ പ്രവണതയ്ക്ക് തുടക്കം കുറിച്ചിട്ടുള്ളത്.

അമേരിക്കയിലെ ശീമക്കാരുടെ മെത്രാപ്പോലീത്താ ആയിരുന്ന യേശു ശാമുവേൽ മാർ അത്താനാസിയോസ് കാലം ചെയ്തപ്പോൾ പാത്രിയർക്കീസ് ആ ഭദ്രാസനം ഇല്ലാതാക്കി. പകരം മൂന്ന് പാത്രിയർക്കാ വികാരിയേറ്റുകളുണ്ടാക്കി, അവ മൂന്ന് എപ്പിസ്ക്കോപ്പാരുടെ ചുമതലയിലാക്കി. ഇതിലൂടെ അധികാരം പാത്രിയർക്കീസ് തന്റെ വരുതിയിലാക്കി. മാർ അത്താനാസിയോസ് പാത്രിയർക്കീസിന്റെ സാമ്പത്തിക താല്പര്യങ്ങൾക്ക് പിൻതുണ നൽകിയിരുന്നില്ല. കാലിഫോർണിയ സംസ്ഥാനത്തെ നാല് ഇടവകകൾ ചേർത്ത് ഉണ്ടാക്കിയ വെസ്റ്റ് യുണൈറ്റഡ് സ്റ്റേറ്റ്സ് വികാരിയേറ്റിന്റെ എപ്പിസ്ക്കോപ്പാ ആയി നിയമിതനായത് കാര്യമായ വിദ്യാഭ്യാസമോ ലോകപരിചയമോ ഇല്ലാത്ത, എന്നാൽ പാത്രിയർക്കീസിന്റെ വിശ്വസ്തനായ മാർ ഔഗേൻ യൂജിൻ കപ്ലാൻ ആയിരുന്നു. എന്നാൽ കത്തീഡ്രൽ വികാരി ആകട്ടെ അഗ്രിക്കൾച്ചറൽ സയൻസിൽ ലബനോനിലെ അമേരിക്കൻ യൂണിവേഴ്സിറ്റിയിൽ നിന്നും ഡോക്ടറേറ്റ് നേടി കാനഡാ സർക്കാരിന്റെ വിദഗ്ധോപദേശ സമിതി അംഗമായിരുന്ന കോർഎപ്പിസ്ക്കോപ്പാ ഡോ. ജോസഫ് തർസിയാണ്. ഇദ്ദേഹം സുറിയാനി ഭാഷാ പണ്ഡിതനും അനേക ഗ്രന്ഥങ്ങളുടെ കർത്താവുമാണ് (ഇദ്ദേഹത്തിന്റെ സഹോദരൻ കാനഡയിൽ വലിയൊരു വ്യവസായിയും, യൗഫദ്യക്നോ ശെമ്മാശനും, സുറിയാനിഭാഷാ പണ്ഡിതനും, കോട്ടയം “സീരി”യിൽ നടക്കുന്ന സിറിയക് കോൺഫറൻസിൽ സ്ഥിരം പങ്കെടുക്കുന്നയാളുമായ ആൽബർട്ട് തർസിയാണ്). തുടക്കത്തിലെ തന്നെ മെത്രാൻ തന്റെ അപകർഷതയിൽ വികാരിയെ ഒതുക്കാൻ ശ്രമം തുടങ്ങി. മെത്രാന്റെ ഭരണപരിഷ്കാരങ്ങളിൽ ആദ്യത്തേത് തന്റെ കീഴിലുള്ള നാല് പള്ളികളിൽ ഒന്നിലെ ഇടവകക്കാരെ, പള്ളിക്ക് ചെലവ് കൂടുതലാണ് എന്ന് പറഞ്ഞ്, തെറ്റിദ്ധരിപ്പിച്ച് പള്ളിക്കെട്ടിടം വില്പിച്ച് പണം സ്വന്തം പേരിലാക്കുക ആയിരുന്നു (ആ തുക പിന്നീട് കാണാതായി).

ഇതിനിടയിലാണ് മെത്രാൻ ഒരു നൈജീരിയൻ മാഫിയയുടെ പ്രലോഭനത്തിൽ പെട്ടത്. അവർ സൗജന്യമായി നൽകാം എന്ന് പറഞ്ഞ ഇരുപത്തെട്ട് മില്യൻ ഡോളറിനെക്കുറിച്ച് സംസാരിക്കാൻ പാത്രിയർക്കീസിന്റെ അനുവാദത്തോടെ ഇടവകക്കാരിൽ നിന്നും, മറ്റുള്ളവരിൽ നിന്നുമായി നല്ലൊരു തുക കടം വാങ്ങി നൈജീരിയയിലേക്ക് പറന്നു. അവിടെ വച്ച് തുക ഹോളണ്ടിൽ നൽകാം എന്ന ധാരണയായി. ഹോളണ്ടിലെത്തിയ മെത്രാനോട് കസ്റ്റംസിലെ ആളുകളെ സ്വാധീനിക്കാനും മറ്റുമാണെന്നു പറഞ്ഞ് മൂന്ന് വട്ടമായി അൻപത് ലക്ഷത്തോളം ഡോളർ കൈക്കലാക്കി. ഇതിനായി തുക ശേഖരിക്കാൻ പാത്രിയർക്കീസിന്റെ നിർദ്ദേശ

*(ശേഷം 6–ാം പേജിൽ)*

## തൃക്കുന്നത്തു സെമിനാരിയിലെ നിയമ ലംഘനം

### അൽമായവേദി ന്യൂസ് സർവീസ്

ആലുവാ: പുത്തൻകുരിശു സൊസൈറ്റിയുടെ കാതോലിക്കായും ആ വിഭാഗത്തിലെ മെത്രാന്മാരും പോലീസ് സംരക്ഷണത്തിൽ നിയമം ലംഘിക്കുന്ന കാഴ്ചയാണ് ജനുവരി 25–ാം തീയതി രാത്രി 8 മണിയോടെ തൃക്കുന്നത്ത് സെമിനാരിയിൽ കാണുവാൻ കഴിഞ്ഞത്. ഓർത്തഡോക്സുകാരന്റെ വോട്ടുകൾ തങ്ങൾക്ക് എന്തു കാരണത്താലും ലഭിക്കില്ലെന്നും വടക്കുള്ള യാക്കോബായ വിഭാഗം വോട്ടുകൾ ശ്രമിച്ചാൽ ലഭിച്ചേക്കുമെന്നുമുള്ള രാഷ്ട്രീയ കണക്കുകൂട്ടലാണ് ഗവണ്മെന്റിനെ ഈ നഗ്നമായ നിയമലംഘനത്തിന് പ്രേരിപ്പിച്ചതെന്ന് വിശ്വസിക്കപ്പെടുന്നു. അതോടൊപ്പം തന്നെ തൃക്കുന്നത്ത് സെമിനാരി മാനേജർ ഫാ. ഡോ. എം. ഒ. ജോണും പുത്തൻകുരിശു സൊസൈറ്റിയോട് ഒത്തുകളിച്ചു എന്നതിനു അനേകം സൂചനകളുണ്ട്.

മണ്ണാറപ്രായിൽ കോറെപ്പിസ്കോപ്പായുടെ നേതൃത്വത്തിലുള്ള വൈദികരുടെ ഗ്രൂപ്പിൽ ഒരാൾ പോലും 25–ാം തീയതി തൃക്കുന്നത്ത് സെമിനാരിയിലുണ്ടായിരുന്നില്ല. ഫാ. ഡോ. എം. ഒ. ജോൺ ഈ ഗ്രൂപ്പിലാണെങ്കിലും ഒഴിഞ്ഞുനിൽക്കാൻ സാദ്ധ്യമല്ലാത്തതിനാൽ മാത്രം സ്ഥലത്തുണ്ടായിരുന്നു. ഗവണ്മെന്റിന്റെ യഥാർത്ഥ ഉദ്ദേശ്യങ്ങൾ എന്താണെന്ന് മാധ്യമ പ്രവർത്തകരുൾപ്പെടെ പലർക്കും അറിവുണ്ടായിരുന്നെങ്കിലും സ്റ്റാറ്റസ്കോ നിലനിർത്തുമെന്ന് സെമിനാരി മാനേജർ സഭാനേതൃത്വത്തെ വിശ്വസിപ്പിച്ചു. അങ്കമാലി ഭദ്രാസനത്തിലെ ഇടവകകളിൽ നിന്നും നാമമാത്രമായ ജനങ്ങളാണ് എത്തിച്ചേർന്നത്. ശരിയായ രീതിയിൽ ബോധവൽക്കരണം നടത്തി നല്ല സംഖ്യ ആളുകൾ എത്തിച്ചേർന്നിരുന്നെങ്കിൽ പോലീസിന്റെയും കലക്ടറുടെയും സമീപനം മറ്റൊന്നാകുമായിരുന്നു. സന്ധ്യാനമസ്കാരത്തിനു ശേഷം സെമിനാരി പരിസരത്തുണ്ടായിരുന്ന ഓർത്തഡോക്സ് വിശ്വാസികളെ ചാപ്പലിനുള്ളിലേക്ക് സെമിനാരി മാനേജർ വിളിച്ചുവരുത്തിയതു വഴി പോലീസിനും മറുഭാഗത്തിനും കാര്യങ്ങൾ കൂടുതൽ എളുപ്പമാക്കിക്കൊടുത്തു.

മറുഭാഗത്തിന്റെ നിയമ ലംഘനത്തിൽ ശക്തിയായി പ്രതിഷേധിച്ച ജനങ്ങളോടൊപ്പം വരാതെ തന്റെ ഓഫീസ് മുറിയിലെ കസേരയിൽ നിസ്സംഗനായിരുന്ന മാനേജരുടെ പ്രവർത്തി ജനങ്ങളെ ചൊടിപ്പിച്ചു. സ്ഥലത്തുണ്ടായിരുന്ന പ. കാതോലിക്കാ ബാവായുടെ പ്രിൻസിപ്പൽ സെക്രട്ടറി ഫാ. ഡോ. സാബു കുര്യാക്കോസ് ജനങ്ങളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് അവരോടൊപ്പം നിലകൊണ്ടെങ്കിലും മാനേജർ തന്റെ ഓഫീസിന്റെ ശീതളച്ഛായയിൽ വിശ്രമിക്കയായിരുന്നു.

ശ്രേഷ്ഠനിയുക്ത കാതോലിക്കാ സ്ഥലത്തുണ്ടായിരുന്നെങ്കിലും മാനേജരുടെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് മാത്രം ചെവികൊടുക്കുകയായിരുന്നു എന്നത് ജനങ്ങളെ നിരാശപ്പെടുത്തി.

അൽമായവേദി പ്രവർത്തകർ 23–ാം തീയ തി തന്നെ ഇപ്രകാരം സംഭവിക്കാനുള്ള സാദ്ധ്യതകളെക്കുറിച്ച് സഭാ നേതൃത്വത്തെ അറിയിച്ചെങ്കിലും, മാനേജരെ അതിരുകടന്നു വിശ്വസിച്ച നേതൃത്വം അത് മുഖവിലക്കെ ടുത്തില്ല. ചുരുക്കത്തിൽ വിഘടിതരുടെയും ഗവണ്മെന്റിന്റെയും അജൻഡ നടപ്പാക്കുവാൻ സെമിനാരി മാനേജർ കൂട്ടുനിന്നതിന് വളരെയേറെ സൂചനകളുണ്ട്.

ജനുവരി 28–ാം തീയതി ചേർന്ന വർക്കിംഗ് കമ്മറ്റി കോടതിയലക്ഷ്യനടപടികൾക്കും പ്രതിഷേധ പ്രകടനത്തിനുമെല്ലാം പരി പാടികൾ പ്രഖ്യാപിച്ചെങ്കിലും നടപടിയിൽ എത്ര വരുമെന്ന് കണ്ടറിണം. ശരിയായ തയ്യാറെടുപ്പുകളില്ലാതെ ഇറങ്ങിപ്പുറപ്പെട്ട് മറ്റൊരു നാണക്കേടിനുകൂടി ഇടയാകുവാനുള്ള സാദ്ധ്യത നിലനിൽക്കുന്നുണ്ട്.

## ഡോ. പി. സി. അലക്സാണ്ടറുടെ നിർദ്ദേശങ്ങൾ അസ്വീകാര്യം: അൽമായവേദി

കോട്ടയം: ഡോ. പി. സി. അലക്സാണ്ടർ സഭാപ്രശ്നങ്ങൾ പരിഹരിക്കാൻ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ തീർത്തും അസ്വീകാര്യമാണെന്ന് അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി ചൂണ്ടിക്കാട്ടി. രാജ്യതന്ത്രജ്ഞനായ ഡോ. അലക്സാണ്ടർ കാശ്മീർ പ്രശ്നം പരിഹരിക്കുവാൻ കാശ്മീരിന് സ്വയം ഭരണം നൽകണം എന്ന നിർദ്ദേശത്തെ എതിർക്കുന്നതുപോലെ സഭയിലെ വിശ്വാസികൾ സഭാഗാത്രത്തെ പങ്കുവെക്കുന്നതിനെ എതിർക്കുക തന്നെ ചെയ്യും. ഉത്തരേന്ത്യയിലെ ക്രൈസ്തവരെ പീഡിപ്പിക്കുന്ന ശിവസേനയുടെ പിന്തുണയോടെ രാജ്യസഭയിലെത്തിയ അദ്ദേഹം ഇപ്പോൾ സഭാ പ്രശ്നത്തിലിടപെടുന്നത് ദുരൂഹമാണ്. കാതോലിക്കാബാവായുടെ കീഴിൽ പാത്രിയർക്കീസുമാരെ വാഴിക്കണമെന്ന് മുമ്പു പറഞ്ഞ അദ്ദേഹം ഇപ്പോൾ മുൻ നിലപാടിനു വിരുദ്ധമായി കാതോലിക്കാ ബാവായെത്തന്നെ പാത്രിയർക്കീസാക്കണമെന്നു പറയുന്നത് തന്നെ പ്രശ്നം വേണ്ടവിധം പഠിച്ചിട്ടില്ല എന്നതിന് തെളിവാണ്. സർക്കാരിലെയോ കോർപ്പറേറ്റ് കമ്പനികളിലെയോ ഉദ്യോഗപ്പേരുകൾ മാറ്റുന്ന ലാഘവത്തോടെ സഭാസ്ഥാനികളുടെ സ്ഥാനനാമങ്ങൾ തട്ടിക്കളിക്കുവാനുള്ളതല്ല. നൂറ്റാണ്ടുകളിലെ സഭയുടെ പ്രയാണങ്ങളിലൂടെ ഉരുത്തിരിഞ്ഞുവന്ന പൈതൃകങ്ങൾ ചിലരുടെ ഒഴിവുകാല വിനോദങ്ങൾക്കായി വിട്ടുകൊടുക്കാൻ സഭാമക്കൾക്കാവില്ല. വിഭജിച്ചു പിരിയണമെങ്കിൽ മുപ്പതിലേറെ വർഷം കേസു നടത്തിയതും മലങ്കര വർഗ്ഗീസ്, ഓനാൻകുഞ്ഞ് മുതലായവരുടെ രക്തസാക്ഷിത്വത്തിനിടയാക്കിയതുമെല്ലാം എന്തിനാണ്? സുപ്രീംകോടതിയിലെ കേസ് നിർണ്ണായകമായ ഘട്ടത്തിലേക്ക് നീങ്ങുന്ന ഈ ഘട്ടത്തിൽ അതിനെ അട്ടിമറിക്കാനും വിഘടിതർക്ക് ഇല്ലാത്ത അവകാശങ്ങൾ സിദ്ധിക്കുവാനും മാത്രമേ ഈ നടപടികൾ സഹായകമാവുകയുള്ളു.

ഭരണഘടനയിൽ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ സ്ഥാനം വെട്ടിമാറ്റുകയോ സഭയുടെ പേര് മാറ്റുകയോ ചെയ്യുന്നതിലൂടെ ഒന്നും നേടാനില്ല എന്നുമാത്രമല്ല നിലവിലുള്ള പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമാകുകയാകും ഫലം. 1958 ന് മുമ്പും നടന്നിട്ടുള്ള സമാധാനാലോചനകൾ പരാജയപ്പെട്ടത് പാത്രിയർക്കീസ് വിഭാഗത്തിന്റെ മർക്കടമുഷ്ടി മൂലമാണെന്നും സമാധാനമുണ്ടായത് സുപ്രീംകോടതിയിൽനിന്നും വ്യക്തമായ വിധി ലഭിച്ചതിലൂടെയാണെന്നുമുള്ള ചരിത്രം അലക്സാണ്ടറെപ്പോലെ ഉന്നതശീർഷനായ ഒരാൾ എങ്ങനെ മറക്കുന്നു എന്നതും ദുരൂഹമാണ്.

മുൻ പാത്രിയർക്കീസ് വിഭാഗക്കാരെ വ്രണപ്പെടുത്തുവാനും യോജിപ്പിനുള്ള മാർഗ്ഗങ്ങൾ ഇല്ലാതാക്കാനും അതു വഴി വിഭജനം യാഥാർത്ഥ്യമാക്കുവാനുമുള്ള ശ്രമമാണ് അലക്സാണ്ടർ നടത്തുന്നത്.

പരിഗണനപോലുമർഹിക്കാത്ത നിർദ്ദേശങ്ങൾ എന്ന നിലയിൽ അലക്സാണ്ടർ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ തള്ളിക്കളയുവാൻ അൽമായവേദി എല്ലാ വിശ്വാസികളെയും ആഹ്വാനം ചെയ്യുന്നു. ദൈവവചനം ശ്രവിക്കുവാനും ധ്യാനിക്കുവാനും കൺവൻഷൻ പന്തലിലെത്തുന്ന ജനത്തെ വഴി തെറ്റിക്കുവാനുള്ള ഇത്തരം പ്രസംഗങ്ങൾ തികച്ചും അപലപനീയമാണ്.

## സഭാനേതൃത്വത്തിന്റെ നിരുത്തരവാദിത്വം ഫെബ്രു. 13 ന് വീണ്ടും തെളിയിക്കപ്പെടും

കോട്ടയം: തൃക്കുന്നത്തു സെമിനാരിയിൽ വിഘടിത വിഭാഗം മെത്രാന്മാരേയും ശ്രേഷ്ഠനേയും കയറ്റി സഭയെ അപമാനപാത്രമാക്കിയ നേതൃത്വം 13–ാം തീയതിയിലെ ധർണ്ണയും, റാലിയും മാറ്റിവച്ച് പ്രതിഷേധമാർച്ച് പൊതുസമ്മേളനമായും, ഒരു ട്രസ്റ്റി സ്ഥാനാർത്ഥിയുടെ ഇലക്ഷൻ ക്യാമ്പയിനായും ചുരുക്കിയതിൽ അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രതിഷേധിച്ചു. സഭയ്ക്ക് അപമാനഭാരം ഉണ്ടാക്കാനേ ഈ പൊതുയോഗം ഉപകരിക്കൂ എന്ന് അൽമായവേദി വിലയിരുത്തി.

## ഡോ. ജോർജ് വർഗീസിന് ഉന്നതസ്ഥാനം

ന്യൂഡൽഹി: യു. എൻ. ഐ. ന്യൂസ് കോ–ഓർഡിനേറ്റിംഗ് എഡിറ്റർ സ്ഥാനത്തുനിന്നും മാർച്ച് 31 ന് വിരമിക്കുന്ന ഡോ. ജോർജ് വർഗീസിനെ ചില ഉന്നതപദവികളിലേക്ക് ഇന്ത്യാ ഗവൺമെന്റ് പരിഗണിക്കുന്നു. ദൂരദർശനും ആകാശവാണിയും നിയന്ത്രിക്കുന്ന പ്രസാർ ഭാരതിയുടെ ഡയറക്ടർ, വടക്കുകിഴക്കൻ സംസ്ഥാനങ്ങളായ നാഗാലാൻഡ്, മിസോറാം മുതലായ സംസ്ഥാനങ്ങളിലേതിലെങ്കിലും ഗവർണ്ണർ പദവി എന്നിവയ്ക്കാണ് അദ്ദേഹം പരിഗണിക്കപ്പെടുന്നത്. ഇവയിലേതെങ്കിലും യാഥാർത്ഥ്യമാകുന്നപക്ഷം അദ്ദേഹത്തിന് അൽമായട്രസ്റ്റി സ്ഥാനത്തേക്ക് മത്സരിക്കുവാൻ സാധിക്കാതെ വന്നേക്കും.

## ഡോ. എ. കെ. ഏബ്രഹാം അൽമായട്രസ്റ്റി സ്ഥാനത്തേക്ക്

എറണാകുളം: ഇന്ത്യയിലെ ഏറ്റവും പ്രഗത്ഭരായ കാർഡിയോളജിസ്റ്റുമാരിൽ ഒരാളും എറണാകുളം സഹകരണ ആശുപത്രിയിലെ ചീഫ് കാർഡിയോളജിസ്റ്റുമായ ഡോ. എ. കെ. ഏബ്രഹാം അൽമായട്രസ്റ്റി സ്ഥാനത്തേക്ക് വരണമെന്ന് അനേകം അസോസ്യേഷൻ അംഗങ്ങൾ ആവശ്യപ്പെട്ടിരിക്കുന്നു. കല്ലൂപ്പാറ അടങ്ങാപ്പുറം കുടുംബാംഗമായ അദ്ദേഹത്തിന് തെക്കൻ ഭദ്രാസനങ്ങളിൽ വിപുലമായ ബന്ധു - സുഹൃദ് വലയങ്ങളുണ്ട്. എറണാകുളത്ത് താമസിക്കുന്ന അദ്ദേഹത്തിന് മദ്ധ്യകേരള ഭദ്രാസനങ്ങളിലും വിപുലമായ ബന്ധങ്ങളുണ്ട്. ബാല്യകാലം ചിലവഴിച്ച മലബാറിലും അദ്ദേഹം സ്വീകാര്യനാണ്. ഇവിടങ്ങളിൽ നിന്നെല്ലാം അനേകർ പ്രൊഫഷണൽ പശ്ചാത്തലം, സാർവ്വലൗകിക വീക്ഷണം, വിപുലമായ ബന്ധങ്ങൾ എന്നിവയെല്ലാം ഒത്തുചേർന്ന വ്യക്തിത്വമുള്ള അദ്ദേഹം നേതൃസ്ഥാനത്ത് വരണമെന്ന് ആഗ്രഹിക്കുന്നുണ്ട്.

## കെ. വി. ഏബ്രഹാം കൊടുവത്തും മത്സരരംഗത്ത്

കോട്ടയം: അൽമായവേദി പ്രസിഡണ്ട് കെ. വി. ഏബ്രഹാം കൊടുവത്തിനു വേണ്ടി കോട്ടയം, നിരണം, അങ്കമാലി ഭദ്രാസനങ്ങളിലെ പ്രതിപുരുഷന്മാർ നോമിനേഷൻ പേപ്പർ ഫയൽ ചെയ്യുവാൻ തയ്യാറെടുക്കുന്നതായി മനസ്സിലാക്കുന്നു. എന്നാൽ താൻ ഇതേപ്പറ്റി അന്തിമ തീരുമാനമെടുത്തിട്ടില്ലെന്ന് ശ്രീ. കൊടുവത്ത് വ്യക്തമാക്കി.

# തേജസ്വിയായ ഭരണകർത്താവ്

## ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്

കൊല്ലം ഭദ്രാസനത്തിന്റെ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായെക്കുറിച്ച് ചെറുപ്പം മുതൽ കേട്ടിരുന്നു. എങ്കിലും അടുത്തുകാണുന്നതിനും, അറിയുന്നതിനും അവസരം ലഭിച്ചത് പഴയസെമിനാരിയിൽ വിദ്യാർത്ഥിയായി പ്രവേശനം ലഭിച്ച ശേഷം മാത്രമാണ്. ആ ഭദ്രാസനത്തിൽ നിന്നുള്ള സഹപാഠികൾ തങ്ങളുടെ മെത്രാപ്പോലീത്തായെ വാനോളം പുകഴ്ത്തുന്നതാണ് ആദ്യം ശ്രദ്ധയിൽപെട്ടത്. വൈദീക വിദ്യാർത്ഥികളിൽ നല്ലൊരു പങ്കിനും തങ്ങളുടെ മെത്രാപ്പോലീത്തന്മാരിൽ നിന്നു കിട്ടുന്ന പ്രചോദനം നിർണ്ണായക ഘടകമായിരിക്കും. എന്നാൽ കൊല്ലം ഭദ്രാസനക്കാരുടെമേൽ അവരുടെ ഇടയനുണ്ടായിരുന്ന സ്വാധീനം ഏറ്റവും ശക്തമായിരുന്നു. തിരുമേനിയുടെ തേജസ്സുറ്റ മുഖഭാവവും, സ്നേഹമസൃണമായ ഇടപെടലും, വിശ്വാസ തീഷ്ണതയും, കൂദാശാനുഷ്ഠാനങ്ങളുടെ മാധുര്യവുമാണ് തങ്ങളെ വൈദീകശുശ്രൂഷയിലേക്ക് വഴിതിരിച്ചത് എന്ന് അവരിൽ നല്ലൊരു പങ്കും പറയുമായിരുന്നു. മെത്രാപ്പോലീത്താ ആയിരുന്ന കാലത്ത് തന്റെ ഭദ്രാസനത്തെ ആത്മാർത്ഥമായി സ്നേഹിക്കുകയും, അതിന്റെ ഉന്നമനത്തിനായി അഹോരാത്രം പണിയെടുക്കുകയും ചെയ്ത ത്യാഗശാലിയായിരുന്നു അഭിവന്ദ്യ തിരുമേനി. ഓലകെട്ടി മേഞ്ഞിരുന്ന എത്രയോ ദേവാലയങ്ങൾ ആ പിതാവിന്റെ ശ്രമഫലത്താൽ ഉറപ്പുള്ള പള്ളികളായി മാറിയെന്നും, ഭദ്രാസനത്തിന്റെയും, സഭയുടേയും വളർച്ചയ്ക്ക് ആവശ്യമായിരുന്ന എത്രയോ സ്ഥാപനങ്ങൾ താൻ നട്ടുനനച്ചു വളർത്തിയെന്നും അജഗണങ്ങൾ അഭിമാനപൂർവ്വം ഇന്നും വർണ്ണിക്കുന്നതു കേൾക്കാം.

മലങ്കരസഭയുടെ തലവനായി ആ വന്ദ്യപിതാവ് അവരോധിതനായപ്പോഴും, അതേ ആത്മാർത്ഥത തന്നെ സഭയോടും പ്രദർശിപ്പിച്ചിരുന്നു എന്നത് പ്രത്യേകം സ്മർത്തവ്യമാണ്.

ഒരിക്കൽ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സമ്മേളനത്തിനായി അഭി. കൂറിലോസ് തിരുമേനി പഴയസെമിനാരിയിൽ താമസിക്കുമ്പോൾ എന്നെ വിളിപ്പിച്ചു. എന്തിനെന്ന് ഒരു പിടിയും കിട്ടിയില്ല. ഏതായാലും, അന്നുവരെ പറഞ്ഞു മാത്രം കേട്ടിട്ടുള്ള സ്നേഹസമ്പൂർണ്ണമായ ഇടപെടൽ നേരിട്ടനുഭവിക്കുവാൻ കിട്ടിയ ആദ്യ സന്ദർഭം തക്കത്തിൽ ഉപയോഗപ്പെടുത്തുവാൻ തന്നെ തീരുമാനിച്ചു. അടുത്ത് ചെന്ന് സ്വയം പരിചയപ്പെടുത്തിയപ്പോൾ തന്നെ ആയിരം പൂർണ്ണ ചന്ദ്രന്മാർ ഒന്നിച്ചുദിച്ചതുപോലെ ആ മുഖം പ്രകാശപൂരിതമായി. തുടർന്ന് വാത്സല്യത്തോടെയുള്ള സംസാരം; എന്റെ പിതാവിന്റെയും കുടുംബാംഗങ്ങളുടേയും എല്ലാം സൗഖ്യം അന്വേഷിച്ചതിനുശേഷം എന്നെ വിളിച്ച വിഷയത്തിലേക്കു കടന്നു. എന്റെ പിതാവ് രചിച്ച സുവിശേഷങ്ങളുടെ വ്യാഖ്യാന പുസ്തകം പല സ്ഥലത്തും അന്വേഷിച്ചിട്ടും കിട്ടാഞ്ഞതിനാൽ ഒരു കോപ്പി എത്തിച്ചുകൊടുക്കണം എന്നതായിരുന്നു ആവശ്യം. ജോലിത്തിരക്കിനിടയിലും ഗ്രന്ഥപാരായണത്തിലും, പഠനത്തിലും തിരുമേനി കാണിച്ചിരുന്ന ശുഷ്കാന്തിയിൽ അത്ഭുതം തോന്നാതിരുന്നില്ല. എന്റെ പിതാവിന്റെ സ്വന്തം ശേഖരത്തിൽ അവശേഷിച്ച ഒരു കോപ്പി, വായിച്ചുകഴിഞ്ഞ് തിരിച്ചേൽപ്പിക്കണമെന്ന അപേക്ഷയോടെ തിരുമേനിക്കു നൽകി. ഏതാനും മാസങ്ങൾ കഴിഞ്ഞിട്ടും പുസ്തകം തിരികെ ലഭിക്കാതിരുന്നപ്പോൾ, തിരുമേനി അക്കാര്യം മറന്നോ എന്നൊരാശങ്ക. വീണ്ടും തിരുമേനിയെ പോയി കാണുവാൻ തീരുമാനിച്ചു. എന്നെ കണ്ടപ്പഴേ കാര്യം മനസ്സിലായിട്ടെന്നവിധം പറഞ്ഞു. "തന്റെ പുസ്തകം വായിച്ചു തീർക്കാൻ പറ്റിയില്ല. എന്റെ ഭാര്യ വലിയ ശാഠ്യക്കാരിയാണ്. എന്നെ നിലത്തിരിക്കാൻ സമ്മതിക്കില്ല. അതുകൊണ്ട് പുസ്തകം ഞാൻ കാറിൽ കൊണ്ടു നടക്കുകയാണ്, യാത്രയ്ക്കിടയിൽ വായിക്കും. എത്രയും വേഗം തിരികെ തരാം" (തിരുമേനി ഭാര്യയെന്നു വിശേഷിപ്പിച്ചത് സ്വന്ത ഭദ്രാസനത്തെയാണെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ). തിരുമേനി പുസ്തകത്തിന്റെ കാര്യം വിസ്മരിച്ചിരിക്കാം എന്നു കരുതി ചോദിക്കാൻ പോയ ഞാൻ ഇളിഭ്യനായി തിരികെപോന്നു. തിരുവനന്തപുരം ഭദ്രാസനം പോലും രൂപീകൃതമായിട്ടില്ലായിരുന്ന ആ കാലത്ത് കൊല്ലം ഭദ്രാസനാധിപന്റെ ജോലിത്തിരക്ക് ഊഹിക്കാവുന്നതേയുള്ളൂ.

മാത്യൂസ് മാർ കൂറിലോസ് തിരുമേനിയുമായി അടുത്തിടപഴകാൻ അവസരം ലഭിച്ചത് ജർമ്മനിയിൽ വച്ചായിരുന്നു. 1982 ലെ കഷ്ടാനുഭവയാഴ്ച നടത്തുവാൻ തിരുമേനി അവിടെ വന്നപ്പോൾ, അന്ന് ഉപരിപഠനാർത്ഥം യൂറോപ്പിലായിരുന്ന എനിക്കും ആ ശുശ്രൂഷയിൽ പങ്കുചേരുവാൻ സാധിച്ചു എന്നത് ഭാഗ്യമായിത്തന്നെ ഇന്നും കരുതുന്നു. ഊശാനാ, പെസഹാ മുതലായ പ്രധാന ശുശ്രൂഷകൾ ഓരോ വലിയ പട്ടണങ്ങളിൽ പോയാണ് നടത്തിയിരുന്നത്. എന്നാൽ ഇവയ്ക്കിടയിലുള്ള ദിവസങ്ങൾ ബഹു. കോരവർഗീസ് അച്ചന്റെ ഭവനത്തിലെ ഒരു മുറി ഞങ്ങളുടെ പ്രാർത്ഥനാലയമായി രൂപാന്തരപ്പെട്ടു. ബഹു. എം. ഏ. മത്തായി അച്ചനും (മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ) അഭി. തിരുമേനിയും ഒത്ത് ചിലവഴിച്ച ഒരാഴ്ചക്കാലം അവിസ്മരണീയമായ ഒരനുഭവമായി മാറുകയായിരുന്നു. അണുവിട തെറ്റാതെയുള്ള യാമപ്രാർത്ഥനകളും, ധ്യാനങ്ങളും എല്ലാം മൂവരും ഒരുമിച്ച് നടത്തി. ഇടവേളകളിൽ ആത്മീയ ഉപദേശങ്ങൾ തിരുമേനി ഞങ്ങൾക്കു നൽകി. വായനയിലും മറ്റും വരുന്ന പോരായ്മകൾ പറഞ്ഞു മനസ്സിലാക്കിത്തന്നു. ഉയിർപ്പിനുശേഷം ആശ്ലേഷിച്ച് ചുംബിച്ച് യാത്രയയച്ചപ്പോൾ തിരുമേനിയുമായി ഒരദൃശ്യ ബന്ധം സ്ഥാപിതമായിക്കഴിഞ്ഞിരുന്നു.

പിന്നീട് പഠനമെല്ലാം കഴിഞ്ഞ് വർഷങ്ങൾക്കു ശേഷമാണ് കോട്ടയത്തുവച്ച് തിരുമേനിയെ വീണ്ടും കാണുന്നത്. വൈദികനായി മുഖത്ത് സ്മശ്രുക്കൾ വന്നശേഷം കാണുമ്പോൾ എന്നെ തിരിച്ചറിയില്ല എന്നു തന്നെയാണ് ഞാൻ ചിന്തിച്ചത്. അടുത്ത് ചെന്ന് കൈമുത്തി "തിരുമേനി എന്നെ ഓർക്കുന്നുണ്ടോ" എന്നു ചോദിച്ചു "പിന്നെ ജർമ്മനിയിലെ ഹാശാ ആഴ്ചയിൽ എന്നോടൊപ്പം ഉണ്ടായിരുന്നത് നല്ലവണ്ണം ഓർക്കുന്നു." മറുപടി കേട്ട് ഞാൻ അത്ഭുതസ്തബ്ധനായി. അജഗണങ്ങളോടുള്ള താല്പര്യമാണ് ഇത്രയും ഓർമ്മശക്തി ഇടയനു നൽകുന്നത് എന്നതിൽ സംശയമില്ല.

ആ മുഖതേജസ്സിന്റെ വശ്യത വീണ്ടും അനുഭവിക്കാൻ സാധിച്ചത് തിരുമേനി മല



ങ്കരസഭയുടെ പരമാദ്ധ്യക്ഷനായതിനു ശേഷമായിരുന്നു. കണ്ടനാട് ഭദ്രാസനത്തിന്റെ സെക്രട്ടറി ആയിരുന്ന 5 വർഷക്കാലം നിരന്തരമായി പ. ബാവായുമായി ഇടപഴകേണ്ടി വന്നു. രൂക്ഷമായ പ്രശ്നങ്ങൾ സഭയും, പ്രത്യേകിച്ച് ഭദ്രാസനവും അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്ന കാലമായിരുന്നു അത്. പരിഹാര മാർഗ്ഗങ്ങൾ തേടി നട്ടം തിരിഞ്ഞിരുന്ന അവസരങ്ങളിൽ, സമയത്തും, അസമയത്തും, ദേവലോകത്തു നിന്നും ഫോൺ വന്നുകൊണ്ടിരുന്നു. പലപ്പോഴും തിരുമേനി എന്നോട് മുഖം കറുത്ത് സംസാരിച്ചിട്ടുണ്ട്, ദേഷ്യപ്പെട്ടിട്ടുണ്ട്. ചില അപ്രിയസത്യങ്ങൾ നേരിട്ട് തിരുമേനിയോട് പറയേണ്ടതായും വന്നിട്ടുണ്ട്. എന്നാൽ ഒരിക്കലും സ്നേഹബന്ധത്തിന് ഉലച്ചിൽ തട്ടിയതായി അനുഭവപ്പെട്ടിട്ടില്ല. തമ്മിൽ പിരിയുമ്പോൾ വിദ്വേഷം മനസ്സിൽ അവശേഷിക്കുന്നതായി ഒരിക്കലും തോന്നിയിട്ടില്ല.

വൈദികസെമിനാരിയിലെ ശെമ്മാശ്ശന്മാരെ വി. കുർബ്ബാന തക്സ പഠിപ്പിക്കുവാൻ ആദ്യമായി എനിക്കു നിയോഗം ലഭിച്ചപ്പോൾ, അധ്യയനം ആരംഭിക്കുംമുമ്പ് പ. ബാവാ തിരുമേനിയെ കണ്ട് അനുഗ്രഹം പ്രാപിക്കുന്നതിന് ദേവലോകത്തു ചെന്നു. മനസ്സുതുറന്ന് എന്നെ അനുഗ്രഹിച്ചു എന്നു മാത്രമല്ല, മുമ്പെങ്ങും ശ്രദ്ധയിൽപെട്ടിട്ടില്ലാത്ത പല വ്യാഖ്യാനങ്ങളും ആചാരാനുഷ്ഠാനങ്ങളുടെ അർത്ഥവ്യാപ്തിയും, പ്രത്യേകതകളും പറഞ്ഞുതന്ന് എന്നെ ധന്യനാക്കുകയും ചെയ്തു.

കല്ലായ ഹൃദയത്തെപ്പോലും അലിയിക്കാൻ പോന്ന മന്ദഹാസത്തിന്റെ ഉടമയായിരുന്നു പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവാ. "ഏഞ്ചലച്ചൻ" എന്ന് നാട്ടുകാർ കൊടുത്ത പേര് എത്രയോ അർത്ഥവത്തായിരുന്നു. സഭയുടെ വിശ്വാസവും, അഖണ്ഡതയും, പാരമ്പര്യവും, ആരാധന നിഷ്ഠയും എല്ലാം എന്നാളും അദ്ദേഹം ഉയർത്തിപ്പിടിച്ചിരുന്നു. പ്രായാധിക്യം കൊണ്ട് നന്നേ ക്ഷീണിതനായിരുന്ന കാലത്തു പോലും ആരാധനയ്ക്കായി എഴുന്നേറ്റു നിന്നാൽ തളരാത്ത ഒരു അദൃശ്യശക്തി എവിടെനിന്നോ ആ പ. പിതാവിന് ലഭിച്ചിരുന്നു. തൊണ്ണൂറാം വയസ്സിലും തന്റെ ശബ്ദ ഗാംഭീര്യം നിലനിർത്തുവാൻ അദ്ദേഹത്തിനു സാധിച്ചിരുന്നു. ഇരുപത്തിഒന്നാം നൂറ്റാണ്ടിലേക്ക് സഭയെ നയിക്കുവാൻ ദൈവം തിരഞ്ഞെടുത്ത ആ ശ്രേഷ്ഠ ഇടയന്റെ പാദാരവിന്ദങ്ങളിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. ❑

# "വൃക്ഷത്തെ ഫലം കൊണ്ടറിയണം"

## സവ്യസാചി

മുൻകാലങ്ങളിൽ എം. എൽ. എ., എം. പി., പഞ്ചായത്ത് - മുൻസിപ്പാലിറ്റികളിലെ മെമ്പർമാർ തുടങ്ങിയവർ തെരഞ്ഞെടുപ്പു കഴിഞ്ഞാൽ അടുത്ത തെരഞ്ഞെടുപ്പു വരുമ്പോഴേ വോട്ടർമാരെപ്പറ്റി ചിന്തിക്കാറുള്ളൂ. എന്നാൽ ജനം പ്രബുദ്ധരായതോടെ അത്തരം കക്ഷികൾക്ക് രണ്ടാമൂഴം നിഷേധിക്കപ്പെട്ടു. മിക്കവാറും എല്ലാവരും തന്നെ ഇപ്പോൾ ഇടക്കെങ്കിലുമൊക്കെ വോട്ടർമാരെ സന്ദർശിക്കുകയും ജനകീയപ്രശ്നങ്ങളിൽ ഇടപെടുകയും ചെയ്യും.

കഴിഞ്ഞ മാനേജിംഗ് കമ്മിറ്റിയിലംഗങ്ങളായിരുന്നവർ ഇപ്പോൾ ജനത്തിന്റെ പ്രബുദ്ധത കണ്ട് അന്തം വിടുകയാണ്. അഞ്ചു വർഷം തെരഞ്ഞെടുത്തു വിട്ടവരെപ്പറ്റി ഒരു ചിന്തയുമില്ലാത്തവർ, ഇപ്പോൾ അച്ചടിച്ച അഭ്യർത്ഥനകളുമായി പ്രതിപുരുഷന്മാരെ വീടുവീടാന്തരം കയറി കാണുന്നു. സ്വന്തം ഇടവകകളിലോ സഭയുടെ പൊതുവായ പ്രശ്നങ്ങളിലോ ഇടപെടാതെ സ്വന്തം താല്പര്യങ്ങൾ സംരക്ഷിക്കുക, തങ്ങളുടെ യജമാനന്മാരെ തൃപ്തിപ്പെടുത്തുക, മാനേജിംഗ് കമ്മിറ്റി മെമ്പർ എന്ന സ്ഥാനമുപയോഗിച്ച് സഭാ സ്ഥാപനങ്ങളിൽ ലാവണങ്ങൾ തരപ്പെടുത്തുക, സഭയുടെ സ്ഥാപനങ്ങളിലെ ജീവനക്കാരാണെങ്കിൽ പ്രമോഷൻ, ട്രാൻസ്ഫർ മുതലായവ സംഘടിപ്പിക്കുക ഇവയൊക്കെയായിരുന്നു അഞ്ചു വർഷത്തെ സഭാ സേവനം. അപൂർവ്വം ചിലരൊക്കെ അങ്ങിനെയല്ലെങ്കിലും ബഹുഭൂരിപക്ഷത്തിന്റെയും സ്ഥിതി ഇതായിരുന്നു.

തങ്ങളെ സന്ദർശിക്കുവാൻ വരുന്ന സ്ഥാനാർത്ഥികളെ പല പ്രതിപുരുഷന്മാരും യഥാവിധി "സൽക്കരിക്കുന്നു"വെന്നാണ് പിന്നാമ്പുറം.

## സ്ഥാനാർത്ഥികളുടെ മിനിമം യോഗ്യതകൾ

1. പതിവായി പള്ളിയിൽ ആരാധനയിൽ സംബന്ധിക്കുന്നവരും പ്രാർത്ഥിക്കുന്നവരും (സന്ധ്യാപ്രാർത്ഥനയും പ്രഭാത നമസ്കാരവുമെങ്കിലും അറിയുന്നവർ) ആയിരിക്കണം.
2. സ്വഭാവദൂഷ്യം, സാമ്പത്തിക ക്രമക്കേടുകൾ എന്നിവയിൽ നിന്നും ഒഴിഞ്ഞു നിൽക്കുന്നവർ.
3. സഭയുടെ വിശ്വാസം, ചരിത്രം, ഭരണഘടന എന്നിവയിൽ അവഗാഹമുള്ളവർ.
4. ഇടവകയുടേയും സഭയുടെ പൊതുവായതുമായ പരിപാടികളിൽ പതിവായി സംബന്ധിക്കുകയും സഹകരിക്കുകയും ചെയ്യുന്നവർ.
5. നിക്ഷിപ്ത താല്പര്യക്കാരുടെ (രാഷ്ട്രീയപ്പാർട്ടികൾ, സഭയെ സ്വന്തം താല്പര്യങ്ങൾക്കായി വിനിയോഗിക്കുന്ന ബിസിനസ്സ് ഗ്രൂപ്പുകൾ, സഭാ സ്ഥാപനങ്ങളിലെ ജീവനക്കാർ, സർവ്വീസിലുള്ള ഗവണ്മെന്റ് ജീവനക്കാർ എന്നിങ്ങനെ) പിണിയാളുകളല്ലാത്തവർ.
6. ഇടവകയ്ക്കും സഭയ്ക്കും വേണ്ടി സമയം കണ്ടെത്താൽ സാധിക്കുന്നവർ (മറ്റ് അനവധി പ്രവർത്തന മേഖലകളിലുള്ളവർക്ക് സഭയുടെ കാര്യങ്ങൾക്ക് സമയം കണ്ടെത്താനാവില്ല).
7. ഇടവകയിലും സഭയിലും തങ്ങളെ ഏൽപ്പിച്ച ജോലികൾ ശരിയായി നിർവ്വഹിച്ചവർ.
8. സഭയിലെ സാധാരണക്കാരെയും സാധുക്കളെയും കരുതുന്നവർ.
9. അബ്കാരി, ബ്ലേഡ് മുതലായ സാമൂഹ്യ തിന്മകൾക്കെതിരെ നിലപാടെടുക്കുന്നവർ.
10. വ്യക്തമായും നിർഭയമായും കാര്യങ്ങൾ അവതരിപ്പിക്കുവാൻ കഴിവുള്ളവർ.

സവ്യന്റെ പാഴ്ബുദ്ധിയിൽ തോന്നിയവയാണിവ. ബുദ്ധിമാന്മാർക്ക് കൂടുതൽ പോയിന്റുകൾ കണ്ടെത്താൻ കഴിയും.

## അൽമായവേദിയെ എങ്ങനെ സഹായിയ്ക്കാം?

**1. അഖില മലങ്കര ഓർത്തഡോക്സ് അൽമായ വേദി എന്ന പ്രസ്ഥാനത്തെയും അതിന്റെ മുഖപത്രമായ 'അൽമായ വേദിയേയും' ഓൺലൈൻ ഡിസ്ക്കഷൻ ഗ്രൂപ്പായ മലങ്കര ഓർത്തഡോക്സ് നവോത്ഥാന പ്രസ്ഥാനത്തെയും പ്രാർത്ഥനയിൽ സ്മരിയ്ക്കുക. 2. അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയിൽ അംഗങ്ങളാകുകയും സജീവമായി പ്രവർത്തിയ്ക്കുകയും ചെയ്യുക. 3. അൽമായക്കാർ സ്വയം സംഘടിച്ച് സംഘടനയുടെ യൂണിറ്റുകൾ രൂപീകരിയ്ക്കുക. 4. സംഘടനയുടെ മുഖപത്രമായ അൽമായ വേദി മാസിക പ്രചരിപ്പിയ്ക്കുക. 5. ഓരോ മാസത്തേയും അൽമായവേദി മാസിക സ്പോൺസർ ചെയ്യുക. 6. പരസ്യം, ഉപകാര സ്മരണ, ചരമ വാർഷികം, വിവാഹ വാർഷികം എന്നിവ പ്രസിദ്ധപ്പെടുത്തി മാസികയെ സഹായിയ്ക്കുക. 7. സംഭാവനകൾ നൽകി സംഘടനയെയും മാസികയെയും ശക്തിപ്പെടുത്തുക. 8. സഭയുടെ പുരോഗമനത്തിനുതകുന്ന നിർദ്ദേശങ്ങളും ലേഖനങ്ങളും അയച്ചുതന്ന് സഹകരിയ്ക്കുക.**

## കോടതിവിധി ലംഘിച്ച വിഘടിതർക്കും ഉദ്യോഗസ്ഥന്മാർക്കുമെതിരെ കോർട്ടലക്ഷ്യ നടപടി സ്വീകരിക്കണം: അൽമായവേദി

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി ജനറൽബോഡി 28-1-07 ലെ യോഗ തീരുമാനങ്ങൾ:- 1. തൃക്കുന്നത്തു സെമിനാരിയിൽ കോടതിവിധി ലംഘിച്ച് പ്രവേശിച്ച യാക്കോബായ വിഭാഗം കാതോലിക്കായ്ക്കും മെത്രാന്മാർക്കും അവർക്ക് ഒത്താശ ചെയ്തു കൊടുത്ത ഉദ്യോഗസ്ഥന്മാർക്കുമെതിരെ കോടതിയലക്ഷ്യ നടപടികൾ സത്വരമായി സ്വീകരിക്കുവാൻ സഭാനേതൃത്വത്തോട് അഭ്യർത്ഥിക്കുന്ന പ്രമേയം അംഗീകരിച്ചു.

2. മലങ്കര വർഗീസ് വധക്കേസ് ത്വരിതപ്പെടുത്തുവാൻ വേണ്ടുന്ന നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചു. 3. നിഷ്ക്രിയത്വത്തിലൂടെ സഭക്ക് നാണക്കേടുണ്ടാക്കിയ ഫാ. ഡോ. എം. ഒ. ജോണിനെ തൽസ്ഥാനത്തു നിന്ന് നീക്കം ചെയ്യുവാനും അങ്കമാലി ഭദ്രാസനത്തിന് ശക്തമായ ഭരണസംവിധാനമുണ്ടാക്കുവാനും സഭാനേതൃത്വത്തോട് അഭ്യർത്ഥിച്ചു.

4. സഭയുടെ ഈദൃശ്യമായ പ്രശ്നങ്ങളെ ഫലപ്രദമായി നേരിടുവാൻ വിവിധ രംഗത്തുള്ള പ്രൊഫഷണലുകളെ സംഘടിപ്പിച്ച് പ്രവർത്തിക്കുവാൻ തീരുമാനിച്ചു. 5. സത്വരമായി സഭയ്ക്ക് ക്രൈസിസ് മാനേജ്മെന്റ് സെൽ രൂപീകരിക്കുവാൻ സഭാ നേതൃത്വത്തോട് അഭ്യർത്ഥിച്ചു.

പ്രസിഡണ്ട് ശ്രീ. കെ. വി. ഏബ്രഹാം കൊടുവത്ത് അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി തോമസ് ചാണ്ടി, ഫീലിപ്പോസ് പോട്ടയ്ക്കാവയലിൽ, എം. കുര്യൻ തോമസ്, ജോയ്സ് തോട്ടയ്ക്കാട് തുടങ്ങിയവർ പ്രസംഗിച്ചു.

# വൈദീക പുനർവിവാഹം: പുനർചിന്തനം ആവശ്യം

## എം. കുര്യൻ തോമസ്

2006 നവംബർ മാസത്തിൽ കൂടിയ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് വൈദീകരുടെയും ബസ്ക്വാമ്മാരുടെയും പുനർവിവാഹം അനുവദിച്ചു എന്ന് സുന്നഹദോസ് തീരുമാനങ്ങൾ സംബന്ധിച്ച പത്രക്കുറിപ്പിലുണ്ട്. ഗൗരവമായ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന ഈ നടപടി അതിശക്തമായ വിമർശനങ്ങൾ ഏറ്റുവാങ്ങിക്കഴിഞ്ഞു.

ഒന്നാമതായി, ഇപ്രകാരം ഒരു തീരുമാനം ആവശ്യമുണ്ടായിരുന്നോ എന്ന ചോദ്യം ഉയർന്നിട്ടുണ്ട്. രണ്ടാമതായി, ഇത്തരം തീരുമാനങ്ങൾ എടുക്കുമ്പോൾ മുമ്പ് പ. സുന്നഹദോസ് അനുവർത്തിച്ചുവരുന്ന കീഴ്വഴക്കമനുസരിച്ച് പഠന കമ്മീഷനുകളെ നിയോഗിക്കുകയോ അവയുടെ റിപ്പോർട്ടുകൾ പരിഗണിക്കുകയോ ചെയ്യാതെ തിടുക്കത്തിൽ ഇപ്രകാരം ഒരു തീരുമാനമെടുത്തതും രൂക്ഷവിമർശനത്തിനു വിധേയമായിട്ടുണ്ട്. നൂറ്റാണ്ടുകളായി നിലനിൽക്കുന്ന ഒരു സഭാപാരമ്പര്യത്തെ ഇത്രയും ലാഘവബുദ്ധിയോടെ ഉദാരവൽക്കരിച്ചതിന് ഒരു തരത്തിലും ന്യായീകരണമില്ല.

പോർട്ടുഗീസ് പൂർവകാലത്തെ നസ്രാണി വൈദീകർ പ്രായേണ വിവാഹിതരായിരുന്നു. മലങ്കര നസ്രാണികൾ അന്ന് ബന്ധപ്പെട്ടിരുന്ന പൗരസ്ത്യ കൽദായ സുറിയാനിസഭയുടെ കാനോൻ നിയമപ്രകാരം പട്ടക്കാർക്ക് വിവാഹം അനുവദിച്ചിരുന്നു. ആ സഭയുടെ ക്രിസ്തുവർഷം 486-ലെ മാർ അക്വാക്വസ് കാതോലിക്കായുടെ കാനോൻ *പാപത്തിൽ നിന്നും ഒഴിഞ്ഞിരിക്കാൻ* വൈദീക വിവാഹത്തെ പ്രോൽസാഹിപ്പിക്കുന്നുമുണ്ട്. ആർച്ച്ബിഷപ്പ് മെനസീസിന്റെ ചരിത്രകാരനായ ഗുവയാ നസ്രാണി വൈദീകർ രണ്ടും മൂന്നും പ്രാവശ്യം പുനർവിവാഹം നടത്തുകയും ബഹുഭാര്യത്വം അനുവർത്തിക്കുകയും ചെയ്യുന്നതായി ആരോപിക്കുന്നുണ്ട്. പക്ഷേ ക്രിസ്തുവർഷം 1500-ൽ പോർട്ടുഗീസ് കപ്പിത്താൻ പെഡ്രോ അൽവാറീസ് കബ്രാളിനോടൊപ്പം യൂറോപ്പിലെത്തിയ കൊടുങ്ങല്ലൂർ സ്വദേശി *ഇന്ത്യാക്കാരൻ ജോസഫ്* എന്ന കത്തനാരുടെ വിവരണത്തിൽ, കത്തനാർമാർ ബ്രഹ്മചര്യം പാലിച്ചിരുന്നതായിയാണ് കാണുന്നത്. ഗോവാസ് എന്ന ചരിത്രകാരൻ *വൈവാഹിക പാതിവ്രത്യം* എന്ന നിലയിലാണ് ഈ പ്രസ്താവനയെ വ്യാഖ്യാനിക്കുന്നത്. പേർഷ്യൻ സഭയുടെ കാനോൻ, ഭാര്യയുടെ മരണശേഷം വൈദീകർക്ക് പുനർവിവാഹം അനുവദിച്ചിട്ടുണ്ട് (മാർ അക്വാക്വിന് കാതോലിക്കായുടെ ക്രിസ്തുവർഷം 486-ലെ സുന്നഹദോസിന്റെ 13-ാം കാനോൻ). അതിനാൽ കൊളോണിയൽപൂർവ കാലത്തെ കത്തനാർമാർ ഭാര്യയുടെ മരണശേഷം പുനർവിവാഹം നടത്തിയിരുന്നതായി അനുമാനിക്കുന്നതിൽ തെറ്റില്ല. പേർഷ്യൻസഭ വിവാഹത്തെ സപ്ത കൂദാശകളിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നതും പരിഗണനാർഹമാണ്.

1657-ലെ ഉദയംപേരൂർ സുന്നഹദോസ് വൈദീകവിവാഹം നിരോധിക്കുകയും വിവാഹിത പുരോഹിതരെക്കൊണ്ട് നിർബന്ധപൂർവ്വം വിവാഹമോചനം നടത്തിക്കുകയും ചെയ്തു. 1653-ലെ കൂനൻകുരിശു സത്യത്തെ തുടർന്ന് വൈദീക വിവാഹാനുമതി പുനഃസ്ഥാപിച്ചു. പക്ഷേ അര നൂറ്റാണ്ടിലധികം കാലത്തെ പ്രചണ്ഡമായ റോമൻ കത്തോലിക്കാ പ്രചരണ തന്ത്രങ്ങൾ മൂലം വൈദീകരുടെ ബ്രഹ്മചര്യം മലങ്കര നസ്രാണികളുടെ ഇടയിൽ തുടർന്നു. 17, 18 നൂറ്റാണ്ടുകളിൽ മലങ്കരയിലെത്തിയ പാശ്ചാത്യ സുറിയാനി മെത്രാന്മാർ നിരന്തരം പ്രോൽസാഹിപ്പിച്ചിട്ടും വൈദീക വിവാഹകാര്യത്തിൽ കാര്യമായ പുരോഗതി ഉണ്ടായില്ല. നസ്രാണി വൈദീകരുടെ വിവാഹം വിലക്കുവാൻ വരാപ്പുഴ റോമൻ കത്തോലിക്കാ ബിഷപ്പ് കൊച്ചീ രാജാവിനു കൈക്കൂലി കൊടുത്തതായും ആരോപണമുണ്ട്. 1748-ൽ വന്ന വിഗ്രഹഭംഞ്ജകനായ മാർ ഈവാനിയോസ് *കണ്ടനാട്ടു കൊമ്പനും, മാമലച്ചേരി കോനാടനും, മുളംതുരുത്തിൽ ചന്ദനത്തിക്കും തെക്കേദിക്കിൽ ചാത്തന്നൂക്കാരനും ഇങ്ങനെ നാലു കത്തങ്ങളെക്കൊണ്ടു പെണ്ണുകെട്ടിക്കയും* ചെയ്തതായി *നിരണം ഗ്രന്ഥവരി* രേഖപ്പെടുത്തുന്നു.

വൈദീക വിവാഹകാര്യത്തിൽ പിന്നീട് പുരോഗതി ഉണ്ടായത് 19-ാം നൂറ്റാണ്ടിലാണ്. 1815-ൽ നസ്രാണികളോട് സഹവാസം ആരംഭിച്ച ബ്രിട്ടീഷ് മിഷനറിമാർ ഇക്കാര്യത്തിൽ വളരെ ശുഷ്കാന്തി കാണിച്ചു. വൈദീകവിവാഹം പ്രോത്സാഹിപ്പിക്കുവാൻ പല മാർഗ്ഗങ്ങൾ അവർ അവലംബിച്ചു. വിവാഹം ചെയ്യുന്ന ആദ്യ പട്ടക്കാരന് കേണൽ മൺട്രോ 400 രൂപ സമ്മാനം വാഗ്ദാനം ചെയ്തു. ഏതായാലും തുടർന്ന് വൈദീക വിവാഹത്തിന്റെ അസ്പർശ്യത നീങ്ങിത്തുടങ്ങി. 19-ാം നൂറ്റാണ്ടിൽ കേരളത്തിലുണ്ടായിരുന്ന പാശ്ചാത്യ സുറിയാനി മെത്രാൻ യൂയാക്കിം മാർ കുറിലോസ് വൈദീക വിവാഹത്തിനനുകൂലമായി കർശന നിലപാടെടുത്തു. *പെൺകെട്ടു കൂടാതെ പട്ടമില്ലെന്നു കൂറിലോസിന്റെ ചട്ടം* എന്ന വേങ്ങൂർ പള്ളി ലിഖിതം നൽകുന്ന സൂചന ഇതാണ്.

വൈദീക വിവാഹം അനുവദിച്ചെങ്കിലും അവരുടെ പുനർവിവാഹവും വിധവാ വിവാഹവും സഭ അംഗീകരിച്ചിരുന്നില്ല. പക്ഷേ പ്രൊട്ടസ്റ്റന്റു പക്ഷപാതികളായ അനേകം വൈദീകർ ഇക്കാലത്ത് പുനർവിവാഹം നടത്തി. അല്ലെങ്കിൽ പുനർവിവാഹം നടത്തിയ അനേകം വൈദീകർ ഇക്കാലത്ത് പ്രൊട്ടസ്റ്റന്റു പക്ഷപാതികളായി. 1876-ൽ മലങ്കരയിലെത്തിയ പ. പത്രോസ് പാത്രിയർക്കീസ് ഇത്തരത്തിൽ *സന്മാർഗഭ്രംശനം* നടത്തിയ അനേകം പുരോഹിതരെ നിഷ്ക്കരുണം മുടക്കിയതിനു രേഖകളുണ്ട്. 1887-ലെ റോയൽ കോർട്ടുവിധിക്കു ശേഷം ഇരുവിഭാഗങ്ങളും തമ്മിൽ യോജിപ്പിലെത്താതെ നവീകരണപക്ഷക്കാർ സ്വതന്ത്രസഭ സ്ഥാപിച്ചു മാറിപ്പോയതിന്റെ പ്രധാന കാരണങ്ങളിലൊന്നും പുനർവിവാഹിത പട്ടക്കാരോടുള്ള ഔദ്യോഗിക പക്ഷത്തിന്റെ അയവില്ലാത്ത നിലപാടാണെന്നു പറയപ്പെടുന്നുണ്ട്.

വൈദീക വിവാഹം സാർവത്രികമാക്കാൻ വൈദീകരായശേഷം വിവാഹിതരായവരോട് ഉദാരമായ സമീപനമാണ് സഭ അന്ന് സ്വീകരിച്ചത്. ഉദാഹരണത്തിന്, കോനാട്ടു മാത്തൻ മല്പാന് പിന്നീട് വിവാഹിതനാകണം എന്ന നിബന്ധനയോടെയാണ് പ. പത്രോസ് തൃതീയൻ പാത്രിയർക്കീസ് മ്ശംശോനോപട്ടം നൽകിയത്. ഇന്ന് മലങ്കരസഭ വി. മൂറോൻ കൂദാശയ്ക്കായി പ്രത്യേകം പട്ടം കെട്ടുന്ന മ്ശംശോനോമാരെ മാത്രമാണ് പിന്നീട് വിവാഹം ചെയ്യുവാൻ അനുവദിച്ചിട്ടുള്ളത്.

മലങ്കരസഭ ഇന്നു പിന്തുടരുന്ന അന്തോഖ്യൻ സഭാവിജ്ഞാനീയവും അതിന്റെ നിയമാവലിയായ ഹൂദായകാനോനും അനുസരിച്ച് മ്ശംശോനെ (പൂർണ്ണ ശെമ്മാശൻ), കശ്ശീശ എന്നിവർക്ക് വിവാഹം നിഷിദ്ധമാണ്. വിവാഹിതരാകേണ്ടവർ അതിനുമുമ്പ് വിവാഹിതരായിരിക്കണം എന്നതാണ് ചട്ടം. നെവോ കെസറിയായുടെ 1-ാം നിശ്ചയം *ഒരു കശീശയോ ശെമ്മാശനോ വിവാഹം ചെയ്താൽ സ്ഥാനത്തു നിന്നും പതിച്ചുപോകും* (ഹൂദായ 7:4) എന്നതാണ് ഇതിന്റെ അടിസ്ഥാന പ്രമാണം. ശ്ലീഹന്മാരുടെ 16, 17 കാനോനനകൾ (ഹൂദായ 7:5) ഇതിനു കൂടുതൽ വിശദീകരണം തരുന്നു. ഇവയൊക്കെയും ഒന്നാം വിവാഹത്തെപ്പറ്റിയുള്ള നിയമങ്ങളാണ്. എന്നാൽ ഇഗ്നാത്തിയോസ് പാത്രിയർക്കീസിന്റെ തീരുമാനപ്രകാരം (ഹൂദായ 7:6) പരിമിതമായ തോതിൽ ശെമ്മാശന്മാർക്ക് പുനർവിവാഹം അനുവദിച്ചിട്ടുണ്ട്. ഭാര്യ മരിച്ചുപോയാൽ, അവരുമായി യാതൊരു ശാരീരിക സ്പർശനവും നടത്തിയിട്ടില്ലാത്ത ശെമ്മാശന്മാരെ പുനർവിവാഹം ചെയ്യാനും കശീശാ സ്ഥാനമേൽക്കാനും ഈ നിയമം അനുവദിക്കുന്നുണ്ട്. എന്നാൽ ഈ ഇളവ് ഭാര്യ മരിച്ച വൈദീകർക്ക് ബാധകമല്ല.

വൈദീകരുടെ പുനർവിവാഹം എന്നത് ഒരിക്കലും പാശ്ചാത്യ സുറിയാനി സഭാവിജ്ഞാനീയം ചിന്തിച്ചിട്ടുപോലുമില്ല. കാരണം, അവൈദീകരുടെ പുനർവിവാഹത്തെപ്പോലും പാശ്ചാത്യ സുറിയാനിസഭ അത്ര അനുഭാവപൂർവമല്ല പരിഗണിച്ചിരുന്നത്. *രണ്ടാം വിവാഹം ക്ഷന്തവ്യവും, മൂന്നാം വിവാഹം നിയമരഹിതവും അതിനുശേഷമുള്ളത് പന്നികൾക്കടുത്ത പ്രവർത്തി*യായുമാണ് ഹൂദായ കാനോൻ വിവക്ഷിച്ചിരിക്കുന്നത് (ഹൂദായ 8:2, ഹൂദായ, ലവദോക്യ, നെവോ കെസറിയ, ബസേലിയോസ് റാബോ, തേവോലോഗോസിന്റെ 47-ാം മിമ്ര). ഇത്തരം കർശനമായ ഒരു നിലപാട് അവൈദീകരെപ്പറ്റി സ്വീകരിക്കുന്ന സഭ, തീർച്ചയായും വൈദീകരുടെ പുനർവിവാഹം സംഭവ്യമെന്ന് ചിന്തിച്ചിട്ടുപോലും ഉണ്ടാകില്ല.

വൈദീകരുടെ പുനർവിവാഹാനുമതി സാങ്കേതികമായ ഒരു പ്രശ്നവും ഉയർത്തുന്നുണ്ട്. ഇപ്പോൾ അനുവാദം നൽകിയിരിക്കുന്നത് *നിയമപ്രകാരം വിവാഹിതനായശേഷം മ്ശംശോനോയും കശ്ശീശയുമായവർക്ക് ഭാര്യ മരിച്ചശേഷം പുനർവിവാഹം ചെയ്യാം* എന്നാണ് മനസ്സിലാക്കുന്നത്. അങ്ങനെയെങ്കിൽ വിവാഹിതനാകാതെ വൈദീകരായവർക്ക് പിന്നീട് ആദ്യ വിവാഹം നൽകാൻ അനുവാദമുണ്ടോ എന്ന ചോദ്യം ഉയരുന്നു. അപൂർവമായി അപ്രകാരം ചെയ്തവരെ വി. കുർബാന അർപ്പിക്കുന്നതിൽ നിന്നു വിലക്കിയ സമീപകാല ചരിത്രമാണ് സഭയ്ക്കുള്ളത്. ഇത്തരം വിലക്കിനു വിധേയരായവരിൽ മലങ്കരസഭാംഗവും ലോകപ്രശസ്തനുമായ ഒരു വേദശാസ്ത്രജ്ഞനും ഉൾപ്പെടും എന്നത് സഭ എത്രമാത്രം ഗൗരവപൂർവമാണ് ഈ വിഷയത്തെ വീക്ഷിച്ചിരുന്നതെന്നു വ്യക്തമാക്കുന്നു. അഥവാ അപ്രകാരം ആദ്യ വിവാഹ അനുമതിയുമുണ്ടെങ്കിൽ മ്ശംശോനോ ആകുന്നതിനുമുമ്പ് വിവാഹം ചെയ്യണമെന്ന പൂർവിക നിയമത്തിനു ഇനി പ്രസക്തിയില്ല. കശ്ശീശാമാരായതിനു ശേഷം വിവാഹം ചെയ്യാൻ പൊതുവായ അനുമതി നൽകുകയാകും യുക്തം.

ഈ സുന്നഹദോസ് തീരുമാനം ധാർമ്മികമായ ഒരു ചോദ്യവും ഉയർത്തുന്നുണ്ട്. നസ്രാണികളെ സംബ

*(ശേഷം 5-ാം പേജിൽ)*

# ക്രിസ്തുസഭയുടെ കെട്ടുപണിക്ക് തെരഞ്ഞെടുത്തത് മീൻപിടുത്തക്കാരെയാണ്

## കെ. പി. കുര്യാക്കോസ്, പുതുപ്പള്ളി

സഭാ ട്രസ്റ്റി സ്ഥാനത്തേക്കും മാനേജിംഗ് കമ്മറ്റിയിലേക്കും തെരഞ്ഞെടുപ്പ് അടുക്കുംതോറും മുൻ മാനേജിംഗ് കമ്മിറ്റി അംഗങ്ങളും, സഭ വക സ്ഥാപനങ്ങളിലെ ജീവനക്കാരും ഗവ. ജീവനക്കാരും, ചില രാഷ്ട്രീയ പാർട്ടികളുടെ കുട്ടിനേതാക്കളും അവരവരുടെ വിദ്യാഭ്യാസയോഗ്യത, സമുദായ രാഷ്ട്രീയ സാംസ്കാരിക രംഗങ്ങളിലെ തങ്ങളുടെ മികവുകൾ, വിദ്യാഭ്യാസയോഗ്യതകൾ തുടങ്ങിയവയെല്ലാം സ്വയം പുകഴ്ത്തി, അച്ചടിച്ച അഭ്യർത്ഥനകളും കളർഫോട്ടോ വച്ച കാർഡുകളുമായി (കാർഡ് സൂക്ഷിച്ചുവയ്ക്കാൻ മറുവശത്ത് 2007 ലെ കലണ്ടറും ഒരാൾ ചേർത്തിട്ടുണ്ട്) വാഹനങ്ങളിൽ പരിവാരങ്ങളുമായി അസോസ്യേഷൻ മെമ്പറന്മാരെ ഒന്നും രണ്ടും തവണ സന്ദർശിക്കുന്നു. ചില വീരന്മാർ ചെല്ലുംചെലവും കൊടുത്ത് വൈദികരെയും കൂടെ കൂട്ടുന്നു.

വ്യക്തമായി പറഞ്ഞാൽ, മറ്റു സ്ഥാപനങ്ങളിലും ഗവ. സ്ഥാപനങ്ങളിലും സഭാ സ്ഥാപനങ്ങളിലും ജോലി ഉള്ളവർ പേരും പെരുമയ്ക്കുമായിട്ടാണ് സഭാനേതൃത്വത്തിലേയ്ക്ക് മത്സരിക്കുന്നത്. കാരണം, സഭാ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ അത് എന്ത് എന്നന്വേഷിക്കുവാൻ പോലും പോകാത്തവരും സ്ഥാനാർത്ഥികളാണ്. നമ്മുടെ സഭയുടെയും സഭാപിതാവിന്റെയും പേരുകൾ പോലും അറിയാത്ത വീരന്മാരും പ്രചാരണരംഗത്ത് മുൻപന്തിയിലാണ്. *മാനേജിംഗ് കമ്മിറ്റി*യിലേക്കാണ് മത്സരിക്കുന്നതെന്നു പോലും അറിയാൻമേലാത്ത, *മാനേജ്മെന്റ് കമ്മിറ്റി*യിലേയ്ക്ക് മത്സരിക്കുന്നു എന്നെഴുതിയിരിക്കുന്ന ഒരാളുടെ അഭ്യർത്ഥനയും കണ്ടു.

കർത്താവ് തന്റെ സഭയുടെ കെട്ടുപണിക്ക് പരീശന്മാരെയും ശാസ്ത്രിമാരെയും ഉൾപ്പെടുത്താതെ മുക്കുവന്മാരായ മീൻപിടുത്തക്കാരെയാണ് തെരഞ്ഞെടുത്തത്. കച്ചവടക്കാരെയും ചുങ്കക്കാരെയും അടിച്ചോടിച്ചു. നമ്മുടെ സഭയിൽ ഇന്ന് അധികാരത്തിനു വേണ്ടി ചുങ്കക്കാരും പരീശന്മാരും ശാസ്ത്രിമാരും തങ്ങളുടെ ചുങ്കപ്പിരിവിന്റെയും കച്ചവടത്തിന്റെയും ലൗകിക ജ്ഞാനത്തിന്റെയും മാറ്റുകൾ വാറോലകളായി പ്രചരിപ്പിച്ച് വോട്ടു നേടുന്നത് കാണുമ്പോൾ ചാട്ടവാറെടുക്കാൻ ഇവിടാരുമില്ലേ എന്ന് ചിന്തിച്ചുപോകുന്നു.

നമ്മൾ വിദ്യാഭ്യാസമുള്ളവരെയും ഡോക്ടറേറ്റ് ഉള്ളവരെയും വ്യവസായ പ്രമുഖരെയും ഭരണക്കാരാക്കി. മെത്രാപ്പോലീത്താമാരാക്കി. വിദ്യാഭ്യാസം കുറഞ്ഞ മലങ്കര വർഗ്ഗീസിനെ കൊന്നിട്ട് പ്രതികരിക്കാത്ത മുൻ മാനേജിംഗ് കമ്മറ്റി അംഗങ്ങൾ വീണ്ടും മത്സരരംഗത്തുണ്ട്. ഈയിടെ തൃക്കുന്നത്ത് വിഘടിത മെത്രാച്ചന്മാർ സൈ്വരവിഹാരം നടത്തിയപ്പോൾ ഈ സ്ഥാനാർത്ഥികൾ എവിടെയായിരുന്നു? ഇവർ വോട്ടു പിടിച്ചു നടക്കുന്നത് സഭയ്ക്കു വേണ്ടിയോ? അതുകൊണ്ട് വീറും കൂറും ഉള്ള, തെറ്റു ചൂണ്ടിക്കാട്ടി പ്രതികരിക്കാൻ പ്രതികരണശേഷിയുള്ള, മറ്റു ജോലിഭാരമില്ലാത്ത വലിയ വിദ്യാഭ്യാസയോഗ്യതയില്ലാത്തവരെ തെരഞ്ഞെടുത്ത് സഭയെ രക്ഷിക്കണം.

# വാർത്ത കണ്ടില്ല!

## മാത്യു ജോൺ കൊട്ടാരക്കര

കഴിഞ്ഞ ദോഹ ഏഷ്യൻ ഗെയിംസിൽ വെങ്കല മെഡൽ നേടിയ പാമ്പാക്കുട വലിയപള്ളി ഇടവകാംഗം സിനിമോൾ പൗലൂസിനെ ജനുവരി 3 ന് പ. ബാവാ തിരുമേനി ദേവലോകത്തു വച്ച് കാതോലിക്കേറ്റ് അവാർഡ് സമ്മാനിച്ച് ആദരിക്കുകയുണ്ടായി. ഇത്രയും പരസ്യമായും ഔദ്യോഗികമായും ഒരു ബഹുമതി നൽകിയിട്ട് അതിന്റെ ഒരു വാർത്ത പോലും ഇന്നുവരെ ഒരു പത്രത്തിലും കണ്ടില്ല. ഇതിനുത്തരവാദിത്വപ്പെട്ട സഭയുടെ മാധ്യമസെൽ എന്തു ചെയ്യുകയായിരുന്നു?

മുമ്പ് ഏഷ്യാഡ് സ്വർണ്ണം നേടിയ ഓർത്തഡോക്സ് സഭാംഗമായിരുന്ന ഷൈനി ഏബ്രഹാമിനെ (ഇപ്പോൾ ഷൈനി വിൽസൺ) പ. മാത്യൂസ് പ്രഥമൻ ബാവാ ദേവലോകത്തു വിളിച്ചു വരുത്തി അഭിനന്ദിച്ചത് ഒരു മാധ്യമസെല്ലും ഇല്ലാതിരുന്നിട്ടും പത്രങ്ങളിൽ ചിത്രത്തോടു കൂടിയ വാർത്തയായിരുന്നു. ഈ സംഭവത്തിനു വേണ്ട പ്രാധാന്യം കൊടുക്കാതിരുന്നത് അവാർഡ് നൽകിയ പ. ബാവായെയും സ്വീകരിച്ച സിനിമോളെയും അപമാനിച്ചതിനു തുല്യമാണ്. ബഹുമാനിച്ചില്ലെങ്കിലും അപമാനിക്കരുത്.

# പാത്രിയർക്കീസിന്റെ സന്ദർശനം റദ്ദാക്കി

എറണാകുളം: ഫെബ്രുവരിയിൽ നടത്താൻ നിശ്ചയിച്ചിരുന്ന സഖാ പ്രഥമൻ പാത്രിയർക്കീസിന്റെ കേരള സന്ദർശനം റദ്ദാക്കി. ആരോഗ്യ പ്രശ്നങ്ങളാണ് കാരണമായി പറയുന്നതെങ്കിലും പുത്തൻകുരിശു സൊസൈറ്റിയിലെ രൂക്ഷമായ അഭിപ്രായ ഭിന്നതയാണ് സന്ദർശനം റദ്ദാക്കാനുള്ള യഥാർത്ഥ കാരണമെന്ന് അറിയുന്നു.

# കൂനൻകുരിശ് സത്യം 354-ാമത് വാർഷിക ദിനാഘോഷം കൊണ്ടാടി

മട്ടാഞ്ചേരി: ചരിത്രപ്രസിദ്ധമായ കൂനൻകുരിശ് സത്യത്തിന്റെ 354-ാമത് വാർഷിക ദിനാചരണം മട്ടാഞ്ചേരി സെന്റ് ജോർജ്ജ് ഓർത്തഡോക്സ് സുറിയാനിപള്ളിയിൽ ആഘോഷമായി കൊണ്ടാടി. രാവിലെ വി. കുർബ്ബാന, വൈകിട്ട് സന്ധ്യാനമസ്കാരത്തെ തുടർന്ന് ഭക്തജനങ്ങൾ കൂനൻകുരിശ് സത്യസ്മരണാ കുരിശിങ്കലേക്ക് പദയാത്രയായി വന്ന് 354 തിരികൾ കൊളുത്തി. വികാരി ഫാ. ജോൺ ജോർജ്ജ് കാതോലിക്കേറ്റ് പതാക ഉയർത്തി, സഭയോടും പിതാക്കൻമാരോടുമുള്ള വിശ്വാസപ്രഖ്യാപന പ്രതിജ്ഞ ചൊല്ലിക്കൊടുത്തത് ജനം ഏറ്റുചൊല്ലി. മാർത്തോമ്മാ ശ്ലീഹാ മുതൽ ഇന്നോളം സഭയെ നയിച്ച എല്ലാ പിതാക്കൻമാരെയും പ്രത്യേകാൽ കൂനൻകുരിശ് സത്യം ചെയ്ത പിതാക്കന്മാരെ അനുസ്മരിച്ച് പ്രത്യേക പ്രാർത്ഥന, പ്രബോധനം, ധൂപപ്രാർത്ഥന മധുര വിതരണം ഇവയോടെ ചടങ്ങുകൾ സമാപിച്ചു.

*കഴിഞ്ഞവർഷം അൽമായവേദിയുടെ സഹകരണത്തോടെ ഈ പള്ളിയിൽ കൂനൻകുരിശ് സെമിനാർ നടത്തുകയുണ്ടായി. അത് തുടർന്നും ഈ ഇടവകയിൽ നടത്തപ്പെടുന്നു എന്നറിയുന്നതിൽ അൽമായവേദിക്ക് ചാരിതാർത്ഥ്യമുണ്ട്. - എഡിറ്റർ*

**ഓഫ് സൈഡ് - ഓഫ് സൈഡ്**

# പകർപ്പവകാശം ആർക്ക്?

പുത്തൻകുരിശു സൊസൈറ്റി എന്ന പദപ്രയോഗം ആ വിഭാഗത്തിന്റെ മാധ്യമത്തെ ചൊടിപ്പിച്ചിരിക്കുന്നു. ബാവാ കക്ഷി - മെത്രാൻകക്ഷി എന്ന പേരാണവർക്ക് പഥ്യം. അന്ത്യോഖ്യാപാത്രിയർക്കീസിന്റെയും മലങ്കരമെത്രാപ്പോലീത്തായുടെയും നേതൃത്വത്തിൽ രണ്ടു വിഭാഗങ്ങൾ മലങ്കരസഭയിലുണ്ടായിരുന്നത് പല മാറ്റങ്ങൾക്കും വിധേയമായത് മേൽപ്പടി മാധ്യമങ്ങൾ അറിഞ്ഞില്ലേ?

പുത്തൻകുരിശു സൊസൈറ്റി ദമസ്ക്കോസിലിരിക്കുന്ന സഖാപ്രഥമൻ പാത്രിയർക്കീസിന്റെ ബ്രാഞ്ചാണോ? അതെങ്ങിനാ, ദമസ്ക്കോസിലെ സഭയുടെ പേര് സിറിയൻ ഓർത്തഡോക്സ് എന്നല്ലേ? യാക്കോബായ എന്ന പദപ്രയോഗം അവിടുത്തെ മേൽപ്പട്ടക്കാരെ ചൊടിപ്പിക്കും എന്നു പറഞ്ഞത് മീനങ്ങാടിയിലെ യൂഹാനോൻ മാർ പീലക്സീനോസ് മെത്രാച്ചനാണ്. ദോഷം പറയരുതല്ലോ അങ്ങേരുടെ അരമനയുടെ ബോർഡും സിറിയൻ ഓർത്തഡോക്സ് എന്നു തന്നെയാണ്. ഈ പുത്തൻകുരിശുസൊസൈറ്റി എന്ന പേരിന്റെ ഉപജ്ഞാതാക്കൾ മലങ്കര ഓർത്തഡോക്സ് സഭക്കാരല്ല. പാത്രിയർക്കീസ് ബാവായുടെ വിശ്വസ്ഥനെന്ന് ഇപ്പോഴും അവകാശപ്പെടുന്ന മുൻ ഐ. എ. എസ്. കാരൻ ബാബു പോളാണ്. തോമസ് പ്രഥമൻ കാതോലിക്കാ (മഫ്രിയാന) വാഴിക്കപ്പെട്ടപ്പോൾ ആ നടപടിയെപ്പറ്റി അദ്ദേഹം വിശദീകരിച്ചത്, അദ്ദേഹം പുത്തൻകുരിശ് ആസ്ഥാനമായുള്ള സൊസൈറ്റിയുടെ കാതോലിക്കായാണ് എന്നായിരുന്നു (ടെലിവിഷൻ ചാനലുകളിലൂടെ ലോകം മുഴുവൻ കണ്ട ഒരു പ്രസ്താവനയായിരുന്നു അത്). അതുകൊണ്ട് പുത്തൻകുരിശുസൊസൈറ്റിയുടെ ധാർമ്മികരോഷം അങ്ങോട്ട് വഴിതിരിച്ചു വിട്ടാലും.

മുഖലേഖനം

# മലങ്കര നസ്രാണികൾ ജാഗ്രത പുലർത്തേണ്ട കാലം

പുതുവത്സരത്തിന്റെ ആദ്യ ലക്കത്തിലേക്ക് വായനക്കാരെ ഹാർദ്ദമായി സ്വാഗതം ചെയ്യട്ടെ. അൽമായവേദി എന്ന പ്രസിദ്ധീകരണം 12 പതിവ് ലക്കങ്ങളും നാല് സപ്ലിമെന്റും ആദ്യ വർഷം തന്നെ പ്രസിദ്ധീകരിക്കുവാൻ സാധിച്ചതിൽ ഞങ്ങൾ അതീവ കൃതാർത്ഥ രാണ്. ഈ പ്രസിദ്ധീകരണത്തെ സ്നേഹിക്കുന്നവർക്കും എതിർക്കുന്നവർക്കും അവരു ടേതായ കാരണങ്ങളുണ്ടാകാം. പക്ഷേ, ആർക്കും അവഗണിക്കാനാവാത്ത ഒരു സാന്നിദ്ധ്യ മായി ഈ പ്രസിദ്ധീകരണത്തിന് നിലകൊള്ളുവാൻ സാധിക്കുന്നത് ദൈവീക നടത്തി പ്പായി ഞങ്ങൾ കാണുന്നു. പലരോടും ഞങ്ങൾ കടപ്പെട്ടിരിക്കുന്നു. വരിക്കാർ, വായന ക്കാർ, തെറ്റുകൾ ചൂണ്ടിക്കാണിക്കുന്നവർ, സാമ്പത്തിക സഹായം നൽകിയവർ, ലേഖകർ, അൽമായവേദി പ്രവർത്തകർ, പ്രോത്സാഹനം തന്നവർ... പട്ടിക വളരെ നീണ്ടതാണ്. പ്രസിദ്ധീകരണമാരംഭിച്ച വർഷം തന്നെ ഇന്റർനെറ്റ് എഡീഷനും തുടങ്ങുവാൻ കഴിഞ്ഞത് ഒരുപക്ഷേ, അപൂർവ്വമായ ഒരു നേട്ടമായിരിക്കാം. പ്രത്യേകാൽ സ്മരിക്കേണ്ട മറ്റൊരു കൂട്ടരുണ്ട്. അൽമായവേദിയെ തകർക്കുമെന്ന് ഭീഷമ്പ്രതിജ്ഞ എടുത്തവർ. അവർ ഞങ്ങ ൾക്ക് നൽകിയ ഉത്തേജനം ചില്ലറയായിരുന്നില്ല. അവരിൽ ചിലർ ഞങ്ങളുടെ അഭ്യുദയ കാംക്ഷികളായിത്തീർന്നിട്ടുണ്ട് - തിരിച്ചും. അൽമായവേദി അതിന്റെ പ്രവാചക ധർ മ്മത്തെ മുറുകെപ്പിടിക്കുമ്പോളുണ്ടാകുന്ന ചില അനിവാര്യതകളായി ഞങ്ങൾ ഇവയെ കാണുന്നു.

സ്വാതന്ത്ര്യത്തിന്റെ വില നിതാന്ത ജാഗ്രതയാണെന്നുള്ള ആപ്തവാക്യം മലങ്കര സഭ യ്ക്ക് കൂടുതൽ അനുയോജ്യമാണ്. അധിനിവേശ ശക്തികളായ ചുമലിലിരിക്കുന്ന വേതാ ളത്തെ കുലുക്കിയകറ്റുന്ന ശ്രമകരമായ ദൗത്യം പൂർത്തിയാക്കി ഒരു ദീർഘ നിശ്വാസത്തി ന്റെ ഇടവേളയിൽ മറ്റൊരു വേതാളത്തെ ചുമലിലേറ്റാനുള്ള ദുര്യോഗം ഈ സഭയ്ക്ക് ആവർത്തിച്ചാവർത്തിച്ചുണ്ടായിരിക്കുന്നു. എന്നാലിന്നത്തെ ഭീഷണി സഭയ്ക്കുള്ളിൽ നിന്നുകൊണ്ട് ബാഹ്യശക്തികൾക്ക് വിടുപണി ചെയ്യുന്ന അഞ്ചാംപത്തികളിൽ നിന്നാണ്. പുത്തൻകുരിശു സൊസൈറ്റിയുടെ ഏജന്റന്മാരായ ചില "ജന്മം കൊണ്ട് ഓർത്തഡോ ക്സുകാർ" എന്നവകാശപ്പെടുന്നവരെ മാത്രമല്ല ഇവിടെ വിവക്ഷിക്കുന്നത്. സെക്ടേറിയൻ സഭകളുടെ, രാഷ്ട്രീയപ്പാർട്ടികളുടെ (ഇടതും വലതും നടുവും എല്ലാം), ബിസിനസ്സ് താല്പര്യങ്ങളുടെ എല്ലാം ഏജന്റന്മാർ ഇന്ന് സഭയുടെ മർമ്മപ്രധാനമായ സ്ഥാനങ്ങളിൽ വിഹരിക്കുന്നു. എപ്പിസ്കോപ്പൽ സുന്നഹദോസിനുള്ളിൽപ്പോലും ഇത്തരം അഞ്ചാം പ ത്തികളുടെ റിമോട്ട് കൺട്രോൾ പ്രവർത്തിക്കുന്നില്ലേ എന്ന് സംശയിക്കത്തക്ക നിലയിൽ പല സംഭവ വികാസങ്ങളുമുണ്ടാകുന്നു.

ഇവിടെയാണ് വിശ്വാസിയുടെ ജാഗ്രത ഉണർന്ന് പ്രവർത്തിക്കേണ്ടത്. നേതൃത്വത്തിന്റെ പിടിപ്പുകേടുകളെയും പ്രാപ്തിക്കുറവിനേയും വിമർശിക്കുന്നത് പാപമാണെന്ന ചിന്ത കുടഞ്ഞുകളയണം. അച്ചടക്കം അടിമത്തമല്ലെന്നും ചോദ്യം ചെയ്യാതെ കണ്ണുമടച്ച് അനുസ രിക്കുന്നത് പുണ്യമല്ലെന്നുമുള്ള പാഠങ്ങൾ ഒരാവർത്തി കൂടി വായിക്കേണ്ട ഘട്ടം സംഗ തമായിരിക്കുന്നു അഞ്ചാംപത്തികളെയും ഉപജാപകരെയും ശക്തിയായി നേരിടേണ്ട ചുമ തല ഇന്ന് ജനത്തിന് വന്നുചേർന്നിരിക്കുന്നു. സഭയുടെ പരിവർത്തനങ്ങൾ അടിസ്ഥാന ഘടകമായ ജനത്തിൽ നിന്നുമുയരണം. സത്യം ക്രൂശിക്കപ്പെടുകയും വേലി വിളവു തിന്നു കയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ അസാധാരണമായ പരിഹാരമാർഗ്ഗങ്ങൾക്ക് മാത്രമേ സഭയെ രക്ഷിക്കാനാവുകയുള്ളു.

ജനം സഭയിൽ നിന്നകലുന്നതിനെ സൗകര്യപ്രദമായ ഒരു സംഭവമായിക്കാണുന്ന നേതൃത്വം സ്ഥാപനങ്ങളും സമ്പത്തും കയ്യടക്കിവയ്ക്കുന്ന വിവിധ മാഫിയാകൾക്ക് കീഴ്‌വഴങ്ങുന്നു. മാഫിയാകൾ തമ്മിൽ ഏറ്റുമുട്ടുമ്പോൾ മുറിവേൽക്കുന്നത് സഭയുടെ അഭിമാന ത്തിനും സ്വാതന്ത്ര്യത്തിനുമാണെന്ന ചിന്ത നേതൃത്വത്തിൽ ഉദിക്കുന്നില്ല. വിരുദ്ധ താല്പര്യക്കാരെ സഭയുടെ നന്മയ്ക്കായി ഒരുമിപ്പിച്ചു നിർത്തുകയാണ് നേതൃത്വ ത്തിന്റെ ധർമ്മം. സത്യത്തിന്റെയും ധർമ്മത്തിന്റെയും പാതയിൽ അടിയുറച്ചു നിൽക്കുന്ന പാരമ്പര്യം നേതൃസ്ഥാനികൾ പ്രദർശിപ്പിക്കണം. വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങളേ ക്കാൾ സഭയുടെ താല്പര്യങ്ങൾക്കനുരൂപമായി തീരുമാനങ്ങളെടുക്കുന്ന ശൈലി ഉരുത്തി രിയണം. അടിസ്ഥാനരഹിതമായ മുൻവിധികളും വ്യക്തിവിദ്വേഷങ്ങളും നേതൃത്വത്തിന്റെ പ്രവർ ത്തനശൈലിയിൽ പ്രതിഫലിക്കരുത്. ഈദൃശ്യമായ മാറ്റങ്ങൾക്കായി ജനം നേതൃത്വ ത്തിനുമേൽ സമ്മർദ്ദം ചെലുത്തണം.

സമ്മർദ്ദം ചെലുത്തുന്നവർക്ക് കാര്യം സാധിച്ചുകൊണ്ടുപോകാവുന്ന സ്ഥിതി സഭാ കേന്ദ്രത്തിലുണ്ടാകരുത്. വ്യക്തമായ നയങ്ങളുടെയും കാഴ്ചപ്പാടുകളുടെയും അടിസ്ഥാ നത്തിലും കൂട്ടായ ചർച്ചയുടെയും അഭിപ്രായ രൂപീകരണത്തിന്റെയും അടിസ്ഥാനത്തി ലാകണം തീരുമാനങ്ങളെടുക്കേണ്ടത്. വിഘടിത വിഭാഗത്തിനുവേണ്ടി അഞ്ചാം പത്തി പ്രവർത്തനം നടത്തുന്നതിന് വ്യക്തമായ തെളിവുള്ളവരെ സഭാകേന്ദ്രത്തിൽ സൈരവി ഹാരം നടത്തുവാനനുവദിക്കരുത്. ഉപജാപകവൃന്ദങ്ങൾക്ക് സ്വന്തം താല്പര്യത്തിനപ്പുറം സഭയുടെ നന്മ ലക്ഷ്യമല്ലെന്ന് നേതൃത്വം മനസ്സിലാക്കാത്തത് ഒരു പ്രഹേളികയായി അവ ശേഷിക്കുന്നു. സഭയുടെ താല്പര്യത്തേക്കാൾ സഭയുടെ ഇഷ്ടാനിഷ്ടങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നത് നല്ല നേതൃത്വവാസനയല്ല. സ്തുതിപാഠകർ സ്നേഹിതന്മാരും, സൃഷ്ടി പരമായ വിമർശനം നടത്തുന്നവർ ശത്രുക്കളുമെന്ന ധാരണ ആപൽക്കരമാണ്. നയങ്ങ ളിൽ വ്യക്തത, തീരുമാനങ്ങളിൽ ആർജ്ജവം, പക്ഷപാത രാഹിത്യം, വിവേചന ബുദ്ധി എന്നിവയില്ലാത്ത തീരുമാനങ്ങൾ സഭയെ നാശത്തിന്റെ പാതയിലേക്കാവും നയിക്കുക.

അതിനിടയാക്കാതെ നേതൃത്വം സ്വന്തം പ്രവർത്തനശൈലി വിശകലനം ചെയ്യുകയും വേണ്ട തിരുത്തലുകൾ നടത്തുകയും ചെയ്യട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥി ക്കുകയും ചെയ്യുന്നു.

# അടുത്ത ഇര നിയുക്തൻ?

കോട്ടയം: അങ്കമാലി വെട്ടിനിരത്തിയ കോക്കസിന്റെ അടുത്ത ഇര ശ്രേഷ്ഠ നിയുക്ത കാതോലിക്കാ യാണെന്നു സൂചനകൾ. ഭരണത്തിലേറുന്നതിനു മുമ്പ് ദുർബലനാക്കുക എന്നതാണ് ലക്ഷ്യം. പതിവിനു വിപരീതമായി എട്ടു പേരുടെ സീനിയോറിറ്റി മറികടന്നാണ് പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോ ലീത്തായെ ശ്രേഷ്ഠ നിയുക്ത കാതോലിക്കായായി തിരഞ്ഞെടുത്തത്. ഇതു പല മെത്രാന്മാരെയും അസ്വസ്ഥ രാക്കിയിട്ടുണ്ട്. ഏറ്റവും സീനിയറായ പ. ബാവായെപ്പോലും അനുസരിക്കാൻ വിമുഖത കാട്ടുന്ന ഇവർക്ക് നിയുക്ത ബാവാ ഭരണത്തിലേറുന്നത് അസ്വസ്ഥജനകമാണ്.

ഭരണത്തിലേറുന്നതിനു മുമ്പ് നിയുക്ത ബാവായെ കഴിവുകെട്ടവനെന്നു മുദ്ര കുത്തുകയാണ് ഇതിനുള്ള പ്രതിവിധിയായി ഇവർ കണ്ടെത്തിയതെന്നു സൂചന. ഈ ഉദ്ദേശ്യത്തോടു കൂടിയാണ് അങ്കമാലി ഭദ്രാസനം ഏറ്റെടുക്കാൻ ശ്രേഷ്ഠ നിയുക്തബാവായെ ഇവർ നിർബ ന്ധിക്കുന്നത്. ഡോ. ഫിലിപ്പോസ് മാർ തേയോ ഫിലോസ് പരാജയപ്പെട്ട അങ്കമാലി മാർ മിലിത്തിയോസിന്റെ വാട്ടർലൂ ആകുമെന്നും അങ്ങനെ അദ്ദേഹത്തെ ദുർബലനാക്കാമെന്നും ഇവർ കണക്കുകൂട്ടുന്നു. ഇതിനിടെ അങ്കമാലി ഭരണം ഏറ്റെടുത്ത് അബദ്ധത്തിൽ ചാടരുതെന്ന് അദ്ദേഹത്തിന്റെ അടുത്ത സുഹൃത്തുക്കളും സഭയിലെ പല ഉന്നത വൈദികസ്ഥാനികളും ശ്രേഷ്ഠ നിയുക്ത ബാവായെ ഉപദേശിച്ചതായി അറിയുന്നു.

ഓഫ് സൈഡ് - ഓഫ് സൈഡ്

## വ്യാജന്മാരെ സൂക്ഷിക്കുക

**അൽമായവേദി പ്രവർത്തകരെന്നവകാശപ്പെട്ട് സംഘടനയുമായി യാതൊരു ബന്ധവുമി ല്ലാത്ത ചിലർ വോട്ടു പിടിക്കാനായി ഇറങ്ങിയിരിക്കുന്നതായി കോട്ടയം ഭദ്രാസനത്തിൽനിന്നും റിപ്പോർട്ടുകൾ ലഭിച്ചിരിക്കുന്നു. തെളിവിനായി അൽമായവേദി മാസികയുടെ വരിസംഖ്യ കൊടുത്ത രസീതും ഹാജരാക്കുന്നു. അൽമായവേദിയുടെ ഒന്നോ രണ്ടോ യോഗങ്ങളിൽ പങ്കെ ടുത്തതിന്റെ വെളിച്ചത്തിൽ സംഘടനയുടെ ജീവാത്മാവും പരമാത്മാവും എന്ന പദവിയും ചിലർ ഏറ്റെടുക്കുന്നു. നല്ല സംഗതികൾക്കാണല്ലോ വ്യാജന്മാർ കൂടുന്നത്. എന്റെ നാമത്തിൽ അനേ കർ വരും എന്ന് തിരുവചനവും പഠിപ്പിക്കുന്നുണ്ടല്ലോ.**

ജനറൽ സെക്രട്ടറി എഴുതുന്നു

# കഴിഞ്ഞ വർഷത്തിന്റെ ബാക്കിപത്രം പുതുവത്സരത്തിന്റെ കേളികൊട്ട്

കാലഗതിയുടെ അനസ്യൂതമായ പ്രവാ ഹത്തിൽ രണ്ടായിരത്തിയാറാമാണ്ട് തന്റെ പിൻഗാമിയായ രണ്ടായിരത്തിയേഴിന് വഴി മാറിക്കൊടുക്കുന്ന ഈ സന്ദർഭത്തിൽ കഴി ഞ്ഞ ഒരു വർഷത്തെ, സഭയുടെയും അൽ മായവേദിയുടെയും വീക്ഷണത്തിലൂടെ വില യിരുത്തുവാനാണ് ഇവിടെ ഉദ്യമിക്കുന്നത്. സഭയെ സംബന്ധിച്ചിടത്തോളം 2006 വളരെ സുപ്രധാനമായ സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച ഒരു വർഷമായിരുന്നു. ആറാം കാ തോലിക്കാ പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയന്റെ ദേഹവിയോഗവും കബറടക്കവും ആദ്യത്തെ സുപ്രധാന സം ഭവമായിരുന്നെങ്കിൽ വർക്കിംഗ് കമ്മിറ്റി, ഉപ ദേശകസമിതി എന്നിവയുടെ പുനഃസം ഘട നയായിരുന്നു അടുത്തത്. സഭാ മക്കളെ മുഴു വൻ ആശങ്കയുടെ മുൾമുനയിൽ നിർത്തിയ ചില കോടതിവിധികളും അവയെത്തുടർന്നു ണ്ടായ ചില നിർഭാഗ്യകരമായ സംഭവങ്ങ ളും ആത്യന്തികമായി സഭാഗാത്രത്തിന്റെ വൈകാരികമായ ഉൽഗ്രഥനത്തിന് ഉതകിയി ട്ടുണ്ട്. സഭാനേതൃത്വത്തിൽ താരതമ്യേന പ്രായം കുറഞ്ഞ, ജനാഭിമുഖ്യമുള്ള നിയു ക്ത കാതോലിക്കാ ഐകകണ്ഠ്യേന തെര ഞ്ഞെടുക്കപ്പെട്ടതും പുനഃസംഘടിപ്പിക്കപ്പെ ട്ട ഏതാനും സമിതികളിൽ യുവരക്തത്തിന് പ്രാമുഖ്യം ലഭിച്ചതുമെല്ലാം ശുഭോദർക്ക മായ സംഭവങ്ങളാണ്. സഭയുടെ ഭാവിയെ അതിശക്തമായി സ്വാധീനിക്കേണ്ട ഒരു സംഭവ പരമ്പരയ്ക്ക് തുടക്കം കുറിക്കുന്ന ചില നടപടികൾ ഉണ്ടായത് ജനങ്ങൾ സഹ ർഷം സ്വീകരിച്ചതും ആവേശപൂർവ്വം പ്രതി കരിച്ചതും ശ്രദ്ധേയമായ സംഭവവികാസ ങ്ങളാണ്.

എന്നാൽ, ഒക്ടോബർ 12-ാം തീയതിയി ലെ അസ്സോസിയേഷൻ ജനങ്ങളുടെ ആവേ ശത്തെ വാനോളമുയർത്തുകയും സഭയുടെ ഐക്യത്തിന്റെയും കെട്ടുറപ്പിന്റെയും തരംഗ ങ്ങൾ ഉയർത്തുകയും ചെയ്തെങ്കിലും അവി ടെ നിന്നും കാര്യങ്ങൾ വേണ്ടതുപോലെ മുന്നോട്ടു കൊണ്ടുപോകുവാൻ സഭാനേതൃ ത്വത്തിന് സാധിച്ചിട്ടുണ്ടോ എന്ന സംശയം പല കേന്ദ്രങ്ങളിലും ഇപ്പോൾ ഉയരുന്നുണ്ട്. അൽമായ നേതൃത്വസരണിയിൽ അനുഭവ പ്പെടുന്ന ശൂന്യത, മേൽപ്പട്ടക്കാരുടെയും പട്ട ക്കാരുടെയും ചില ഉപജാപക സംഘങ്ങൾ എന്നിവ സഭാസ്നേഹികൾ ആശങ്കയോടെ നോക്കിക്കാണുന്ന മറ്റു ചില ഘടകങ്ങളാ ണ്. ഒരു ഉപജാപകസംഘത്തെ മറ്റൊരു സംഘം ഉപജാപകരെക്കൊണ്ട് വെച്ചുമാറ്റം നടത്തുന്നത് സഭയുടെ പുരോഗതിയെ സഹായിക്കയില്ല. ഭരണഘടനപരമായ സമിതികൾ വെറും പ്രദർശനവസ്തുക്കളാ കുക, ചില ഹിഡൻഅജൻഡാക്കാർ തീരുമാ നിച്ചതനുസരിച്ച് കാര്യങ്ങൾ നീങ്ങുക, ജന വികാരത്തിനും നീതിബോധത്തിനുമെല്ലാം അഗണ്യകോടിയിൽ സ്ഥാനം നൽകുക എ ന്നിങ്ങനെയുള്ള പല ദുഷ്പ്രവണതകളും 2006 അവസാനിക്കുന്നതിനു മുൻപുതന്നെ പ്രകടമായി എന്നത് ദുഃഖകരമാണ്.

ഒരു പുതിയ അസോസ്യേഷനും തൽഫ ലമായി മാനേജിംഗ് കമ്മിറ്റിയും അതോടൊ പ്പം വൈദിക - അൽമായ ട്രസ്റ്റിമാരും അ സോസ്യേഷൻ സെക്രട്ടറിയുമെല്ലാം തെര ഞ്ഞെടുക്കപ്പെടുന്ന പ്രക്രിയയ്ക്ക് 2006 ൽ തുടക്കം കുറിച്ചിരിക്കുന്നു. അടുത്ത 5 വർഷ ത്തെ സഭയുടെ ചുക്കാൻ പിടിക്കുന്നവരെ തെരഞ്ഞെടുക്കുന്ന ഈ പ്രക്രിയ സഫലമാ ക്കുവാൻ എല്ലാ സഭാസ്നേഹികളോടുമൊ പ്പം അൽമായവേദിയും പ്രാർത്ഥനാപൂർവ്വം പ്രവർത്തിക്കുന്നു. സ്ഥാനങ്ങൾ സ്വാർത്ഥ ലാഭത്തിന് ദുർവിനിയോഗം ചെയ്യുന്നവർ, സഭാസ്ഥാനങ്ങളെ പ്രദർശന വസ്തുക്കളാ ക്കുവാൻ മാത്രം ആഗ്രഹിക്കുന്നവർ, സിംപി ൾ ആൽഡ് പ്ലെയിൻ സ്ഥാനമോഹികൾ, അഴിമതിയും സ്വജനപക്ഷപാതവും നടത്തു വാൻ വേണ്ടി സ്ഥാനികളാകുന്നവർ, സഭയു ടെ ശത്രുക്കളുടെയും ബിസിനസ്സ്, രാഷ്ട്രീയ, താല്പര്യങ്ങളുടെയും ഏജന്റന്മാർ എന്നിവ രെ ഒഴിവാക്കേണ്ടത് സഭയുടെ ആരോഗ്യകര മായ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്. സഭയുടെ ഭിത്തിയെ ബലപ്പെടുത്തുവാനും സഭഗാത്രത്തിന് ശക്തി പകരുവാനും നിസ്വാർത്ഥമതികളും സഭാതീക്ഷ്ണതയുള്ള വരും വിശ്വാസത്തെയും സഭാ പാരമ്പര്യ ത്തെയും ഭരണഘടനയെയും സഭാചരിത്ര ത്തെയും കുറിച്ച് ശരിയായ അവബോധമു ള്ളവരെ കണ്ടെത്തി മുന്നോട്ടു കൊണ്ടുവ രേണ്ടത് ഓരോ സഭാ സ്നേഹിയുടെയും കർ ത്തവ്യമാണ്.

അൽമായവേദിയുടെ വളർച്ചയുടെ സുപ്ര ധാനമായ ഒരു വർഷമായിരുന്നു 2006. പല യൂണിറ്റുകൾ സ്ഥാപിച്ചതും വടക്കൻ ഭദ്രാസ നങ്ങളിലെ യാതനയനുഭവിക്കുന്ന സഹോദ രങ്ങൾക്ക് കഴിയാവുന്ന കൈത്താങ്ങൽ നൽകിയതും കൂനൻകുരിശിനു ചുവട്ടിൽ നിന്ന് കാതോലിക്കാദിന പ്രതിജ്ഞ എടുത്ത തുമെല്ലാം പ്രവർത്തനസരണിയിൽ ചിലതു മാത്രം. സംഘടനാപരമായി അനേകം മാറ്റ ങ്ങൾ വന്നതിനേക്കാളുപരി പ്രവർത്തന ശൈലിയിലും ഊന്നലുകളിലും പല പുനർ വായനകളും നടന്ന വർഷമായിരുന്നു 2006. ഈ പ്രസിദ്ധീകരണത്തിന് ഒരു വർഷത്തെ പ്രകാശനം പൂർത്തിയാക്കുവാൻ സാധിച്ചത് ഏറ്റവും അഭിമാനകരമാണ്. സഭയുടെ പ്രധാ ന ചടങ്ങുകൾ സംബന്ധിച്ച് പ്രസിദ്ധീകരിച്ച സപ്ലിമെന്റുകൾ വളരെ ശ്രദ്ധയാകർഷി ക്കപ്പെട്ടവയാണ്. അൽമായവേദിയുടെ ഇട പെടൽ സഭയിലെ പല നിർണ്ണായക സംഭ വങ്ങളെയും ഗുണപരമായി സ്വാധീനിച്ച ഒരു വർഷം കൂടിയായിരുന്നു 2006. വിമർ ശനം എന്നത് ഗുണപരമായ ഒരു മാറ്റത്തിന് അനിവാര്യമാകുമ്പോൾ മാത്രം അതുന്നയി ക്കുകയും അത് വസ്തുനിഷ്ഠമായിരിക്കയും ചെയ്യുന്നതാണ് അൽമായവേദിയുടെ നയം. തുറന്നുകാട്ടപ്പെടേണ്ട പലതും തുറന്നു കാട്ടു കയും അതിലൂടെ സഭയിൽ അവബോധം വളർത്തുകയും ചെയ്യുന്ന പ്രക്രിയ മുൻപറ ഞ്ഞ ഗുണപരമായ മാറ്റത്തിന് സഹായകമാ യിട്ടുണ്ട്.

# മാധ്യമ സെൽ പൂർണ്ണ പരാജയം

**അൽമായവേദി ന്യൂസ് സർവീസ്**

തൃക്കുന്നത്തു സെമിനാരി പ്രശ്നത്തിൽ സമയാസമയങ്ങളിൽ മാധ്യമങ്ങൾക്ക് ഓർത്ത ഡോക്സ് സഭയുടെ ഭാഗം വിശദീകരിച്ചു കൊടുക്കുന്നതിൽ മാധ്യമസെൽ പൂർണ്ണമായും പരാജയപ്പെട്ടു. യഥാർത്ഥ വസ്തുതകൾ വിശദീകരിക്കുവാൻ ആലുവായിലോ കോട്ടയത്തോ ആരുമുണ്ടായിരുന്നില്ല. ആലുവായിലുണ്ടായിരുന്ന മാധ്യമപ്രവർത്തകരോടു പോലും ശരി യായ കാര്യങ്ങൾ വിശദീകരിച്ചു കൊടുക്കുന്നതിൽ മാധ്യമസെൽ അംഗം കൂടിയായ മാനേജർ പരാജയപ്പെട്ടു. കോട്ടയത്തെ മാധ്യമസെൽ ചുമതലക്കാരാവട്ടെ, 28-ാം തീയതിയിലെ പത്ര സമ്മേളനത്തിനു പോലും സന്നിഹിതരായിരുന്നില്ല. ഒരു പ്രസ് നോട്ടുപോലും നൽകാത്ത തിനാൽ 29-ാം തീയതിയിലെ പത്രങ്ങളിൽ യാതൊരു വാർത്തയും ഉണ്ടായിരുന്നില്ല. ഓർത്തഡോക്സ് സഭാംഗങ്ങൾ പോലും വസ്തുതകൾ അറിയാതെ പോകുന്നത് മാധ്യമ സെല്ലിന്റെ ഉദാസീനത മൂലമാണ്.

ഓഫ് സൈഡ് - ഓഫ് സൈഡ്

## ഒന്നുകിൽ ആശാന്റെ നെഞ്ചത്ത്...

പത്രദ്വാരായുള്ള മലങ്കരസഭയുടെ പ്രതിഛായ നന്നാക്കാനാണ് ഒരു കൊല്ലം മുമ്പ് ഒരു മാധ്യമസെൽ രൂപീകരിച്ചത്. പ്രതിയും ഛായയുമൊന്നും നന്നായില്ലെങ്കിലും ഒരു പി. ആർ. ഒ. യും ഒരു ഇഞ്ചാർജും ദേവലോകത്തു കയറിപ്പറ്റി ശമ്പളോം സ്കെയിലും ഒപ്പിച്ചെടുത്ത് അരമനയുടെ താഴത്തെ നിലയിൽ ഒരു മുറീം തരപ്പെടുത്തി ബോർഡും വെച്ചു. പക്ഷേ, എപ്പോഴും മുറി അടഞ്ഞാണു കിടക്കുന്നത്. ആളില്ലാഞ്ഞിട്ടല്ല. കൺ വെൻഷൻ സീസനല്ലെങ്കിൽ പി. ആർ. ഒ. യും ഇൻചാർജും ദേവലോകത്തു കാണും. പക്ഷേ ആപ്പീസിലല്ലെന്നു മാത്രം. എപ്പം നോക്കിയാലും ബാവായുടെ പ്രിൻസിപ്പൽ സെക്രട്ടറിയുടെ മുറിയിലോ ശെമ്മാശന്റെ കസേരേലോ കാണാം. അവരെ മുട്ടാതെ ആർക്കും ബാവായുടെ ഓഫീസു കാണാൻ പറ്റില്ല. വാർത്തയൊന്നും കൊടുത്തില്ലേ ലെന്നാ *നാലു ഭാഗങ്ങളിലുമുള്ള ദൈവത്തിന്റെ സഭയെ അവിടിരുന്നു മേഞ്ഞു ഭരി ക്കാമല്ലോ.*

# അസോസിയേഷൻ തിരഞ്ഞെടുപ്പ്: വിഭജനവാദികൾ പുറത്ത്

കോട്ടയം: ഇടവകപള്ളികളിൽ നിന്നുള്ള അസോസിയേഷൻ പ്രതിനിധികളുടെ തിരഞ്ഞെടുപ്പു പ്രക്രിയ പൂർത്തിയായി. ഭദ്രാസനങ്ങളിൽ നിന്നുള്ള മാനേജിംഗ് കമ്മറ്റി അംഗങ്ങളെ ഫെബ്രുവരി അവസാനവാരം തിരഞ്ഞെടുക്കും.

ലഭ്യമായ കണക്കുകൾ പ്രകാരം അസോസിയേഷൻ പ്രതിനിധികളിൽ കാര്യമായ യുവജന മുന്നേറ്റമുണ്ടായിട്ടുണ്ട്. കോട്ടയം ഭദ്രാസനത്തിലെ പ്രതിനിധികളിൽ ഇരുപതു ശതമാനത്തോളം സജീവ യുവജനപ്രസ്ഥാനം പ്രവർത്തകരാണ്. നിരണം ഭദ്രാസനത്തിൽ യുവ പ്രതിനിധികളുടെ സംഖ്യ പകുതിയോളമാണ്.

വിഭജനവാദികളും സ്വാർത്ഥമോഹികളും സ്ഥിരം മെമ്പർമാരും ദയനീയമായി പരാജയപ്പെടുന്ന അവസ്ഥയാണ് പല പള്ളികളിലും ദർശിച്ചത്. പല സിറ്റിംഗ് മാനേജിംഗ് കമ്മറ്റിയംഗങ്ങളും പരാജയം ഭയന്ന് മത്സരരംഗത്തു നിന്നും അവസാന നിമിഷം പിൻമാറി.

അങ്കമാലി ഭദ്രാസനത്തിൽ വിഭജനവാദികൾ അമ്പേ പരാജയപ്പെട്ടു. ഉമ്മിണിക്കുന്നു പള്ളിയിൽ വർക്കിംഗ് കമ്മറ്റിയംഗവും വിഭജനവാദിയുമായ ഡോ. എൻ. എം. മത്തായി നിർത്തിയ സ്ഥാനാർത്ഥിക്കു ലഭിച്ചത് കേവലം ഏഴു വോട്ടുകളാണ്.

ഇതിനിടെ അങ്കമാലി ഭദ്രാസനത്തിലെ സഭൈക്യവാദികൾ മാനേജിംഗ് കമ്മറ്റിയിലേക്കുള്ള സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചു. ഭദ്രാസനത്തിലെ സീനിയർ വൈദികനും ഉമ്മിണിക്കുന്ന് മഹാഇടവക വികാരിയുമായ സി. കെ. ഐസക്ക് കോർഎപ്പിസ്ക്കോപ്പായാണ് വൈദിക പ്രതിനിധി. കേണൽ മാത്യു ഏബ്രഹാം, എം. ജെ. ദാനിയേൽ, ഏലിയാസ് ഐസക്ക് എന്നിവരാണ് മറ്റു മാനേജിംഗ് കമ്മിറ്റി സ്ഥാനാർത്ഥികൾ. ഇവർ യഥാക്രമം കളമശ്ശേരി, കുന്നക്കുരുടി കത്തീഡ്രൽ, വളയൻചിറങ്ങര പള്ളികളുടെ കൈക്കാരന്മാരാണ്. ഇവർക്കെതിരെ ഫാ. ജോർജ് പട്ടളാട്ട്, പ്രൊഫ. എം. ഇ. കുര്യാക്കോസ്, പി. ഐ. എൽദോസ് എന്നിവരെ വിഭജനവാദികൾ സ്ഥാനാർത്ഥികളാക്കുമെന്ന് അറിയുന്നു. ഇവരോടൊപ്പം മഴുവന്നൂർ പള്ളിയിലെ അന്ത്യോഖ്യാ വിശ്വാസസംരക്ഷണസമിതിയുടെ ഭാരവാഹിയായ ജോർജ് കുരുവിളയെ പാനലിലുൾപ്പെടുത്തിയിട്ടുള്ളതായും അറിയുന്നു.

ഒരു പള്ളിയിൽ നിന്നും തെരഞ്ഞെടുക്കപ്പെടാത്ത ഫാ. ഡോ. എം. ഒ. ജോൺ, ഫാ. ജോസഫ് മുള്ളൻകുഴി എന്നിവർ പിൻവാതിലിലൂടെ അസോസിയേഷനിലും മാനേജിംഗ് കമ്മിറ്റിയിലും എത്താനുള്ള ശ്രമവും നടക്കുന്നുണ്ട്. ട്രെബ്യൂണലിലെ മണ്ണാറപ്രായിൽ കോർ എപ്പിസ്ക്കോപ്പായുടെ സാന്നിദ്ധ്യം തങ്ങൾക്കു തുണയാകുമെന്ന് ഇവർ കണക്കു കൂട്ടുന്നു.

## അമ്പതിലേറെ അൽമായവേദി പ്രവർത്തകർ വിജയിച്ചു

കോട്ടയം: കോട്ടയം ഭദ്രാസനത്തിൽ നിന്ന് അൽമായവേദി പ്രവർത്തകരും അനുഭാവികളുമായ 50 ലേറെ പേർ മലങ്കര അസോസിയേഷനിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. അൽമായവേദി പ്രസിഡണ്ട് കെ. വി. ഏബ്രഹാമും സെക്രട്ടറി ഫീലിപ്പോസ് പൊട്ടയ്ക്കാവേലിലും പുതുപ്പള്ളി വലിയപള്ളിയിൽ നിന്നും വൈസ് പ്രസിഡണ്ടുമാരായ ക്യാപ്റ്റൻ കോശി മത്തായി വടക്കൻമണ്ണൂർ നിന്നും സാബു വടകര പാമ്പാടിയിൽ നിന്നും സെക്രട്ടറി ബാബു വെട്ടുവേലി കാനം പള്ളിയിൽ നിന്നും ട്രഷറർ കുര്യൻ പി. കുര്യൻ പാറമ്പുഴ പള്ളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടു.

## സ്ഥാനാർത്ഥി പ്രളയം

മാനേജിംഗ് കമ്മിറ്റി മെമ്പർ സ്ഥാനത്തേക്ക് സ്ഥാനാർത്ഥികളുടെ ഒരു പ്രളയം തന്നെയാണ് ഇത്തവണ. ഉദാഹരണത്തിന് കോട്ടയം ഭദ്രാസനത്തിൽ നിന്നും നാല് അൽമായ പ്രതിപുരുഷന്മാരെ തിരഞ്ഞെടുക്കുന്നതിന് അവസാനം ലഭിച്ച കണക്കനുസരിച്ച് 36 സ്ഥാനാർത്ഥികൾ രംഗത്തുണ്ട്. മാനേജിംഗ് കമ്മറ്റിമെമ്പർ സ്ഥാനം അങ്ങാടിമരുന്നോ പച്ചമരുന്നോ എന്നറിയാത്തവരും ധാരാളം. ഒരു കൗമാ നേരെചൊവ്വേ പ്രാർത്ഥിക്കാനറിയാത്തവരും സഭയുടെ വിശ്വാസം, ചരിത്രം എന്നിവയെപ്പറ്റി ചുക്കും ചുണ്ണാമ്പുമറിയാത്തവർക്കും പഞ്ഞമില്ല. കാര്യവിവരമുള്ള പ്രതിപുരുഷന്മാർ ഇത്തരം സ്ഥാനാർത്ഥികളെ നന്നായി 'റാഗ്' ചെയ്താണു വിടുന്നത്. ഇവരെല്ലാം കൂടെ പ്രശ്നങ്ങൾ നേരിടുന്ന തൃക്കുന്നത്തു സെമിനാരിയിലേക്കു പോയിരുന്നെങ്കിൽ അത്രയും ആൾബലം അവിടെയുണ്ടായേനെ. ക്യാപ്റ്റൻ കോശി മത്തായി, പീലിപ്പോസ് പോട്ടയ്ക്കാവയലിൽ, ബാബു വെട്ടുവേലി, സാബു വടകര എന്നിവർ മാത്രമാണ് ഈ മുപ്പത്താറു പേരിൽ അവിടെയെത്തിയത്. ബാക്കി 32 പേരും വയലുകളിലായിരു ന്നു; സുവിശേഷവയലല്ല, വോട്ടു വയലുകളിൽ.

## അൽമായവേദിക്ക് വിലയിടല്ലേ...

അൽമായവേദിയുടെ പിന്തുണക്കുവേണ്ടി ഒരു ബ്ലേഡ് മുതലാളി വില പറഞ്ഞത് ഒന്നരലക്ഷം രൂപാ. വേണമെങ്കിൽ ഇനിയും കൂട്ടാമത്രേ. അൽമായവേദി സ്വന്തമായി പ്രത്യയശാസ്ത്രവും തത്വസംഹിതയുമുള്ള സംഘടനയാണെന്നും കറൻസിനോട്ടുകൾ കിട്ടിയാൽ അഭിപ്രായം മാറ്റുന്ന പണി വേദിക്കില്ലെന്നും പറഞ്ഞാൽ, കണക്കുകൾ മാത്രമറിയാവുന്നവരുടെ തലയിൽ എങ്ങിനെ കേറാൻ? എല്ലാറ്റിനെയും രൂപ അണ പൈസ കണക്കിനല്ലേ ബ്ലേഡുകാർക്ക് കണക്കാക്കാൻ കഴിയൂ!

നിർവചിക്കപ്പെട്ട ഉദ്ദേശ്യലക്ഷ്യങ്ങളും തത്വശാസ്ത്രവുമുള്ള സംഘടനയാണ് അൽമായവേദി. ആശയപ്പൊരുത്തമുള്ള അഭ്യുദയകാംക്ഷികൾ നൽകുന്ന സംഭാവനകൾ കൊണ്ടാണ് ഈ സംഘടനയും പത്രവും പ്രവർത്തിക്കുന്നത്. പക്ഷേ, ഞങ്ങളുടെ തത്വശാസ്ത്രവും ആശയസംഹിതയും വില്പനച്ചരക്കല്ല. ബ്ലേഡ് മുതലാളിയുടെ സർവ്വസ്വത്തും ചെലവാക്കിയാലും അൽമായവേദിയെ വിലയ്ക്കു വാങ്ങാനാവില്ലെന്ന സത്യം മനസ്സിലാക്കുക.

അൽമായവേദിക്കു വേണ്ടി **ജനറൽ സെക്രട്ടറി**

## വൈദീക പുനർവിവാഹം.... *(മൂന്നാം പേജിൽ നിന്നും)*

സ്ഥിച്ചിടത്തോളം പൗരോഹിത്യം ഒരു തൊഴിലല്ല. പുരോഹിതൻ ഒരു മാതൃകയാണ്. ഗൃഹസ്ഥാശ്രമം അനുഷ്ഠിക്കുന്നവരാണെങ്കിലും ഭാഗികമായി ലോകത്തെ ത്യജിച്ചവരാണ് നസ്രാണി പുരോഹിതർ. അവർ മറ്റുള്ളവരിൽനിന്നും വ്യത്യസ്തരാണെന്നു തിരിച്ചറിയാൻ വേണ്ടിയാണ് നിത്യജീവിതത്തിൽപോലും പ്രത്യേക വേഷവിധാനം അവർക്കു നൽകിയിരിക്കുന്നത്. അപ്രകാരം ഭാഗിക വ്രതവാഗ്ദാനം നല്കിയവർ പുനർവിവാഹം നടത്തുന്നത് ധാർമ്മികമായി ശരിയാണോ എന്ന ചോദ്യം ഉദിക്കുന്നു. അനപത്യതാ ദുഃഖം അനുഭവിക്കുന്ന അനേകം പുരോഹിതരുണ്ട്. അവരെപ്പോലെ വിഭാര്യരായ കത്തനാർമാർ സഹനത്തിന്റെ മാതൃക കാണിക്കുകയല്ലേ ഉത്തമം.

പ. സുന്നഹദോസിന്റെ വിവാദ തീരുമാനത്തിൽ വ്യക്തമാകാത്ത ഒന്നുണ്ട്. പുനർ വിവാഹത്തിനുള്ള അനുമതി ഭാര്യ മരിച്ച പുരോഹിതന്മാർക്കു മാത്രമാണോ അതോ വിവാഹമോചിതർക്കും ഇത് അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. രണ്ടാമത്തേതാണെങ്കിൽ അത് സഭയിൽ ഗുരുതരമായ അച്ചടക്കലംഘനത്തിനു വഴിവെയ്ക്കും എന്ന് നിശ്ചയമാണ്.

വൈദീകരുടെ വിധവമാരുടെ പുനർവിവാഹകാര്യത്തിൽ അനുഭാവപൂർവമായ ഒരു സമീപനം ആവശ്യമാണ്. *ബസ്ക്യാമോ (ഉടമ്പടിയുടെ പുത്രി)* എന്ന് പേർ വിളിക്കുന്നു എങ്കിലും അവർ വിവാഹാവസരത്തിൽ അവൈദികർക്കുപരിയായി എന്തെങ്കിലും ഉടമ്പടി ചെയ്യുന്നതായി കാണുന്നില്ല. അവരുടെ പുനർവിവാഹം വിലക്കുന്ന നിയമങ്ങളുമില്ല. പോർട്ടുഗീസ്പൂർവകാലത്ത് കത്തനാർമാരുടെ ഭാര്യമാർക്ക് *കത്താത്തിയാർ* അഥവാ *കത്തനാരി* എന്ന സ്ഥാനപ്പേരും പള്ളിയിൽ മുഖ്യസ്ഥാനവും ഉണ്ടായിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. അത്തരം മാനദണ്ഡങ്ങളൊന്നും ഇന്നില്ലാത്തതിനാൽ അവരുടെ പുനർവിവാഹ അനുമതി പരിഗണനാർഹമാണ്. കഴിഞ്ഞ നൂറ്റാണ്ടിൽ അപൂർവമായി അപ്രകാരം നടന്നിട്ടുമുണ്ട്.

വൈദീക പുനർവിവാഹത്തിന്റെ വേദശാസ്ത്രപ്രശ്നങ്ങൾ ഇവിടെ പരിഗണിച്ചിട്ടില്ല. എങ്കിലും സാങ്കേതികവും ധാർമ്മികവുമായ അനേകം പ്രശ്നങ്ങൾ ഉയർത്തുന്നതും സഭയുടെ കെട്ടുറപ്പിനെത്തന്നെ ബാധിക്കുന്ന ദീർഘമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നതുമായ വൈദീക പുനർവിവാഹ അനുവാദം പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് പുനഃപരിശോധിക്കേണ്ടിയിരിക്കുന്നു.

# മാനേജിംഗ് കമ്മിറ്റി തിരഞ്ഞെടുപ്പ്: സഭയോടു കൂറുള്ളവരെ മാത്രം തിരഞ്ഞെടുക്കുക

**കെ. വി. ഏബ്രഹാം കൊടുവത്ത്** (അത്മായവേദി പ്രസിഡന്റ്)

ബഹുമാന്യരായ അസ്സോസ്യേഷൻ അംഗങ്ങളേ,

ഈ വരുന്ന വൈദികട്രസ്റ്റി, അത്മായ ട്രസ്റ്റി, മാനേജിംഗ് കമ്മിറ്റി അംഗങ്ങളെ തിരഞ്ഞെടുക്കുമ്പോൾ നിങ്ങൾ സഭയെ സ്നേഹിക്കുന്നവർ എങ്കിൽ താഴെപറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം എന്ന് താഴ്മയായി അപേക്ഷിക്കുന്നു.

1. സഭ വക സ്ഥാപനത്തിലെ ഉദ്യോഗസ്ഥരെ ഒരു കാരണവശാലും സഭാ ഭരണ സമിതിയിലേക്ക് തിരഞ്ഞെടുക്കരുത്. കാരണം, അവർക്ക് അവരുടെ അധികാരികളോട് കടപ്പാടുണ്ട്. സഭയിൽ നടമാടുന്ന അനീതിയേയും ഉച്ചനീചത്വത്തെയും ചോദ്യം ചെയ്താൽ അവർക്ക് ജോലി പ്രശ്നമാവും; ജോലിക്കയറ്റവും ഉണ്ടാവില്ല. ആയതിനാൽ അവർ വിശ്വാസികൾക്ക് വിധേയർ എന്ന് പ്രസ്താവിക്കുമെങ്കിലും ആ സ്ഥാപനത്തിന്റെ അധികാരിയോട് വിധേയപ്പെട്ടേ മതിയാകൂ.

ഉദാ: പാമ്പാടി കോളജിലെ പ്രൊഫസർമാർ സഭാസ്നേഹികളാണ്. സഭയോട് ആത്മാർത്ഥതയുണ്ട്, കഴിവുണ്ട്. പക്ഷേ ബഹു: യോഹന്നാൻ റമ്പാന്റെ താല്പര്യം സംരക്ഷിക്കാതെ എങ്ങിനെ അവിടെ ജോലിചെയ്യും. തന്നെയുമല്ല ഒരു സമയത്ത് രണ്ട് യജമാനന്മാരെ എങ്ങിനെ സേവിക്കും? കഴിഞ്ഞ മാനേജിംഗ് കമ്മിറ്റിയിലെ പല മെമ്പറന്മാരും ഇത്തരക്കാരായതാണ് സഭയുടെ അപചയത്തിനു കാരണം. പല മാനേജിംഗ് കമ്മറ്റിയംഗങ്ങളും ഇന്നത്തെ ചില സ്ഥാനികളും മലങ്കര വർഗ്ഗീസിനെ വധിക്കാൻ പ്രേരണ നൽകിയ വിഘടിത വിഭാഗം സഭാനേതാക്കളുടെ വാസസ്ഥലങ്ങൾ സന്ദർശിച്ച് മണിക്കൂറുകൾ സംഭാഷണം നടത്തി നമ്മുടെ സഭയുടെ രഹസ്യങ്ങൾ അവർക്കു നല്കി. ഇങ്ങനെ പോയവർ രാഷ്ട്രീയനേതാക്കളുടെ താല്പര്യം സംരക്ഷിക്കാൻ പോയതാണെന്ന് വ്യക്തമായി. കാരണം, അടുത്ത സമയത്ത് സഭയെ പ്രതിസന്ധിഘട്ടത്തിലെത്തിച്ച സഭയുടെ സ്ഥിരംസ്ഥാനികളായ പ്രമുഖരെ പുകഴ്ത്തുന്ന ഒരു പ്രസിദ്ധീകരണം മനനം ചെയ്തതിൽ പ്രമുഖ രാഷ്ട്രീയ നേതാവിനെയും പുകഴ്ത്തുന്നു. മറ്റൊരു രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ മന്ത്രിമാരെ സഭ ക്ഷണിച്ചു എന്ന് ആക്ഷേപിക്കുന്നു. സഭയുടെ കുറവുകളും ന്യൂനതകളും ചൂണ്ടിക്കാട്ടുന്നതു മനസ്സിലാക്കാം. സ്വകാര്യ പണമിടപാടുകാരുടെയും രാഷ്ട്രീയക്കാരുടെയും, കച്ചവടക്കാരുടേയും സ്വകാര്യ അജണ്ട നടപ്പാക്കാൻ സഭയേയും പ. പിതാവിനേയും തേജോവധം ചെയ്യുന്നതെന്തിനാണെന്ന് ചോദിക്കാനുള്ള തന്റേടം നമുക്കുണ്ടാകണം.

2. രാഷ്ട്രീയക്കാരെയും, ഗവ: ജീവനക്കാരെയും തിരഞ്ഞെടുത്താലും അവർക്ക് ഒരേ സമയം രണ്ട് യജമാനന്മാരെ സേവിക്കേണ്ടി വരും. ചിലപ്പോൾ നിലനില്പിന്, ചില സഭാ താല്പര്യങ്ങൾക്ക് കണ്ണടച്ച് നിസംഗരായി ഇരിക്കേണ്ടി വരും.

3. ഒന്നിലധികം പ്രാവശ്യം ഈ അധികാരസ്ഥാനത്ത് ആരും തിരഞ്ഞെടുക്കപ്പെടരുത്. ലക്ഷോപലക്ഷം വിശ്വാസികളുടെ ഇടയിൽ ഈ സ്ഥിരം അംഗങ്ങളേക്കാൾ പ്രാപ്തരായ ചെറുപ്പക്കാർ ധാരാളം ഉണ്ട്. അവർക്കായി വഴി മാറണം. താൻ മരിച്ചാൽ അല്ലെങ്കിൽ വിരമിച്ചാൽ, തന്റെ സന്തതിയേ ആ സ്ഥാനത്തു തുടരാവൂ; അല്ലെങ്കിൽ എനിക്കു മാത്രമേ സഭ ഭരിക്കാനറിയാവൂ എന്ന ചിന്ത ഇന്നത്തെ രാഷ്ട്രീയ പ്രമുഖരുടെ ശൈലിയാണ്. അതു സഭയ്ക്ക് ആവശ്യമുണ്ടോ?

ഭരണനൈപുണ്യവും, കഴിവുമുള്ള പഴമക്കാരെ ആവശ്യമുണ്ടെങ്കിൽ പ: ബാവായ്ക്ക് നോമിനേഷൻ ചെയ്യാനും അധികാരമുണ്ടല്ലോ!

4. പ്രാദേശിക അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പു നടത്തണം. വൈദികട്രസ്റ്റി കോട്ടയത്തിനു വടക്കും അത്മായട്രസ്റ്റി കോട്ടയത്തിനു തെക്കും, സെക്രട്ടറി കോട്ടയംകാരനുമാവുന്നത് ഉത്തമം. കോട്ടയം ഭദ്രാസനത്തിലെ മാനേജിംഗ് കമ്മിറ്റിയിലേക്ക് ആറു സ്ഥാനം ഉള്ളത് ആറ് പ്രദേശത്തെ, സഭയോടു കൂറും വിശ്വസ്തതയും പുലർത്തുന്ന വിവേകികളായ സഭാസ്നേഹികളെ തെരഞ്ഞെടുക്കണം. മറ്റു ജോലിയും, മറ്റു പ്രസ്ഥാനങ്ങളോട് സഭയേക്കാൾ അധികം കൂറും ഉള്ളവരെ ഒഴിവാക്കണം.

5. അവരവരുടെ പള്ളികളിൽ പോലും തെരഞ്ഞെടുക്കപ്പെടാതെ മറ്റു മാർഗ്ഗങ്ങളിലൂടെ മത്സരരംഗത്ത് എത്തുന്നവർ സ്ഥാനമാനമോഹികളാണ്. ഇടവകയ്ക്ക് വേണ്ടാത്തവൻ ഇടവകയിൽ ചെയ്ത സേവന - വേതന കഥകൾ സ്വയം പ്രചരിപ്പിച്ച് വോട്ടു പിടിച്ചു വിജയിക്കുമെന്ന പ്രതീക്ഷ വയ്ക്കരുത്. അസോസ്യേഷൻ അംഗങ്ങൾ പ്രലോഭനങ്ങൾക്ക് കീഴ്പ്പെടരുത് എന്നും താല്പര്യപ്പെടുന്നു.

# ഉമ്മിണിക്കുന്ന് മഹാഇടവകയ്ക്ക് പുതിയ ഭരണസാരഥികൾ വിഘടനവാദികൾക്ക് ശക്തമായ തിരിച്ചടി

**എം. സി. ഏബ്രഹാം**

പോത്താനിക്കാട്: ഉമ്മിണിക്കുന്ന് സെന്റ് മേരീസ് ഓർത്തഡോക്സ് മഹാ ഇടവക ഭരണത്തിൽനിന്നും വിഘടനവാദികളെയും സ്ഥാനമോഹികളെയും ഒന്നടങ്കം സ്ഥാനഭ്രഷ്ടരാക്കി, കഴിഞ്ഞ ആറു വർഷക്കാലം ഈ ഇടവക ഭരണം കയ്യാളിയിരുന്ന സഭാ വർക്കിംഗ് കമ്മിറ്റിഅംഗം കൂടിയായ ഡോ. എൻ. എം. മത്തായി നെടുഞ്ചാലിൽ നടത്തിയ കുൽസിത പ്രവർത്തനങ്ങൾക്കെതിരെ ഇടവകാംഗങ്ങൾ ശക്തമായ മുന്നറിയിപ്പ് നൽകി.

ബഹു. സുപ്രീംകോടതിവിധി നടപ്പാക്കി കിട്ടിയ ഈ പള്ളിയിലും സെമിത്തേരിയിലും പാത്രിയർക്കീസ് വിഭാഗത്തിൽപ്പെട്ട വൈദികരെ അനധികൃതമായും കോടതിവിധികൾ ധിക്കരിച്ചും പ്രവേശിപ്പിക്കുവാനും കർമ്മാദികൾ നടത്തുവാനും, ഇല്ലാത്ത അവകാശാധികാരങ്ങൾ അനുവദിപ്പിച്ചു നൽകണമെന്ന വെളിപാടുമായി, ഇടവകയോഗത്തിന്റേയോ മറ്റാരുടേയുമോ അനുമതിയില്ലാതെ ചർച്ചകൾക്ക് നേതൃത്വം നൽകുകയും അനധികൃതമായ ഈ നടപടിയെ ചോദ്യം ചെയ്ത വികാരിയെ ഒറ്റപ്പെടുത്താനും ഇവിടെനിന്ന് സ്ഥലംമാറ്റിക്കുന്നതിനും ശ്രമിക്കുകയും, പരാജയപ്പെട്ടപ്പോൾ അതിന്റെ ജാള്യത മറച്ചുവച്ച് രണ്ട് മാനേജിംഗ് കമ്മിറ്റി യോഗങ്ങളിലും ഒരു പൊതുയോഗത്തിലും പങ്കെടുക്കാതെ ഒളിച്ചോടുകയും ചെയ്ത വർക്കിംഗ് കമ്മിറ്റിഅംഗം നിർദ്ദേശിച്ച കൈക്കാരൻ സ്ഥാനാർത്ഥിയെ നിഷ്ക്കരുണം പരാജയപ്പെടുത്തി സി. ജി. അബ്രഹാം ചെട്ടിയാംകുഴിയിൽ, ഐപ്പ് സ്കറിയ എലവുംകുടിയിൽ എന്നിവർ കൈക്കാരന്മാരും റെജി പോൾ സെക്രട്ടറിയുമായുള്ള 15 അംഗ ഭരണസമിതിയെ 21-1-2007 ന് ചേർന്ന ഇടവകയോഗം തിരഞ്ഞെടുത്തു.

### ഓഫ് സൈഡ് - ഓഫ് സൈഡ്

## ഇരിക്കുന്നിടത്ത് എത്തുന്ന മേൽപ്പട്ടം

ആദിമസഭയിൽ മഹാതാപസന്മാരായ പിതാക്കന്മാരെ നിർബ്ബന്ധം ചെലുത്തിയാണ് മേൽപ്പട്ട പദവികൾ നൽകിയിരുന്നത് എന്ന് ചരിത്രം പറയുന്നു. അത്രയും കിഴക്കോട്ട് പോയില്ലെങ്കി ൽത്തന്നെ രണ്ടാം കാതോലിക്കായായിരുന്ന വാകത്താനം ബാവായെയും മറ്റും സ്ഥാന ങ്ങൾ അടിച്ചേൽപ്പിക്കേണ്ടതായി വന്നിട്ടുണ്ട്. എന്നാലിന്ന് സംഗതികൾ വ്യത്യസ്തമാണ്. ഓർത്തഡോക്സ് സഭയിൽ ജനത്തിന്റെയും പട്ടക്കാരുടെയും പിന്നെ സുന്നഹദോസിന്റെയും അംഗീകാരം വേണം. പുത്തൻകുരിശു സൊസൈറ്റിയിൽ കുറെക്കൂടി എളുപ്പമാണ്. പുത്തൻകുരിശും ദമാസ്കസും പ്രസാദിച്ചാൽ മതി. അവിടെ പ്രസാദിക്കണമെങ്കിൽ വെവ്വേറെ കണ്ടുകാഴ്ചകൾ വെയ്ക്കണമെന്ന് അഭിജ്ഞർ പറയുന്നു. അല്ലാത്തവർ തെരഞ്ഞെടുക്കപ്പെട്ടാലും ഒന്നും കാര്യമില്ലത്രേ!

എന്നാൽ ഓർത്തഡോക്സ് സഭയിലെ ഒരു (മുൻ) മെത്രാൻ സ്ഥാനാർത്ഥിക്ക് അദ്ദേഹത്തിന്റെ ആസ്ഥാനത്ത് കൊച്ചുവെളുപ്പാൻ കാലത്ത് പുത്തൻകുരിശുവക മേൽപ്പട്ട സ്ഥാനം തേടി ചെല്ലുമെന്ന് ചില പിന്നാമ്പുറം പറച്ചിൽ. അതോടെ ആസ്ഥാനം മറുഭാഗത്തിന്റെ കൈവശവുമാകുമത്രേ! യുദ്ധം ജയിക്കുകയല്ലേ പ്രധാനം! ഏത് അടവെടുത്താലെന്താ?

# ശീമക്കാരുടെ ഇടവക...

(അഞ്ചാം പേജിൽ നിന്നും)

പ്രകാരം ഹോളണ്ടിലെ മെത്രാപ്പോലീത്താ യേശു ശീശക് എൺപത്തിരായിരം യൂറോയ്ക്ക് തന്റെ അരമനയും ദയറയും ബാങ്കിന് ഈട് നൽകുകയുണ്ടായി. വൻ തുകകളുടെ ഇടപാട് ശ്രദ്ധിച്ച ജർമ്മൻ പോലീസ് മെത്രാനെ പിടികൂടി. തന്റെ നിരപരാധിത്വം തെളിയിക്കാൻ അദ്ദേഹം പോലീസിന് നൽകിയ കത്തിൽ ഈ കഥ മുഴുവനും വിശദമായി നൽകിയിട്ടുണ്ട്. രാഷ്ട്രീയ സാധീനത്തിൽ ജയിലിൽ പോകാതെ രക്ഷപെട്ട മെത്രാൻ പക്ഷേ കടം വാങ്ങിയവർക്ക് പണം തിരികെ നൽകാൻ കഴിയാത്തതിനാൽ ഒളിവിൽ പോയി. ഏഴ് മാസക്കാലം അദ്ദേഹം ഹോളണ്ടിലും ദമസ്ക്കോസിലുമായി ഒളിച്ച് താമസിച്ചു. കാശിനുവേണ്ടി ആളുകൾ മുറവിളി തുടങ്ങി. പരാതി പറയാൻ ദമസ്ക്കോസിലെത്തിയ ഇടവക പ്രതിനിധികളോട് മെത്രാൻ രോഗം ബാധിച്ച് ഹോളണ്ടിൽ ചികിത്സയിലാണെന്ന് പാത്രിയർക്കീസ് പറഞ്ഞയച്ചു. എന്നാൽ മെത്രാൻ ആ സമയത്ത് ദമസ്ക്കോസിനടുത്തുള്ള സെയ്ദ്നായിലെ സെമിനാരിയിൽ താമസിക്കുന്നുണ്ടായിരുന്നുവെന്ന് അവിടത്തെ വിദ്യാർത്ഥികൾ പള്ളിക്കാരോട് പറഞ്ഞു. ഗത്യന്തരമില്ലാതെ മെത്രാൻ ഏഴ് മാസങ്ങൾക്ക് ശേഷം ഒന്നും സംഭവിക്കാത്ത മട്ടിൽ അമേരിക്കയിലെ അരമനയിൽ തിരിച്ചെത്തി. ജനം അദ്ദേഹത്തിന്റെ കുർബാനയിൽ സംബന്ധിക്കാതെ പള്ളിക്ക് പുറത്ത് പ്രകടനം നടത്തി. പന്ത്രണ്ടാം ക്ലാസിൽ പഠിക്കുന്ന ഒരു പെൺകുട്ടിയാണ് ആദ്യമായി മെത്രാന് എതിരെ ഒരു കുറിപ്പ് നൽകി പ്രതിഷേധത്തിന് ആരംഭം കുറിച്ചത്.

ജനത്തെ സമാധാനിപ്പിക്കണം എന്ന് മെത്രാൻ വികാരിയോട് കല്പിച്ചു. എന്നാൽ തനിക്കതിന് കഴിയില്ല എന്നറിയിച്ച വികാരിയെ മെത്രാൻ സസ്പെൻഡ് ചെയ്തു. അദ്ദേഹത്തെ തിരിച്ചെടുക്കണം എന്നാവശ്യപ്പെട്ട് ഇടവകയിലെ അറുന്നൂറിൽ അഞ്ഞൂറ്റി മുപ്പത്തഞ്ച് വീട്ടുകാർ ചേർന്ന് പാത്രിയർക്കീസിന് നിവേദനം നൽകി. അതോടൊപ്പം തങ്ങളുടെ പണം തിരികെ നൽകണം എന്നും മെത്രാനെ തിരിച്ച് വിളിക്കണം എന്നും ആവശ്യപ്പെട്ടു. ഇതിനിടെ മെത്രാൻ ഇടവകയിലെ ഏതാനും കുടുംബങ്ങളെ മുടക്കുകയും ചെയ്തു. പാത്രിയർക്കീസിന്റെ മേലുള്ള സമ്മർദ്ദത്താൽ വികാരിയുടെ സസ്പെൻഷനും ആളുകളുടെ മുടക്കും പാത്രിയർക്കീസ് റദ്ദാക്കി. എന്നാൽ മെത്രാനെ മാറ്റാനോ, പണം തിരികെ നൽകാനോ തയാറായില്ല. ജനം ഇതിനായി കോടതിയിൽ കേസ് നൽകി. കേസ് ഗൗരവമാകും എന്ന് കണ്ട് അവ പിൻവലിച്ചാൽ പ്രശ്നം പരിഹരിക്കാം എന്ന് പാത്രിയർക്കീസ് വാക്ക് നൽകി. ജനം കേസുകൾ പിൻവലിച്ചു. എന്നാൽ പാത്രിയർക്കീസ് വാക്ക് പാലിച്ചില്ല. വഞ്ചിതരായ ജനം തങ്ങൾ പാത്രിയർക്കീസിൽ നിന്നും സ്വതന്ത്രരാകും എന്നും മലങ്കരസഭയുമായി ബന്ധപ്പെടും എന്നും പറഞ്ഞു. പാത്രിയർക്കീസ് ഇത് ഗൗരവമായി എടുത്തില്ല.

ജനത്തിന്റെ പ്രതിനിധിയായി വികാരിയും ട്രസ്റ്റി ശ്രീ. ജോർജ്ജ് ബ്രേറിയും ദമസ്ക്കോസിലെ സെമിനാരി പ്രിൻസിപ്പലായിരുന്നപ്പോൾ തന്റെ അധ്യാപകനായിരുന്ന (ഇപ്പോൾ അമേരിക്കയിൽ ഇൻഡ്യാന സംസ്ഥാനത്ത് യൂണിവേഴ്സിറ്റി അധ്യാപകനാണ്) ഡോ. അബ്ദുൾ മെശിഹ് സാദി വഴി തൃശൂർ മെത്രാസനത്തിലെ യൂഹാനോൻ മാർ മിലിത്തോസ് മെത്രാപ്പോലീത്തായുമായി ബന്ധപ്പെടുകയും ഷിക്കാഗോയിൽ വച്ച് കൂടിക്കാണുവാൻ ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്തു. കാലം ചെയ്ത പ. മാത്യൂസ് ദ്വീതീയൻ ബാവാ തിരുമേനിയുമായി മാർ മിലിത്തോസ് ബന്ധപ്പെടുകയും ഇതേക്കുറിച്ച് അഭിപ്രായം ആരായുകയും ചെയ്തു. പ. ബാവാ വളരെ സന്തോഷത്തോടെയാണ് അനുവാദം നൽകിയത്. അവരുമായി അദ്ദേഹം സംസാരിച്ചു. കഴിയുമെങ്കിൽ പാത്രിയർക്കീസുമായി രമ്യപ്പെടുവാനും അല്ലാതെ വന്നാൽ പ. കാതോലിക്കാ ബാവായുടെ അനുവാദത്തോടെ ആവശ്യമായ സഹായം എത്തിക്കാമെന്നും മെത്രാപ്പോലീത്താ അവരോട് പറഞ്ഞു. പ്രശ്നം പരിഹരിക്കുന്നതിനായി അവർ പാത്രിയർക്കീസുമായി ബന്ധപ്പെട്ടു എങ്കിലും അതിനുള്ള ഒരു ശ്രമവും പാത്രിയർക്കീസിന്റെ ഭാഗത്തുനിന്നും ഉണ്ടായില്ല. പലവട്ടം പാത്രിയർക്കീസിന്റെ ആവശ്യപ്രകാരം ഇടവക പ്രതിനിധികൾ ദമസ്ക്കോസിന് പോയി എങ്കിലും മെത്രാൻ അവരുമായി സംസാരിക്കുന്നതിന് കൂട്ടാക്കിയില്ല. പാത്രിയർക്കീസ് അതിനായി മെത്രാനെ നിർബ്ബന്ധിച്ചുമില്ല. പാത്രിയർക്കീസ് മെത്രാന്മാരുടെ കമ്മീഷനെ പലവട്ടം അമേരിക്കയിലേക്ക് അയക്കുകയും അവരെല്ലാം ഇടവകജനത്തിന് അനുകൂലമായ റിപ്പോർട്ട് നൽകുകയും ചെയ്തു എങ്കിലും അത് ഒന്നും നടപ്പാക്കാൻ പാത്രിയർക്കീസ് ശ്രമിച്ചില്ല. ജനത്തിന്റെ ആവശ്യങ്ങളിൽ ഏതെങ്കിലും നിറവേറ്റി നൽകി പ്രശ്നം അവസാനിപ്പിക്കണം എന്നായിരുന്നു കമ്മീഷനുകളുടെ റിപ്പോർട്ട്. ഒന്നുകിൽ മെത്രാനെ മാറ്റുക, അല്ലെങ്കിൽ മെത്രാൻ തെറ്റ് ഏറ്റ് പറഞ്ഞ് കടം വാങ്ങിയ തുക തിരികെ നൽകുക ഇതായിരുന്നു ജനത്തിന്റെ നിലപാട്. പക്ഷേ ഇതൊന്നും നടപ്പായില്ല.

ഈ സന്ദർഭത്തിൽ ഹോളണ്ടിലെ മെത്രാപ്പോലീത്താ തന്നിൽ നിന്നും കടം വാങ്ങിയ തുക തിരികെ തരണം എന്ന് പാത്രിയർക്കീസിന്റെ അടുത്ത് ആവശ്യപ്പെടാൻ തുടങ്ങി. എന്നാൽ പാത്രിയർക്കീസ് അദ്ദേഹത്തെ ജർമ്മനിയിലെ ഇടവകകളുടെ ചുമതലയിൽ നിന്നും വിടർത്തിയതായി ജർമ്മൻ അധികാരികളെ സുന്നഹദോസ് സെക്രട്ടറി വഴി അറിയിക്കുകയാണ് ചെയ്തത്. ഇത് മെത്രാപ്പോലീത്തായെ വല്ലാതെ തളർത്തിയിരുന്നു. ഈ ചുറ്റുപാടിലാണ് അദ്ദേഹം അവിചാരിതമായി ഹോട്ടൽ മുറിയിൽ മരണപ്പെടുന്നത്. മരണത്തിന് ഏതാനും മണിക്കൂർ മുൻപ് അദ്ദേഹം ആലപ്പോയിലെ മെത്രാപ്പോലീത്തായുമായി നേരിട്ട് സംസാരിച്ചിരുന്നു. അപ്പോൾ എന്തെങ്കിലും അസ്വസ്ഥത പ്രകടിപ്പിച്ചിരുന്നില്ല. മരണകാരണം അറിയാൻ പോസ്റ്റ്മോർട്ടം നടത്തണം എന്ന് പോലീസ് ആവശ്യപ്പെട്ടു എങ്കിലും പാത്രിയർക്കീസ് അത് അനുവദിച്ചില്ല.

വൈമനസ്യത്തോടെ എങ്കിലും കാലിഫോർണിയയിലെ ജനത്തിന് മെത്രാനും പാത്രിയർക്കീസും ആയിട്ടുള്ള എല്ലാ ബന്ധങ്ങളും വിച്ഛേദിക്കേണ്ടിവന്നു. പള്ളിയും സ്വത്തുക്കളും മെത്രാന്റെ പേരിൽ എഴുതിയതായിരുന്നു. ഇവിടെ നടക്കുന്നതുപോലെ കയ്യേറ്റത്തിനൊന്നും അവർ തുനിഞ്ഞില്ല. 2006 ജനുവരി 14-ാം തീയതി സ്രൂഗിലെ മാർ യാക്കോബിന്റെ നാമത്തിൽ പുതിയ ഇടവക രൂപീകൃതമായി. ഇത് അവരെ സംബന്ധിച്ചിടത്തോളം വളരെ വേദനാജനകമായ കാര്യമായിരുന്നു എങ്കിലും അനിവാര്യമായിരുന്നു. ഇവർ, വെസ്റ്റ് സിറിയക് വിശ്വാസം, പാരമ്പര്യം, ദൈവശാസ്ത്രം, ആരാധന എന്നിവ കാത്ത് സംരക്ഷിക്കും എന്നും കത്തോലിക്കാ, പ്രൊട്ടസ്റ്റന്റ് സഭകളിൽ ചേരില്ല എന്നും, പാത്രിയർക്കീസിന്റെ മേൽക്കോയ്മ നിരസിക്കുന്നു എന്നും മലങ്കരസഭയുമായി ബന്ധപ്പെട്ട് ആത്മീയ ആവശ്യങ്ങൾ നിറവേറ്റാൻ ശ്രമിക്കുമെന്നും പ്രഖ്യാപിച്ച് ഒരു സ്വതന്ത്ര ഇടവകയായി രജിസ്റ്റർ ചെയ്തു. തോമസ് പ്രഥമൻ കാതോലിക്കാ ഇവിടം സന്ദർശിച്ച് വികാരിയുടെ മനം തിരിക്കാൻ ശ്രമിച്ചു എങ്കിലും അവർ വഴങ്ങിയില്ല. സ്വന്തമായുണ്ടായിരുന്ന പള്ളി നഷ്ടപ്പെട്ടതിനാൽ അവിടെയുള്ള ട്രിനിറ്റി ലൂഥറൻ പള്ളിയിൽ ആരാധന നടത്താൻ ക്രമീകരണമുണ്ടാക്കി. പുതിയ ദൈവാലയം വാങ്ങാനുള്ള ശ്രമം ആരംഭിച്ചു കഴിഞ്ഞു.

അവരുടെ ഇടവകയുടെ 2007 ജനുവരിയിൽ നടക്കുന്ന ഒന്നാം വാർഷികത്തിൽ സംബന്ധിക്കാനും ഏതാനും സ്ഥിര ശെമ്മാശസ്ഥാനികൾക്ക് പട്ടം കൊടുക്കാനും ഗായകസംഘത്തിലെ അംഗങ്ങൾക്ക് കൈവെപ്പ് നൽകുവാനും ഇക്കഴിഞ്ഞ നവംബറിൽ അവർ യൂഹാനോൻ മാർ മിലിത്തോസ് മെത്രാപ്പോലീത്തായെ ക്ഷണിച്ചു. പ. ബാവാ തിരുമേനിയുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ തീരുമാനം രണ്ട് ദിവസത്തിനകം നൽകാമെന്ന് അദ്ദേഹം അറിയിച്ചു. തുടർന്ന് പ. തിരുമേനിയുമായി ബന്ധപ്പെട്ടപ്പോൾ ഗൾഫിന് പോവുകയാണ് എന്നറിഞ്ഞു. യാത്രാമധ്യേ കൊച്ചി വിമാനത്താവളത്തിൽ വച്ച് സഭാ വർക്കിംഗ് കമ്മറ്റി അംഗം ശ്രീ. ജോൺ സഖറിയയുടെ സാന്നിദ്ധ്യത്തിൽ മാർ മിലിത്തോസ് പ. തിരുമേനിയുടെ അനുവാദം ചോദിക്കുകയും സന്തോഷത്തോടെ അത് നൽകുകയും ചെയ്തു. തല്ക്കാലം ഇത് രഹസ്യമായിരിക്കണം എന്നും പരസ്പരം ധാരണ ആയിരുന്നു.

ഗൾഫിലുള്ള യുവജനപ്രസ്ഥാന യൂണിറ്റുകളുടെ സംയുക്ത വാർഷിക കോൺഫറൻസിൽ സംബന്ധിച്ചശേഷം മാർ മിലിത്തോസ് 2007 ജനുവരി 6 ന് അമേരിക്കയിലേക്ക് പോയി. 7 ന് ലോസ് ആഞ്ചൽസിൽ എത്തുകയും അന്ന് അവർ വാടകയ്ക്ക് എടുത്ത് വി. കുർബ്ബാന നടത്തുന്ന ബർബാങ്ക് ട്രിനിറ്റി ലൂഥറൻ പള്ളിയിൽ വി. കുർബ്ബാന അർപ്പിക്കുകയും ചെയ്തു. അതോടൊപ്പം ദനഹാ ശുശ്രൂഷയും നടത്തി. ഗായകസംഘത്തിന് (സംറോനീതോ) കൈവെപ്പ് നൽകൽ ചടങ്ങും നടന്നു.

തുടർന്നുള്ള ഒരാഴ്ചമാർ മിലിത്തോസ് അവിടത്തെ ആളുകളുമായി ആശയ വിനിമയം നടത്തുകയും ഇടവക കമ്മിറ്റിയിൽ സംബന്ധിക്കുകയും ചെയ്തു. ജനുവരി 14-ാം തീയതി അവർക്കുവേണ്ടി വീണ്ടും വി. കുർബ്ബാന അർപ്പിക്കുകയും ഒരു പൂർണ്ണ ശെമ്മാശൻ, മൂന്ന് യൗഫദ്യക്നൊ, നാല് കോറൂയോ, പന്ത്രണ്ട് സ്മ്റോനോ എന്നിവർക്ക് പട്ടം നൽകുകയും ചെയ്തു. ഈ ശുശ്രൂഷകളിൽ ലോസ് ആഞ്ചൽസിലെ മലങ്കര ഓർത്തഡോക്സ് ഇടവകയിലെ വികാരി ബ. യോഹന്നാൻ പണിക്കർ അച്ചനും ഒരു സംഘം ഇടവകക്കാരും സംബന്ധിച്ചിരുന്നു. നാട്ടിലേക്ക് തിരികെ പോരുമ്പോൾ ന്യൂയോർക്കിൽ വച്ച് അഭി. നിക്കളാവോസ് മെത്രാപ്പോലീത്തായെ കണ്ട് നടന്ന കാര്യങ്ങൾ അറിയിക്കുകയുണ്ടായി. ഇതിനിടയ്ക്ക് തന്നെ അഭി. നിക്കളാവോസ് തിരുമേനി അഭി. ബർണബാസ് തിരുമേനിയോട് പുതിയ മിഷന്റെ കാര്യം പറഞ്ഞിരുന്നു. ഇത് തീർച്ചയായും പാത്രിയർക്കീസിന് ഒരു പ്രഹരമായിരിക്കും എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. ഈ ഇടവകയുടെ ഭാവി സംബന്ധിച്ച് പ. ബാവാ തിരുമേനിക്ക് മാർ മിലിത്തോസ് നൽകിയ ശുപാർശ കൂടെ ഇതോ

(ശേഷം 7-ാം പേജിൽ)

# അച്ചനും കൊച്ചനും (ഭാഗം 13)

**മാത്തുക്കുട്ടിച്ചായൻ**

**(പാത്രിയർക്കീസ് വിഭാഗത്തിലെ ഒരു വൈദികനും 'കേഫ'യിലെ അംഗമായ ഒരു കുട്ടിയുമായുള്ള നർമ്മ സംഭാഷണം)**

കൊച്ചൻ: നമ്മുടെ ബാവായുടെ ആഗ്രഹം 30 വർഷത്തിനു ശേഷം നടന്നു. അന്ത്യോഖ്യായ്ക്ക് സ്തോത്രം.

അച്ചൻ: എടാ, അവന്മാരുടെ തേയോഫിലോസ്സ് തിരുമേനി കാലം ചെയ്തപ്പോൾ നമ്മുടെ ബാവാ കബറിന്റെ വാതുക്കൽ നിന്ന് അവിടെ തിരുമേനിയെ സംസ്ക്കരിക്കാതിരിക്കാൻ ശ്രമിച്ചതും, കഴിഞ്ഞ തവണ പുറംവഴി നടന്നതും ബാവാ മറന്നുകാണും.

കൊച്ചൻ: അവരുടെ ദിദിമോസ്സ് ബാവായ്ക്ക് കലക്ടറെ വലിയ വിശ്വാസമാണ്. അദ്ദേഹം നീതിയും ന്യായവും നിയമവുമേ നടത്തു എന്ന് അമിത വിശ്വാസമായിരുന്നു.

അച്ചൻ: ബാവാ തിരുമേനിക്ക് മാനേജർ എം. ഒ. ജോണിനേയും കത്തനാരെയും വലിയ വിശ്വാസമാ. നമ്മളും ജോണച്ചനും തമ്മിൽ മണ്ണാറപ്ര മുഖേന ലിങ്ക് ഉണ്ടെന്ന് ബാവായോടു അത്മായവേദി പറഞ്ഞു. ജോണച്ചൻ താൻ പറയുന്നിടത്തു നിൽക്കും എന്നാ പാവം ബാവാ ധരിച്ചത്.

കൊച്ചൻ: എന്റെ അച്ചാ, ഏഴ് മണിക്ക് ജോണച്ചൻ കബറുങ്കൽ ധൂപപ്രാർത്ഥന നടത്തി പതിവുപോലെ കബറു പൂട്ടിയിരുന്നെങ്കിൽ നമ്മൾ എങ്ങനെ കയറും?

അച്ചൻ: അവരുടെ ആൾക്കാരെ വിളിച്ച് സെമിനാരി വളപ്പിൽ കയറ്റി ഗാനശുശ്രൂഷ നടത്തിയത് എന്തിനാടാ മണ്ടാ. അപ്പോൾ കലക്ടറും, എസ്. പി. യും, ആർ. ഡി. ഒ. യും വന്ന് അവരുടെ ആൾബലം നോക്കി ഗയിറ്റ് ടച്ച് പോലീസ് ബന്തവസോടെ നമ്മളെ കയറ്റി.

കൊച്ചൻ: ജോണച്ചൻ ഇരുന്നിടത്തിരുന്നു. അനങ്ങിയില്ല. അതിയാൻ നേതൃത്വം കൊടുത്താൽ അവന്മാരെയും രക്തസാക്ഷികളായി വർഗ്ഗീസിന്റെ പട്ടികയിൽ കയറ്റാമായിരുന്നു.

അച്ചൻ: മണ്ണാറപ്രാ അച്ചൻ കഴിഞ്ഞ കുടുംബയോഗത്തിൽ പറഞ്ഞതാ, ഈ തവണ ശ്രേഷ്ഠബാവായെ കബറിങ്കൽ കയറ്റും എന്ന്.

കൊച്ചൻ: ജോണച്ചനെ നിയന്ത്രിക്കുന്നത് മണ്ണാറപ്രായാ അല്ലേ അച്ചാ. ഇനി ജോണച്ചനു ചരിത്രം തിരുത്തി എഴുതി നമ്മുടെ മെത്രാനാകാം. അവർ ഇനി ചുവന്നകുപ്പായം കൊടുക്കുമോ?

അച്ചൻ: തൃക്കുന്നത്തു സെമിനാരി കാരുചിറ റമ്പാച്ചൻ (വള്ളിക്കാട്ടെ ബാവാ) പണി കഴിപ്പിച്ചതാണെന്ന് അച്ചൻ ഇതുവരെ ദീപത്തിലെഴുതിയിട്ടില്ല. 1958 വരെ പാത്രിക്കീസ് വിഭാഗത്തിന്റേതാണെന്നാ അച്ചനും പത്രികയിലെ മണലിലും എഴുതിയത്. അത്മായ വേദി എന്ന ഭോഷന്മാരാ യാഥാർത്ഥ്യം എഴുതി പ്രശ്നം ഉണ്ടാക്കുന്നത്.

കൊച്ചൻ: വണ്ടിയും വള്ളവും ഇല്ലാഞ്ഞിട്ടും അവന്മാർ തക്കസമയത്ത് ആലുവായിലെത്തി. ബോബി കത്തനാരുടെ കാലത്ത് ശാപ്പാട് കഴിച്ച് പോകുന്നവന്മാരാ. ഈ വർഷം ജോണച്ചൻ തൊള്ളി വെള്ളം കൊടുത്തില്ല. 11 മണി കഴിഞ്ഞപ്പോൾ ഉറി പോലെ വിട്ടുപോയി.

അച്ചൻ: കഴിഞ്ഞ വർഷം നമ്മുടെ പന്തലിൽ കയറിവന്ന് അനാവശ്യം പറഞ്ഞവന്മാരാ. ഇത്തവണ വന്നിരുന്നെങ്കിൽ വെട്ടിഞുറുക്കാമായിരുന്നു. കലക്ടറും എസ്. പി. യും നമുക്ക് ഒപ്പമായിരുന്നില്ലേ?

കൊച്ചൻ: പി. പി. തങ്കച്ചനെ തോല്പിച്ച് സാജു പോളിനെ ജയിപ്പിച്ചപ്പോൾ ഇവന്മാർ ഉദ്ദേശിച്ചു സാജു കമ്മ്യൂണിസ്റ്റായതിനാൽ നീതി നടത്തും എന്ന്; അല്ലേ അച്ചാ.

അച്ചൻ: സാജു പോളും, ബാബു പോളും, മോനായിയും, ശർമ്മയും ഇനിയും 4 വർഷം കഴിഞ്ഞ് തോറ്റു തന്നെ. പിന്നെ എന്തിനാ നമ്മളെ പിണക്കുന്നത്.

കൊച്ചൻ: കുരുവിളച്ചേട്ടനും തങ്കച്ചൻ ചേട്ടനും ജേക്കബ് ചേട്ടനും രാഷ്ട്രീയം വേറെ ആണെങ്കിലും നമ്മുടെ ബാവായ്ക്കൊപ്പം നിന്നു.

അച്ചൻ: ഓർത്തഡോക്സ്കാരോട് കലക്ടർ ചോദിച്ചു, നിങ്ങൾക്ക് വേണ്ടി പറയാൻ എത്ര ജനപ്രതിനിധികൾ ഉണ്ടെന്ന്. അപ്പോ അവന്മാർ ചൂളിപ്പോയി.

കൊച്ചൻ: നമ്മുടെ ബാവാ പണ്ട് ഗ്രേറ്റ് മാർച്ച് നടത്തിയപ്പോൾ ഇരിക്കാൻ കൊടുത്ത കുഷ്യൻ നെഞ്ചത്ത് അടുക്കി പിടിച്ച് അലച്ച് അലമുറയിട്ടു പറഞ്ഞു, ഞാൻ ഇവിടെ കയറിട്ടേ മരിക്കൂ എന്ന്. നോക്കണേ ബാവായുടെ പ്രവചനം. പ്രവർത്തിയുള്ള വചനം.

അച്ചൻ: ആ പി. സി. അലക്സാണ്ടറെ ഇന്ത്യൻ പ്രസിഡന്റ് ആക്കരുതെന്ന് കമ്പി അടിച്ചത് നമ്മുടെ ബാവായാ. രാജഗോപാലു ചേട്ടനും സഹായിച്ചു.

കൊച്ചൻ: നന്നായി. അയാൾ പ്രസിഡണ്ടായിരുന്നുവെങ്കിൽ നമ്മുടെ സഹോദരന്മാരായ കാശ്മീരിലെ തീവ്രവാദികൾക്കും മറ്റും വേണ്ടി കാശ്മീർ വിട്ടുകൊടുത്തേനെ. അരുണാചൽ ചൈനയ്ക്കും. എന്തായാലും നമ്മുടെ ബാവാ ഇന്ത്യയെ രക്ഷിച്ചു.

അച്ചൻ: ദേശീയത പറയുന്ന അലക്സാണ്ടർ എങ്ങിനെയാ സിറിയായിലെ പാത്രിയർക്കീസിന് 40 പള്ളി വിട്ടുകൊടുക്കുന്നത്.

കൊച്ചൻ: ഇദ്ദേഹം ഇന്ദിരാഗാന്ധിയ്ക്കും, രാജീവ് ഗാന്ധിക്കും ഒപ്പം അധികാരത്തിലിരുന്നപ്പോൾ 40 പള്ളി വിട്ടുകൊടുത്ത് പ്രശ്നം നീക്കാമായിരുന്നല്ലോ? ഇന്ന് എന്തിനാ ഈ ഇന്ത്യൻ പാത്രിക്കീസു വേണം എന്ന് പറയുന്നത്.

അച്ചൻ: അന്നു പറഞ്ഞത്, കാതോലിക്കായുടെ കീഴിൽ രണ്ടു പാത്രിക്കീസു വേണമെന്നാ.

കൊച്ചൻ: അവരുടെ മാനേജിംഗ് കമ്മിറ്റി തെരഞ്ഞെടുപ്പാ. വലിയ മത്സരമാ. അവരുടെ കോളജിലെ സാറന്മാരും, മനോരമയിലെ ജീവനക്കാരും, യൂത്തുകോൺഗ്രസ്സുകാരും, സി. പി. എം. കാരുമൊക്കെയാണ് സ്ഥാനാർത്ഥികൾ. അച്ചന്മാരും, മെത്രാന്മാരും ഇവർക്കൊപ്പമേ നില്ക്കൂ. സഭാസ്നേഹികളെ തെരഞ്ഞെടുത്താൽ സഭ വളരും. അവരു വളർന്നാൽ നമ്മൾ പിളരും.

അച്ചൻ: ശരിയാ. നമ്മൾ പിളരും. അവർ പിളരില്ല. അവർ കൂട്ടത്തോടെ സ്വർഗ്ഗീയവിരുന്നിൽ പോകും. പോകുന്നവർ പോകട്ടെ എന്ന നയമാണ് അവരുടേത്. റ്റി. എം. വർഗ്ഗീസിനെ നമ്മൾ കൊന്നു. അയാളുടെ ഭാര്യയ്ക്കും മക്കൾക്കും പോയി. മിലിത്തോസിനെ ആലുവായീന്നു മാറ്റി. നമ്മൾ കയറി. അവർക്ക് ബാക്കി മതി.

കൊച്ചൻ: നമ്മൾ ഇരു കൂട്ടരും നന്നാവാൻ എന്തു ചെയ്യണം?

അച്ചൻ: ബാവാമാരും, മെത്രാന്മാരും, വൈദീകരും ലൗകീകസുഖം തേടി ബ്ലേയിഡുകാരന്റെയും, പത്രക്കാരന്റെയും, പണക്കാരന്റെയും പിറകെ ഊരുചുറ്റി നടക്കുന്നത് നിർത്തി പ. പരുമല തിരുമേനി, കടവിൽ തിരുമേനി, വട്ടശ്ശേരിൽ തിരുമേനി, പാമ്പാടി തിരുമേനി, കുറിച്ചി ബാവാ, മഞ്ഞിനിക്കര ബാവാ എന്നിവരെപ്പോലെ പ്രാർത്ഥിക്കുന്നവരാകണം.

അച്ചടക്കവും, പ്രാർത്ഥനയും, ആടുകളെ കരുതുന്നവരുമായാൽ അവരിൽ ഐക്യം ഉണ്ടാകും. തൃക്കുന്നത്ത് മിലിത്തിയോസ്സ് തിരുമേനിയെ മാറ്റാൻ ബഹളം വച്ച ഒറ്റ ഓർത്തഡോക്സ് മെത്രാനെയും പെരുനാളിനു കണ്ടില്ല. അതിൽ ഒപ്പിട്ട അച്ചന്മാരെയും കണ്ടില്ല. ഇവരൊക്കെ വെള്ളം കലക്കി മീൻ പിടിക്കുന്നവരാടാ.

❑

## കത്തുകൾ... കത്തുകൾ....

### മലങ്കരസഭയിൽ വിഭജനം ഒരു സമാധാന മാർഗ്ഗമാണോ?

ഇത് എഴുതുവാൻ എന്നെ പ്രേരിപ്പിച്ചത് മലങ്കരസഭയിൽ സമാധാനം നിലനിർത്താൻ സർവ്വാദരണീയനായ മുൻ തമിഴ്നാട് -മഹാരാഷ്ട്രാ ഗവർണറും മുൻപ്രധാന മന്ത്രിമാരായ ഇന്ദിരാഗാന്ധിയുടെയും രാജീവ്ഗാന്ധിയുടെയും പ്രൈവറ്റ് സെക്രട്ടറിയും സർവ്വോപരി മലങ്കരസഭാ സ്നേഹിയും ആയ ഞാൻ അത്യധികം ബഹുമാനി ക്കുന്ന ഡോ. പി. സി. അലക്സാണ്ടർ എം. പി. മാക്കാംകുന്ന് കൺവൻഷൻ ഉത്ഘാടനം ചെയ്ത് നടത്തിയ പ്രസംഗം ആണ്. പൊതുവെ സ്വീകാര്യം എന്ന് പുറമേ തോന്നുമെങ്കിലും പല നിർദ്ദേശങ്ങളും ആഴത്തിൽ ചിന്തിക്കുമ്പോൾ സ്വീകാര്യമാണെന്ന് എനിക്ക് തോന്നുന്നില്ല.

1. നമ്മളെ വേണ്ടാത്ത പാത്രിയർക്കീസിനെ നമുക്കും വേണ്ട: ഇത് നല്ല ഒരു നിർദ്ദേശം ആണ്.

2. സഭയുടെ പേർ ഇന്ത്യൻ ഓർത്തഡോക്സ് സഭ എന്ന് മാറ്റുമ്പോൾ നമ്മുടെ പാരമ്പര്യം നമുക്ക് ഇല്ലാതാകും. ഈ സന്ദർഭം മറ്റു പലരും (റീത്ത് ഉൾപ്പെടെ) ഉപയോഗിക്കും.

3. സഭാ അധ്യക്ഷന്റെ സ്ഥാനപ്പേർ മാറ്റേണ്ടകാര്യം ഉണ്ടോ. കാരണം മലങ്കരയിൽ പിതാക്കന്മാർ സ്ഥാപിച്ചത്. കാതോലിക്കേറ്റ് ആണ്. വേണമെങ്കിൽ കാതോലിക്കേറ്റിന്റെ കീഴിൽ പാത്രിയർക്കീസിനെ വാഴിക്കാം.

4. നമ്മൾ നാൽപത് പള്ളികൾ വിട്ടുകൊടുത്താൽ പ്രശ്നം തീരുമോ? ആലുവാ, വെട്ടിക്കൽ, കോലഞ്ചേരി, കടമറ്റം, കണ്ടനാട്, പുതുപ്പള്ളി തുടങ്ങി പുരാതനമായ പള്ളികൾ വിട്ടുകൊടുത്താൽ സഭയ്ക്കുവേണ്ടി ചോരയും നീരും കളഞ്ഞ് ജീവൻ പോലും സഭയ്ക്കു വേണ്ടി ബലിഅർപ്പിച്ച മലങ്കര വർഗീസിനെ പോലെയും മട്ടുമ്മേൽ അച്ചനെ പോലെയും ഉള്ള നൂറുകണക്കിന് പിതാക്കന്മാരോടും സർവ്വോപരി ഇന്നും സഭയ്ക്കു വേണ്ടി നീചൻമാരുടെ ഇടയിൽ പോരാടുന്ന ഓർത്തഡോക്സ് പാരമ്പര്യം ഉള്ള ആയിരക്കണക്കിന് വിശ്വാസികളോടും ചെയ്യുന്ന വഞ്ചന ആയിരിക്കും അത്. അതിന് കൂട്ട് നിൽക്കാൻ ഈ സഭയ്ക്ക് കഴിയുമോ?

5. പി. സി. അലക്സാണ്ടർ അനേകം ഉന്നത സ്ഥാനങ്ങൾ വഹിച്ച വ്യക്തി ആണ്. കോൺഗ്രസ്സ് പാർട്ടി പിൻതുണച്ചിരുന്നുവെങ്കിൽ ഭാരതത്തിന്റെ പ്രഥമ പൗരൻ ആകേണ്ട വ്യക്തിയായിരുന്നു.

ആ സ്ഥാനത്ത് എത്തിയിരുന്നുവെങ്കിൽ ഭാരതത്തിന്റെ അതിർത്തി പ്രശ്നത്തിൽ അങ്ങ് എന്തു നിലപാട് എടുക്കുമായിരുന്നു.

1. കാശ്മീർ പ്രശ്നം തീർക്കാൻ കാശ്മീർ പാക്കിസ്ഥാന് വിട്ടു കൊടുക്കാൻ നിർദ്ദേശിക്കുമായിരുന്നോ?

2. ഭാരതത്തിന്റെ ചൈനാ ബോർഡർ ചൈനയ്ക്ക് കൊടുക്കുമായിരുന്നോ? 2003 ൽ പുത്തൻകുരിശ് സൊസൈറ്റി ഉണ്ടാക്കി ഭാരതത്തിന്റെ നീതിന്യായ വ്യവസ്ഥയെ വെല്ലുവിളിച്ച് സഭയ്ക്ക് പുറത്ത് പോയ വിഘടിത വിഭാഗത്തിനു വേണ്ടി സഭയ്ക്ക് വടക്കുള്ള ഓർത്തഡോക്സ് വിശ്വാസിക ളെ വഞ്ചിക്കാൻ കഴിയില്ല. അഥവാ നേതൃ ത്വം തയ്യാറായാലും വടക്ക് ചോരയും നീരും സഭയോട് കൂറും ഉള്ള ഒരാൾ പോലും അതിന് തയ്യാറാകും എന്ന് തോന്നുന്നില്ല കാരണം തെക്കോട്ടുള്ള ഓർത്തഡോക്സ്കാർക്ക് സഭാ വഴക്കിന്റെ പ്രശ്നങ്ങൾ അനുഭവിക്കേണ്ടി വന്നിട്ടില്ല.

**ജ്യോതിഷ് കുറിച്ചി**

കോട്ടയം ഭദ്രാസനത്തിൽ, ചില സ്ഥാപനങ്ങളിലും ഗവ: സർവ്വീസിലും ജോലി ചെയ്യുന്ന രാഷ്ട്രീയ സ്ഥാനമാനമുള്ളവരും കേരളത്തിനകത്തും പുറത്തും ജോലി ചെയ്യുന്നവരുമായ ചില ഉദ്യോഗസ്ഥന്മാർ പാർട്ട് ടൈം സഭാ സേവകരായി മത്സരരംഗത്ത് ഉണ്ട്. ഇത്തരക്കാർ സഭയ്ക്ക് ഉതകുമോ എന്ന് ചിന്തിക്കുന്നത് നന്ന്. ഇത്തരക്കാരുടെ വിഹാര രംഗം പാമ്പാടി പ്രദേശമാണ്.

**സ്കറിയാ, മീനടം**

കഴിഞ്ഞ മാനേജിംഗ് കമ്മിറ്റിയിൽ വലിയകാര്യങ്ങൾ ചെയ്തു എന്ന് വീമ്പിളക്കുന്ന സ്ഥാനാർത്ഥികളേ, നിങ്ങൾ എന്തുകൊണ്ട് കോടതി ഉത്തരവ് നടത്തിയില്ല? വാരിക്കോലിൽ ബാവായെ രാത്രിയിൽ തടഞ്ഞിട്ട് പ്രതികരിച്ചില്ല? മണർകാട് പ്രശ്നം ഉണ്ടാക്കിയതും നാണംകെടുത്തിയതും നിങ്ങളിൽ ചിലരല്ലേ? പാത്രിയർക്കീസു ബാവായെ വരുത്താതിരിക്കാൻ പ. ബാവാ ചെയ്ത നടപടിയ്ക്ക് തുരങ്കം വച്ചവർ നിങ്ങളല്ലേ? കേസ്സു നീട്ടി വയ്പിച്ചതും നിങ്ങളിൽ ചിലരുടെ രാഷ്ട്രീയ, വ്യവസായ നേട്ടത്തിനല്ലേ? മറു ഭാഗത്തെ മെത്രാന്മാരെ സഭയിൽ വരുത്തി സ്വീകരിച്ചതും അവരെ അവഹേളിച്ച് എൽ. ഡി. എഫ്. ചാരന്മാരായി ചിത്രീകരിച്ചതും നിങ്ങളിൽ ചിലരല്ലേ? കോലഞ്ചേരി, കടമറ്റം പള്ളികളിൽ സംയുക്തം ഉണ്ടാക്കി വിഘടിതരെ കയറ്റിയതും നിങ്ങളിൽ ചിലരല്ലേ? മാത്യൂസ് ദ്വിതീയൻ ബാവായെ കൂടെ നിന്നു ചതിച്ചതും നിങ്ങളല്ലേ? എന്തിന് ഈയിടെ തൃക്കുന്നത്തു സെമിനാരിയിൽ ശ്രേഷ്ഠനെ കയറ്റാൻ കൂട്ടുനിന്നത് ഒരു പ്രിൻസിപ്പാളും, ഒരു ഡോക്ടറുമല്ലേ? പാത്രിയർക്കീസു ബാവായ്ക്ക് അവരുടെ സ്റ്റേജിൽ കയറി മാലയിട്ടു സ്വീകരിച്ചതും നിങ്ങളല്ലേ? മലങ്കര വർഗ്ഗീസ് കേസ് എവിടെ? നിങ്ങൾ അന്വേഷിക്കുന്നുണ്ടോ? പോയവൻ പോയി. അല്ലാ എന്നു പറയുന്നവരുണ്ടെങ്കിൽ സഭയെ ഒറ്റു കൊടുത്ത ഈ ചാരന്മാരെ സഭയ്ക്ക് ബോദ്ധ്യപ്പെടുത്താതെ അവരോടൊപ്പം ഇരുന്നില്ലേ? ഇത്തരം കാശിനു കൊള്ളാത്തവരെ വീണ്ടും തിരഞ്ഞെടുക്കരുത്. വിദ്യാഭ്യാസവും വിവരവും സഭയോടു കൂറുമുള്ളവരെ തിരഞ്ഞെടുക്കണം.

**ഫിലിപ്പ് തോമസ്സ് പുതുപ്പള്ളി**

2002 ലെ മാനേജിംഗ് കമ്മിറ്റിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവരും, നോമിനേറ്റ് ചെയ്യപ്പെട്ടവരുമായ ഒറ്റ ഒരുത്തരേയും വീണ്ടും തിരഞ്ഞെടുത്ത് സഭയെ മുടിക്കല്ലേ?

കാരണം സുപ്രീംകോടതി വിധി, പല പള്ളികൾക്കും പ്രാദേശികമായി കിട്ടിയ വിധി എന്നിവ നടത്തിഎടുക്കാൻ ഇവരിൽ 10 പേർ ശ്രമിച്ചിരുന്നുവെങ്കിൽ നമ്മുടെ സഭയ്ക്ക് ഈ ഗതി ഉണ്ടാവില്ലായിരുന്നു. ഏത്തയ്ക്കാഅപ്പവും തിന്ന് കാപ്പിയും കുടിച്ച് അവരവരുടെ രാഷ്ട്രീയവും കച്ചവടവും കടലാസു കച്ചവടവും, ചിട്ടിയും, സ്കൂൾ കോളജിലെ ജോലിയും പ്രമോഷനും നില നിർത്താൻ വേണ്ടി നടക്കുന്ന സ്ഥാനാർത്ഥികളെ പരാജയപ്പെടുത്തണം.

**ആലീസ് റജി, തലവൂർ**

നമ്മുടെ സഭയുടെ പേരും, നമ്മുടെ ബാവായുടെ പേരും, മെത്രാന്മാരുടെ പേരു പോലും അറിയാത്ത, ഒരു കൗമ പ്രാർത്ഥിക്കാനറിയാത്ത കക്ഷികളും മത്സരരംഗത്തുണ്ട്. ഈ പൊങ്ങന്മാർക്ക് ക്ലബ്ബിലും പാർട്ടികളിലും വിലസാൻ ഈ പദവി ഉപകരിക്കുമായിരിക്കും. അതുകൊണ്ട് സഭയ്ക്ക് എന്ത് പ്രയോജനം എന്ന് വിശ്വാസികൾ ചിന്തിക്കണം. സഭാസ്നേഹം ഇവർക്കില്ലെന്നത് നിശ്ചയം തന്നെ.

**ടോമി എം. ഐസക്ക്, ചാത്തന്നൂർ**

സഭ വക കോളജുകളിൽ പ്രൊഫസറന്മാരായി സേവനം അനുഷ്ഠിച്ചവരും, അനുഷ്ഠിക്കുന്നവരും കഴിവുള്ളവരാണ്. സഭയ്ക്ക് കൊള്ളാം. പക്ഷേ സായിപ്പിനെ കാണുമ്പോൾ കവാത്തു മറക്കും. ഓർത്തഡോക്സ്കാരന്റെ കൈയിൽ നിന്നു പോലും കോഴ വാങ്ങാൻ പറയുന്ന സ്കൂൾ, കോളജ് മാനേജരന്മാരുടെ മുഖത്തുനോക്കി നടക്കില്ല, മെറിറ്റ് അടിസ്ഥാനത്തിൽ അഡ്മിഷൻ നൽകണം എന്ന് പറയാൻ ചങ്കൂറ്റം കാട്ടാൻ പ്രൊഫസറന്മാർ, പ്രിൻസിപ്പളന്മാർ എന്നിവർ തയ്യാറാകുമോ? വിശ്വാസികളേ ഇവരെ വിജയിപ്പിച്ച് സഭയെ മുടിക്കല്ലേ. ഇവരെ തുണയ്ക്കാൻ വൈദികരും, റമ്പാന്മാരും, മെത്രാന്മാരും ഉണ്ടാകും. സാധാരണക്കാരായ വിശ്വാസികളുടെ താല്പര്യം സംരക്ഷിക്കണമെങ്കിൽ സാധാരണക്കാരെ വിജയിപ്പിക്കണം.

**ജോസഫ് ചാക്കോ, പൊങ്ങന്താനം, വാകത്താനം**

### വനിതകളുടെ വോട്ടവകാശത്തെക്കുറിച്ച് എഴുതുവാൻ അൽമായവേദി മാത്രം

ഡിസംബർ ലക്കത്തിലെ അഡ്വ: ജെയ്സി കരിങ്ങാട്ടിലിന്റെ ലേഖനം ഗംഭീരമായിരിക്കുന്നു. തള്ളപ്പെട്ടവരായ വനിതകൾക്കു വേണ്ടി നിലകൊള്ളുന്ന അൽമായവേദി പ്രവർത്തകർക്ക് അഭിനന്ദനങ്ങൾ. അൽമായവേദിയെപ്പറ്റിയുള്ള ദുഷ്പ്രചരണങ്ങൾ വിശ്വസിച്ചിരുന്ന ഞങ്ങളിൽ പലരും ഇപ്പോൾ അഭിപ്രായം മാറ്റിത്തുടങ്ങി.

**കുഞ്ഞുമോൾ, ഓമല്ലൂർ**

### അൽമായവേദിയുടെ ധീരതയെ അഭിനന്ദിക്കുന്നു

വീണ്ടും വീണ്ടും തങ്ങളുടെ സഭാസ്നേഹവും ആദർശധീരതയും പ്രകടിപ്പിക്കുന്ന അൽമായവേദിക്ക് അഭിനന്ദനങ്ങൾ. സഭയുടെ താല്പര്യങ്ങൾക്കെതിരായി നിലകൊള്ളുന്ന ഏത് ഉന്നതനെയും വെല്ലുവിളിക്കുവാൻ അൽമായവേദിക്കു മാത്രമേ സാധിക്കുന്നുള്ളൂ. മറ്റു പലരും തക്കം പോലെ ചാഞ്ഞും ചെരിഞ്ഞും നിൽക്കുമ്പോൾ, സ്വാർത്ഥലാഭം നോക്കാത്ത ധീരമായ നിലപാടുകൾ അൽമായവേദിക്കു സ്വന്തം. ദൈവാത്മപ്രേരിതമായ ഈ പ്രവർത്തനങ്ങൾ ധീരതയോടെ തുടരുക.

**എം. എം. വർഗ്ഗീസ്, വടശ്ശേരിക്കര**

### ബ്ലേഡു വിരുദ്ധ നിലപാടിന് സ്വാഗതം

ഡിസംബർ ലക്കം എഡിറ്റോറിയലിലെ ബ്ലേഡ് വിരുദ്ധ നിലപാടുകളെ അഭിനന്ദിക്കുന്നു. ബ്ലേഡു മാഫിയായെ ഭയപ്പെടാതെ വ്യക്തമായ നിലപാടെടുക്കുന്ന അൽമായവേദിയുടെ പ്രവാചകശബ്ദത്തിന് സഭാ സ്നേഹികൾ ചെവികൊടുത്തെങ്കിൽ എന്നാശിക്കുന്നു.

**കുര്യാക്കോസ് കുര്യൻ, അമയന്നൂർ**

### അസത്യം പ്രചരിപ്പിക്കുന്നത് ഫാ. ഡോ. ഒ. തോമസ്

*പക്ഷം പിടിക്കാം, അസത്യം പ്രചരിപ്പിക്കരുത്* എന്ന ഒ. തോമസച്ചന്റെ കത്തുവായിച്ചു. താൻ മത്സരിക്കുന്നത് പ: കാതോലിക്കാബാവായുടെയും നിയുക്ത കാതോലിക്കാ ബാവായുടെയും നിർദ്ദേശാനുസരണമാണെന്ന് പ്രചരിപ്പിക്കുന്ന ഒ. തോമസച്ചനല്ലേ അസത്യം പ്രചരിപ്പിക്കുന്നത്? ബാവായും നിയുക്തബാവായും പൂർണ്ണ നിഷ്പക്ഷത പാലിക്കുമെന്ന അൽമായവേദിയുടെ റിപ്പോർട്ട് അദ്ദേഹമെന്തേ നിഷേധിക്കാഞ്ഞത്? രേഖാമൂലം പറഞ്ഞാൽ ചെമ്പു തെളിയുമെന്നും വാക്കാൽ പറയുന്നതിന് രേഖയുണ്ടാവില്ലെന്നതുമായ തിരിച്ചറിവിൽ അല്ലേ? പൂച്ച കണ്ണടച്ച് പാൽ കുടിക്കുന്നത് പോലെ!

**അലക്സ് തോമസ്, നിരണം**

## അസാന്നിദ്ധ്യം ശ്രദ്ധേയമായി

ആലുവാ: ജനുവരി 25 നു പുത്തൻകുരിശു സൊസൈറ്റിക്കാർ ആലുവാ സെമിനാരിയിൽ അനധികൃതമായി പ്രവേശിച്ചപ്പോൾ ചിലർ അസാന്നിദ്ധ്യം കൊണ്ടു ശ്രദ്ധേയരായി.

ഫാ. ബോബി വർഗീസിനെ മാനേജർ സ്ഥാനത്തു നിന്നും ഡോ. യൂഹാനോൻ മാർ മിലിത്തോസിനെ സഹായ മെത്രാൻ സ്ഥാനത്തുനിന്നും നീക്കുവാനും ഫാ. ഡോ. എം. ഒ. ജോണിനെ നിയമിക്കുവാനും മാസങ്ങളോളം പരിശ്രമിച്ചു വിജയിച്ച ചില വൈദികരും അൽമായരുമാണ് അസാന്നിദ്ധ്യം കൊണ്ട് ശ്രദ്ധേയരായത്.

മാർ മിലിത്തോസിനെ നീക്കം ചെയ്ത് പകരം 'ഓർത്തഡോക്സ് പാരമ്പര്യമുള്ള' മെത്രാനെ നിയമിക്കണമെന്ന് പ. പിതാവിന് അന്ത്യശാസനം നൽകുകയും അത് പുത്തൻകുരിശു സൊസൈറ്റിയുടെ മുഖപത്രത്തിൽ പൂർണരൂപത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്ത വൈദികരാരെയും ആലുവാ സെമിനാരിയിൽ കണ്ടില്ല.

ഇതേ അവശ്യമുന്നയിച്ച് നിത്യവും ദേവലോകത്തു കയറിയിറങ്ങുകയും ഫാ. എം. ഒ. ജോണിനെ നിയമിച്ച് വിജയം ആഘോഷിക്കുകയും ചെയ്ത ഡോ. എൻ. എം. മത്തായി പ്രൊഫ. എം. ഇ. കുര്യാക്കോസ്, പി. ഐ. യൽദോസ് എന്നിവരും സന്നിഹിതരായില്ല.

അസാന്നിദ്ധ്യത്തിന്റെ കാരണം തിരക്കിയവരോട് പ്രൊഫ. കുറിയാക്കോസും, യൽദോസും തങ്ങൾക്കു സുഖമില്ലെന്നും ദിവസങ്ങളായി വിശ്രമത്തിലാണെന്നുമാണ് അറിയിച്ചത്. എന്നാൽ സംഭവദിവസം ഉച്ചയ്ക്ക് പഴഞ്ഞി കോളജ് പ്രിൻസിപ്പലായ കുറിയാക്കോസ് ദേവലോകത്തുണ്ടായിരുന്നതായും സുഖമില്ലാത്ത യൽദോസ് താൻ ജോലിചെയ്യുന്ന അങ്കമാലിയിലെ കമ്പനിയിൽ 'ഡബിൾ ഡ്യൂട്ടി' ചെയ്തതായും വ്യക്തമായ വിവരം ലഭിച്ചിട്ടുണ്ട്.

മാർ മിലിത്തോസിനെ നീക്കം ചെയ്യാൻ സുന്നഹദോസിൽ കളിച്ച വിദ്യാർത്ഥിപ്രസ്ഥാനം കോക്കസിലെ അംഗങ്ങളാരും ആലുവായിലേയ്ക്കു തിരിഞ്ഞുനോക്കിയില്ല. ഫാ. എം. ഒ. ജോണിന്റെ നിയമനത്തിൽ നിർണായകപങ്കു വഹിച്ച വൈദികട്രസ്റ്റിയും ആലുവായിലെത്തിയില്ല.

ശ്രേഷ്ഠ നിയുക്ത കാതോലിക്കായെ കൂടാതെ കുറിയാക്കോസ് മാർ ക്ലിമ്മീസ് മെത്രാപ്പോലീത്താ മാത്രമാണ് ജനുവരി 25 നു ആലുവായിലുണ്ടായിരുന്നത്. ഭദ്രാസനത്തിലെ ഏറ്റവും സീനിയറായ ഐസക്ക് കോർഎപ്പിസ്ക്കോപ്പാ, ഫാ. പൗലൂസ് എന്നിവർ മാത്രമായിരുന്നു സ്ഥലത്തുണ്ടായിരുന്ന വൈദീകർ. പ.പിതാവിന്റെ പ്രിൻസിപ്പൽ സെക്രട്ടറി ഫാ. ഡോ. സാബു കുര്യാക്കോസിന്റെ സജീവസാന്നിദ്ധ്യം അഭിനന്ദനങ്ങൾ പിടിച്ചുപറ്റി.

## ശീമക്കാരുടെ ഇടവക...

*(ഏഴാം പേജിൽ നിന്നും)*

ടൊപ്പം കുറിക്കട്ടെ:

ഈ ഇടവക പല കാരണങ്ങളാൽ വളരുവാനും കൂടുതൽ ഇടവകകൾ ഇവരോടൊപ്പം ചേരുവാനും സാദ്ധ്യത ഉണ്ട്. ഇക്കാര്യം പരിഗണിച്ച് നമുക്ക് ഒരു സമീപനം രൂപീകരിക്കേണ്ടിയിരിക്കുന്നു. എന്നാൽ നമുക്ക് പാത്രിയർക്കീസിൽ നിന്നും ഉണ്ടായ സമീപനം ആവർത്തിക്കരുത്. മറിച്ച് അപകട സന്ദർഭത്തിലെ സഹായിയുടെ കടമ മാത്രമായിരിക്കണം നാം നിർവ്വഹിക്കുന്നത്. അവർ സ്വയംപര്യാപ്തത കൈവരിക്കുന്നതുവരെ അവരുടെ ആത്മീയവും, എപ്പിസ്ക്കോപ്പായ്ക്ക് അടുത്തതുമായ ചുമതലകൾ നാം നിർവ്വഹിക്കണം. ഇപ്പോൾ അവർ സഭാ തലവന്റെ സ്ഥാനത്ത് പ. കാതോലിക്കാ ബാവായുടെയും ഭദ്രാസന മെത്രാപ്പോലീത്തായുടെ സ്ഥാനത്ത് യൂഹാനോൻ മോർ മിലിത്തോസ് മെത്രാപ്പോലീത്തായുടെയും പേരുകളാണ് വി. കുർബാനയിൽ സ്മരിക്കുന്നത്. ഇത് തുടർന്നും നിലനിർത്തണം. ഇവർക്ക് സ്വതന്ത്രമായി ഒരു മെത്രാപ്പോലീത്താ ഉണ്ടാകുന്നതുവരെ ഇവർക്കുള്ള നേതൃത്വം നമുക്ക് തുടരേണ്ടിവരും. അതിന് ശേഷം വി. കുർബ്ബാന സംബന്ധമുള്ള സഭകൾ എന്ന വിധത്തിലും പരസ്പര സഹകരണമുള്ളവർ എന്ന വിധത്തിലും പ്രവർത്തിക്കുകയും അന്യോന്യ കൂട്ടായ്മയിൽ കഴിയുകയും ചെയ്യാവുന്നതാണ്.

**സ്നേഹം, സ്വാതന്ത്ര്യം, പുതിയ മാനവികത**

ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് സമ്പൂർണ്ണ മലയാള രചനകൾ വാല്യം 1.

6 ഗ്രന്ഥങ്ങളും 21 പ്രഭാഷണങ്ങളും 17 ലേഖനങ്ങളും. 672 പേജുകൾ. സൗജന്യവില: 200 രൂപ

സോഫിയാ പ്രിന്റ് ഹൗസ്, സെക്കന്റ് ഫ്ളോർ, കണ്ടത്തിൽ ബിൽഡിംഗ്, ടെമ്പിൾ റോഡ്, കോട്ടയം – 686001 ഫോൺ: 0481 3255054

**അൽമായവേദി**

വാർഷിക വരിസംഖ്യ: 100 രൂപ (ഇന്ത്യയിൽ)

വിലാസം: AKHILA MALANKARA ORTHODOX ALMAYA VEDI, Post Box No. 652, Kottayam 686 001

**നസ്രാണി പഠനങ്ങൾ ഭാഗം 1**

എം. കുര്യൻ തോമസ്

അവതാരിക: ഫാ. ഡോ. ജേക്കബ് കുര്യൻ

വില: 50 രൂപ മാത്രം

കോപ്പികൾക്ക് എം. ഒ./ഡ്രാഫ്റ്റ് അയക്കുക. വിലാസം: AKHILA MALANKARA ORTHODOX ALMAYA VEDI, POST BOX NO. 652, KOTTAYAM - 686001

# സഭ പിടിച്ചെടുക്കുവാൻ ബ്ലെയിഡുകാരെ അനുവദിക്കരുത്

**വി. എം. ഏബ്രഹാം വീയപുരം** (ബ്ലയിഡ് വിരുദ്ധ സമിതി, തിരുവല്ല)

അൽമായട്രസ്റ്റി സ്ഥാനത്തേക്ക് ഒരു പ്രമുഖ ബ്ലെയ്ഡു കമ്പനിയുടമ മത്സരിക്കുന്നതായി കേൾക്കുന്നു. സഭാനേതൃത്വത്തിൽ ഇത്തരക്കാർ വേണമോ എന്നത് സഭാമക്കൾ ഗൗരവമായി ചിന്തിക്കേണ്ട വിഷയമാണ്. കേരളത്തിലെ എല്ലാ മേഖലകളിലും ആധിപത്യം പുലർത്തുന്ന ബ്ലേഡ് മാഫിയ, സഭയേയും തങ്ങളുടെ മേച്ചിൽപ്പുറമാക്കിയിട്ട് കാലങ്ങൾ പലതും കഴിഞ്ഞെങ്കിലും സുപ്രധാനമായ ഒരു പദവിയിലേക്ക് ഒരു ബ്ലേഡ് കമ്പനിയുടമ കടന്നുവരുന്നത് ആദ്യമായിട്ടാണ്.

കേരളത്തിൽ വളർന്നുവരുന്ന ഗുണ്ടാസംഘങ്ങൾ ശക്തിപ്രാപിച്ചത് അവരും ബ്ലേഡു കമ്പനികളും തമ്മിലുള്ള ബന്ധത്തിലൂടെയാണ്. തങ്ങളുടെ കിട്ടാക്കടങ്ങൾ ഈടാക്കുവാൻ ഗുണ്ടകളെ ഉപയോഗപ്പെടുത്തേണ്ടതായി വരുന്ന *നോൺ ബാങ്കിംഗ് ഫിനാൻസ് കമ്പനികൾ* എന്ന സ്റ്റൈലൻ പേരിലറിയപ്പെടുന്ന ബ്ലേഡു കമ്പനികൾ അവർക്ക് ഉദാരമായ പ്രതിഫലം നൽകുന്നു. ഇരുകൂട്ടരും തങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നു. വിശ്വാസ്യതയുള്ളതെന്ന് ജനത്തിനിടയിൽ ധാരണയുണ്ടാക്കിയതു വഴി ഡെപ്പോസിറ്റുകൾ സ്വീകരിച്ച് വളർന്ന പല ബ്ലേഡു കമ്പനികളും ഒരു സുപ്രഭാതത്തിൽ പൊട്ടുകയും അനേകരുടെ ആയുഷ്ക്കാല സമ്പാദ്യങ്ങൾ നഷ്ടപ്പെടുത്തുകയും ചെയ്തത് അനേകം പ്രാവശ്യം ആവർത്തിക്കപ്പെട്ട ഒരു സംഭവ പരമ്പരയാണ്. ചില സന്നിഗ്ദ്ധ ഘട്ടങ്ങളിൽ അവരിൽ നിന്ന് പണം കടം വാങ്ങിയ പലരും തങ്ങളുടെ വസ്തുവകകൾ നഷ്ടപ്പെട്ട് വഴിയാധാരമായ സംഭവങ്ങൾ കേരളത്തിൽ കണ്ടെത്തുവാൻ വിഷമമില്ല. പൊട്ടിയ പല ബ്ലേഡു കമ്പനികളിലും പല മെത്രാന്മാരുടെയും നിക്ഷേപങ്ങളുണ്ടായിരുന്നു എന്നത് പരസ്യമായ രഹസ്യമാണ്. ചിത്രത്തിന്റെ മറുവശത്ത് സ്വകാര്യ അക്കൗണ്ടുകളില്ലാത്ത അപൂർവ്വം ചില മെത്രാന്മാർ അത്യാവശ്യത്തിനെടുത്ത പണം തിരിച്ചടക്കുവാനാവാതെ വെള്ളം കുടിക്കുന്ന കാഴ്ചയും കാണാം. സഭയുടെ ഒരു പോക്കറ്റിൽ നിന്നും പണം സ്വീകരിക്കയും സഭയുടെ തന്നെ മറു പോക്കറ്റിൽ കടം കൊടുക്കുകയും ചെയ്യുന്നത് വഴി ബ്ലേഡു മുതലാളിക്ക് ഇരട്ടി ലാഭം! ഈ ചില്ലറ ഊറ്റുകൾക്കു പകരം മൊത്തമൂറ്റിലേക്ക് തിരിയുവാനാവണം ഇപ്പോൾ സഭാനേതൃത്വത്തിലേക്കു വരുവാൻ ബ്ലേഡുകൾ ശക്തിയായ ശ്രമം നടത്തുന്നത്.

സഭയുടെ നന്മയെ കാംക്ഷിക്കുന്ന ഏവരും ബ്ലേഡുകാരുടെ ഈ കുതന്ത്രം തിരിച്ചറിയുകയും ശക്തിയായി പ്രതികരിക്കയും വേണം.

# കൊന്നാൽ പാപം തിന്നാൽ തീരുമോ?

**സംശയൻ**

മാത്യൂസ് ദ്വിതീയൻ ബാവായുടെ ആണ്ടുചാത്തമായ ജനുവരി 26 ന് ശാസ്താംകോട്ടയിൽ വൈദികട്രസ്റ്റി നടത്തിയ പ്രസംഗം പൊടി പൊടിച്ചെന്നു പറയാതിരിക്കാൻ തരമില്ല. കാലംചെയ്ത ബാവായുടെ അപദാനങ്ങൾ വാനോളം വാഴ്ത്തിപ്പാടിയ ഒ. തോമസച്ചന്റെ പ്രസംഗം കേട്ട് രോമാഞ്ചം കൊണ്ട ദിദിമോസ് ബാവാ അന്നേരം കേറി പ. മാത്യൂസ് ദ്വിതീയൻ ബാവായെ പരിശുദ്ധനായി പ്രഖ്യാപിച്ചേക്കുമെന്നുപോലും പലരെയും പോലെ സംശയനും സംശയിച്ചു. അത്ര ഗംഭീരമായിരുന്നു പ്രസംഗം.

പക്ഷേ ഈ പ്രസംഗം കേട്ടപ്പോൾ മറ്റു പലരെയും പോലെ സംശയനും മറ്റൊരു പ്രസംഗം ഓർമ്മ വന്നു. അത് ഒക്ടോബർ 12നു പരുമല അസോസിയേഷനിൽ ഇതേ വൈദികട്രസ്റ്റി നടത്തിയ അധികപ്രസംഗമായിരുന്നു. കുന്തിരിക്കമിട്ട് അടക്കിയ പ. മാത്യൂസ് ദ്വിതീയൻ ബാവായ്ക്ക് ശവപ്പെട്ടിപണിത് ആണിയടിച്ചാണ് അന്ന് വൈദികട്രസ്റ്റി പ്രസംഗം തകർത്തത്. അദ്ദേഹത്തിനില്ലാത്ത കുറ്റമൊന്നും അന്നില്ലായിരുന്നു. അവിടെ നിന്നും നേരെ തല കുത്തി മറിഞ്ഞാണ് ശാസ്താംകോട്ടെ ഈ സ്തുതിഗീതം പാടിയത്. അതും വെറും മൂന്നു മാസത്തെ വിടവിൽ!

എന്തിനായിരുന്നു പ്ലെയിറ്റ് മറിച്ചു വെച്ചത്? ആയിരങ്ങൾ പങ്കെടുത്ത ശാസ്താംകോട്ടയിലെ പെരുന്നാളിന് അടുത്ത അസോസിയേഷനിൽ വോട്ടവകാശമുള്ള നൂറു കണക്കിനു പ്രതിനിധികളും ഉണ്ടായിരുന്നു. വൈദികട്രസ്റ്റി പോസ്റ്റ് ഒരു പ്രാവശ്യം കൂടി കൈയിൽ വരണേൽ പ. മാത്യൂസ് ദ്വിതീയൻ ബാവായെ സ്നേഹിക്കുന്നു ടിയാന്മാരുടെ വോട്ടുവേണം. അവിടെ അതുകണ്ട് കാച്ചി. പിന്നെ പരുമല നടന്ന അസോസിയേഷനിലെ പ്രസംഗമോ. അത് അസോസിയേഷൻ സെക്രട്ടറീടെ ഭാഷേൽ *ഈ അസോസിയേഷന്റെ ഒടുക്കത്തെ യോഗമായിരുന്നു*. അവിടെ എന്നാ പറഞ്ഞാലും കൊഴപ്പമില്ല. അവിടെയിരിക്കുന്ന പ്രതിപുരുഷന്മാർ അടുത്ത അസോസിയേഷനിൽ വോട്ടുള്ളവരാകണമെന്നില്ലല്ലോ എന്നു വിചാരിച്ചു കൈയടി കിട്ടാൻ തട്ടിയതാ.

ശാസ്താംകോട്ട പ്രസംഗത്തിലെ രണ്ടാം ഭാഗം തലേന്ന് ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ പുത്തൻകുരിശു സൊസൈറ്റി നടത്തിയ അനധികൃത കൈയേറ്റത്തെക്കുറിച്ചായിരുന്നു. ആ കൂട്ടത്തിൽ അതു തടയാൻ താൻ നടത്തിയ 'കഠിന ശ്രമങ്ങളെ'പ്പറ്റിയും പരാമർശിക്കാൻ വിട്ടുപോയില്ല.

അപ്പഴും സംശയന് ഒരു സംശയം ബാക്കി വന്നു. പോയ വർഷവും പുത്തൻകുരിശുകാർ അവിടെ കേറാൻ വന്നു. അന്ന് പ. മാത്യൂസ് ദ്വിതീയൻ ബാവാ നിയമിച്ച *കഴിവില്ലാത്ത* ഒരു കൊച്ചച്ചനായിരുന്നു മാനേജർ. പ. മാത്യൂസ് ദ്വിതീയൻ ബാവാ സ്വീകരിച്ചാശ്ലേഷിച്ചതും പ. ദിദിമോസ് ബാവാ നിയമിച്ചതുമായ ഓർത്തഡോക്സ് പാരമ്പര്യമില്ലാത്ത ഒരു *വരത്തനായിരുന്നു* മെത്രാൻ. എന്നിട്ടും പുത്തൻകുരിശു സൊസൈറ്റി കാതോലിക്കാ വാതിൽക്കൽ വന്നേച്ചു സ്റ്റാന്റു വിട്ടു.

പക്ഷേ ഇക്കൊല്ലം കഥയാകെ മാറി. ആദ്യം കൊച്ചച്ചനെ മാറ്റി കഴിവുറ്റവനും, ബുദ്ധിരാക്ഷസനും, ഓർത്തഡോക്സ് പാരമ്പര്യമുള്ളവനും സർവോപരി സെമിനാരി പരിത്യാജ്യനുമായ എം. ഒ. ജോണച്ചനെ മാനേജരാക്കി. ഇതിനു വൈദികട്രസ്റ്റി കളിച്ച കളി ചില്ലറയല്ലായിരുന്നു. കഴിഞ്ഞ വൈദികട്രസ്റ്റി ഇലക്ഷനിൽ സ്വന്തം ക്യാമ്പെൻ മാനേജരായിരുന്ന ആൾക്ക് ഒരു ഗ്ലാമറുള്ള പോസ്റ്റ് സംഘടിപ്പിച്ചതാണെന്നേ അന്നു സംശയൻ കരുതിയൊള്ളൂ. പത്രങ്ങളിൽ ഉദ്ദിഷ്ടകാര്യത്തിന് ഉപകാരസ്മരണ എന്നു പടം ഇടുന്നതുപോലെ.

പക്ഷേ പുറകെ വരത്തൻ മെത്രാനെയും പറപ്പിച്ചു. അതിനു മുമ്പ് ഒ. തോമസച്ചൻ നടത്തിയ പരസ്യ പ്രസ്താവനകൾ കേട്ട് സംശയനും ഞെട്ടി. 'തൃക്കുന്നത്തു സെമിനാരി പൂട്ടിയാലും മിലീത്തോസു മെത്രാച്ചനെ ഒതുക്കും.' മിലിത്തോസു മെത്രാനെ ഒതുക്കാനാണ് എം. ഒ. ജോണച്ചനെ അങ്ങോട്ടു വിട്ടിരിക്കുന്നത്. ഏതായാലും സുന്നഹദോസിന്റെ തീരുമാനത്തിന്റെ പേരുപറഞ്ഞ് മിലിത്തോസു മെത്രാനെ പറപ്പിച്ചു. ഇതിനു വൈദികട്രസ്റ്റി കളിച്ച കളി ചില്ലറയല്ലാരുന്നു എന്നത് അങ്ങാടിപ്പാട്ടാണ്.

എന്നിട്ടെന്തുണ്ടായി. പ. മാത്യൂസ് ദ്വിതീയൻ ബാവാ വയസാംകാലത്ത് കളയാതെ സംരക്ഷിച്ച തൃക്കുന്നത്തു സെമിനാരി വടികുത്തിപ്പോയി. എന്നാലും വൈദികട്രസ്റ്റിക്കു സമാധാനിക്കാം. മിലിത്തോസു മെത്രാനെ ഒതുക്കിയല്ലോ.

ശാസ്താംകോട്ട പ്രസംഗം കഴിഞ്ഞപ്പോൾ ഒരു കാര്യം സംശയനു ബോദ്ധ്യമായി. പ. മാത്യൂസ് ദ്വിതീയൻ ബാവാ വലിയ ക്ഷമാശീലനാണ് എന്ന്. അല്ലാരുന്നേൽ, തന്നെ രണ്ടുവിധം വധിച്ചശേഷം സ്തുതിഗീതം പാടിയിട്ട് അവിടെ നിന്നും നേരേ ചൊവ്വേ വൈദികട്രസ്റ്റി പോകുമായിരുന്നില്ല.

# എല്ലാ സ്ഥാനങ്ങളിലേക്കും വാശിയേറിയ തെരഞ്ഞെടുപ്പ്

സഭയുടെ സുപ്രധാന സ്ഥാനങ്ങളിലേക്കും സമിതികളിലേക്കും നടക്കുന്ന തെരഞ്ഞെടുപ്പുകൾ അത്യന്തം ശക്തമായ മത്സര ങ്ങൾക്ക് കളമൊരുക്കിയിരിക്കയാണ്. ഇട വകകളിൽ പോലും വാശിയേറിയ മത്സ രങ്ങളിലൂടെയാണ് പ്രതിപുരുഷന്മാരുടെ തെരഞ്ഞെടുപ്പുകൾ നടന്നത്. മിക്കവാറും എല്ലാ പള്ളികളിലും സ്വതന്ത്രവും നീതിപൂർ വ്വവുമായ തെരഞ്ഞെടുപ്പാണ് നടന്നതെ ങ്കിലും ചില സ്ഥലങ്ങളിലെങ്കിലും അനാരോഗ്യകരമായ പ്രവണതകൾ പ്രകടമായി. കോട്ടയം ഏലിയാ കത്തീഡ്രലിൽ രണ്ടു വിഭാഗങ്ങൾ തമ്മിൽ ഏറ്റുമുട്ടലിന്റെ വക്കത്തെത്തിയപ്പോൾ പോലീസ് ഇടപെടേണ്ടതായിപ്പോലും വന്നു. മറ്റു ചില ദേവാലയങ്ങളിലെ തെരഞ്ഞെടുപ്പുകളിൽ രാഷ്ട്രീയക്കാരും പള്ളിയിലെ ആരാധനയിൽ പങ്കെടു ക്കാത്തവരുമായ പലരും സ്ഥാനാർത്ഥികളായി രംഗപ്രവേശം ചെയ്തു. സെക്ടേറിയൻ സഭകളിൽ അംഗങ്ങളായിരിക്കയും മാമ്മോദീസാ, വിവാഹം, ശവസംസ്കാരം എന്നീ ആവശ്യങ്ങൾക്കായി മാത്രം ഇടവകാംഗത്വം നിലനിർത്തുന്നവരുമായവർ ചില സ്ഥലങ്ങളിൽ ആവേശപൂർവ്വം തെരഞ്ഞെടുപ്പിൽ പങ്കെടുത്തത് വിരോധാഭാസമായി കാണപ്പെട്ടു. ചില രാഷ്ട്രീയ പ്രവർത്തകർ വാഹനങ്ങളിൽ വോട്ടർമാരെ എത്തിക്കുന്നതും കാണാമായിരുന്നു. തങ്ങളുടെ മുതലാളിമാരുടെ താല്പര്യ സംരക്ഷണത്തിനായി ചില പ്രത്യേക ബിസിനസ്സ് സ്ഥാപനങ്ങളി ലെ ജീവനക്കാർ തെരഞ്ഞെടുപ്പു രംഗത്ത് സജീവമായിരുന്നു.

എന്നാൽ ബഹുഭൂരിപക്ഷം പള്ളികളിലും യഥാർത്ഥ ജനാഭിലാഷമാണ് പ്രകടമായിരിക്കുന്നത്. ഇടവകകളിലെ പ്രവർത്ത നങ്ങളിൽ സജീവ പങ്കാളിത്തം വഹിക്കുന്നവരും സഭയുടെ നന്മയെ കാംക്ഷിക്കുന്നവരുമായവർ തെരഞ്ഞെടുപ്പിൽ സജീവമായി വന്നത് ഒരു പുതിയ അനുഭവമായിരുന്നു. നിലവിലുള്ള മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ മിക്കവരും തങ്ങളുടെ ഇടവകയിൽ നിന്നും പ്രതിപുരുഷന്മാരാകുവാൻ താല്പര്യപ്പെട്ടില്ല. പുതിയ മാനേജിംഗ് കമ്മിറ്റിയെ തെരഞ്ഞെടുക്കുമ്പോൾ നിലവിലുള്ള മാനേജിംഗ് കമ്മിറ്റി അംഗങ്ങൾക്ക് വോട്ടു ചെയ്യുവാനും സ്ഥാനാർത്ഥികളാകുവാനും സാധിക്കും എന്നതിനാലാണിത്. അഞ്ചുവർഷം മുൻപേ തെരഞ്ഞെടുക്കപ്പെട്ട ശേഷം, ഇടവകകളിലെ പ്രവർത്തനങ്ങളിൽ മുഖം കാണിക്കാത്ത പലരും മത്സരിച്ചാൽ പരാജയപ്പെടും എന്ന നില വന്നപ്പോൾ പിന്മാറി. അപൂർവ്വം ചില മാനേജിംഗ് കമ്മിറ്റിയംഗങ്ങൾ മത്സരിച്ച് പരാജയപ്പെടുകയും ചെയ്തു.

വൈദികട്രസ്റ്റി സ്ഥാനത്തേക്ക് ഫാ. ഡോ. ഒ. തോമസും ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ടും തമ്മിൽ വാശിയേറിയ മത്സരം നടക്കുന്നുണ്ട്. വൈദികട്രസ്റ്റി എന്ന നിലയിൽ പ്രവർത്തനങ്ങളിലൂടെ ഫാ. ഡോ. ഒ. തോമസ് ആവശ്യത്തിലേറെ ശത്രുക്കളെ സമ്പാദിച്ചു കഴിഞ്ഞു. ആദ്യത്തെ രണ്ടു വർഷം മാതൃകാപരമായി പ്രവർത്തിച്ചെങ്കിലും അധികാരപ്രമത്തത തലയ്ക്കു പിടിച്ച നിലയിലായിരുന്നു അവസാനത്തെ ആറുമാസത്തെ പ്രവർത്തനം. മൃദുഭാഷിയും പണ്ഡിതനും വിവാദങ്ങൾക്കതീതനുമായ ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് ഈ സാഹചര്യത്തിൽ ബഹുഭൂരിപക്ഷത്തിനും സ്വീകാര്യനായിരിക്കുന്നു.

അൽമായ ട്രസ്റ്റി സ്ഥാനത്തേക്ക് ഡോ: ജോർജ്ജ് വർഗ്ഗീസ്, എം. ജി. ജോർജ്ജ് മുത്തൂറ്റ്, പോൾ മത്തായി എന്നിവർ തമ്മിലാണ് മത്സരം. സ്വദേശമായ മാവേലിക്കരപ്പോലും പോൾ മത്തായിക്ക് കാര്യമായ പിന്തുണയുള്ളതായി ഇപ്പോൾ കാണപ്പെടുന്നില്ല. ഡോ. ജോർജ്ജ് വർഗ്ഗീസ് പ്രവർത്തനരംഗത്ത് സജീവമായിട്ടില്ലെങ്കിലും വളരെയേറെപ്പേർ അദ്ദേഹത്തിന്റെ ആഗമന ത്തിനായി നോക്കിപ്പാർത്തിരിക്കുന്നു. എം. ജി. ജോർജ് മുത്തൂറ്റ് വളരെ സജീവമായി പ്രവർത്തന രംഗത്തുണ്ട്. സാമ്പത്തിക ബലവും അതിലൂടെ നേടാവുന്ന ആൾബലവും ചേർത്താൽ നിഷ്പ്രയാസം ജയിച്ചുവരാമെന്ന ആത്മവിശ്വാസം ജോർജ്ജിനോടടുത്ത കേന്ദ്രങ്ങൾ പ്രകടിപ്പിക്കുന്നുണ്ട്.

ബ്ലേഡുകമ്പനികൾ എല്ലാ രംഗത്തും നേടുന്ന മേൽക്കൈ സാമുദായിക തലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനെ ഒട്ടുവളരെപ്പേർ ആശങ്കയോടെ വീക്ഷിക്കുന്നു. അൽമായട്രസ്റ്റി സ്ഥാനത്തേക്ക് ബ്ലേഡുകാർ വന്നാൽ പരുമലയിൽ വീഴുന്ന വിശ്വാസികളുടെ ചില്ലിക്കാശുകൾ ബ്ലേഡു കമ്പനികളുടെ പണപ്പെട്ടിയിലേക്ക് നീങ്ങുന്നതിനെ ആശങ്കയോടെ കാണുന്നവർ കുറവല്ല.

സഭയെക്കുറിച്ച് തീക്ഷ്ണമായി ചിന്തിക്കുന്നവരും സഭയ്ക്കായി ത്യാഗങ്ങൾ സഹിക്കുന്നവരും ജോർജ്ജ് വർഗ്ഗീസിന്റേതു പോലെ ക്ലീൻ റിക്കാർഡുള്ള വിദ്യാസമ്പന്നരും പ്രൊഫഷണലും ബഹുവിധരംഗങ്ങളിൽ പ്രാവീണ്യം തെളിയിച്ചവരുമായ ഒരാളെ വേണം സഭയുടെ ഉന്നതസ്ഥാനങ്ങളിലെത്തിക്കുവാൻ എന്ന് ചിന്തിക്കുന്നു.

ചുരുക്കത്തിൽ മാനേജിംഗ് കമ്മിറ്റിയംഗങ്ങൾ മുതൽ അൽമായ-വൈദികട്രസ്റ്റിമാർ വരെയുള്ള എല്ലാ തലങ്ങളിലേക്കും അതിശക്തിയായ മത്സരമാണ് നടക്കുന്നത്. ❑

**പ. കാതോലിക്കാ ബാവാ തിരുമനസ്സിലെയും ശ്രേഷ്ഠ നിയുക്ത കാതോലിക്കാ തിരുമനസ്സിലെയും, പ. എപ്പിസ്കോപ്പൽ സുന്നഹദോസ്, സഭാ വർക്കിംഗ് കമ്മറ്റി എന്നിവയിലെ അംഗങ്ങളുടെയും പരിഗണനക്കും ഉചിത നടപടികൾക്കുമായി അൽമായവേദി സമർപ്പിച്ച ചില വസ്തുതകൾ.**

1. ജനുവരി 25-ാം തീയതി തൃക്കുന്നത്ത് സെമിനാരിയിൽ വിഘടിത വിഭാഗം പ്രവേശിക്കുവാനും ധൂപപ്രാർത്ഥന നടത്തുവാനും ഇടയാക്കിയ ഗവൺമെന്റ് നടപടിക്കെതിരെ സത്വരമായ നിയമനടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ നടപടി കോടതിയിൽ ചോദ്യം ചെയ്യപ്പെടാതിരുന്നാൽ ഈ വർഷത്തെ തൽസ്ഥിതി ലംഘനം അടുത്ത വർഷം തൽസ്ഥിതിയുടെ ഭാഗമാവുകയും അചിരേണ തൃക്കുന്നത്തു സെമിനാരിയിൽ വിഘടിതർ അവകാശം സ്ഥാപിക്കയുമായിരിക്കും ഫലം. 2. പള്ളികൾ വീതം വയ്ക്കൽ, തവണകൾ പ്രകാരം ആരാധന നടത്തുക എന്നിവ സ്വീകാര്യമല്ലെന്നും കോടതിവിധികൾ പ്രകാരം മലങ്കരസഭയ്ക്ക് ലഭിച്ചിട്ടുള്ള അവകാശങ്ങൾ പിൻവാതിലൂടെ ഇല്ലാതെയാക്കുവാൻ ശ്രമിക്കുന്നവർ സഭാ താല്പര്യങ്ങൾക്ക് വിരുദ്ധമായാണ് പ്രവർത്തിക്കുന്നതെന്നും അസന്നിഗ്ദ്ധമായ ഒരു പ്രസ്താവന പ. ബാവാ തിരുമേനിയിൽ നിന്നും എപ്പിസ്കോപ്പൽ സുന്നഹദോസിൽ നിന്നും വർക്കിംഗ് കമ്മറ്റിയിൽ നിന്നും ഉടൻതന്നെ ഉണ്ടാകണം. തുടർന്നും മേൽപ്പറഞ്ഞ ആശയങ്ങൾക്കായി പ്രവർത്തിക്കുന്നവരെ സ്ഥാനങ്ങളിൽ നിന്നു നീക്കം ചെയ്യണം. 3. മേൽപ്പറഞ്ഞ ലക്ഷ്യങ്ങളോടെ നടത്തുന്ന എല്ലാ കൂടിയാലോചനകളിൽ നിന്നും (ഗവൺമെന്റ് സംഘടിപ്പിക്കുന്നതോ അല്ലാത്തതോ) ഉടൻ തന്നെ പിന്മാറുന്നതായി ഔദ്യോഗികമായി പ്രഖ്യാപനമുണ്ടാകണം.

4. ഇപ്പോഴത്തെ തൃക്കുന്നത്തു സെമിനാരി മാനേജർ തൽസ്ഥാനം വഹിക്കുവാൻ അപ്രാപ്ത നെന്ന് തെളിയിച്ചു കഴിഞ്ഞു. പെരുന്നാൾദിവസം പ്രശ്നങ്ങളുണ്ടാകുമെന്നറിഞ്ഞിട്ടും നേതൃത്വത്തെയോ സഭാ ജനങ്ങളെയോ ഉണർത്തുവാനോ പ്രവർത്തനനിരതരാക്കുവാനോ ശ്രമിക്കാതെ പ്രശ്നത്തെ ലളിതവത്ക്കരിച്ചത് നിയമലംഘകർക്കും അവർക്ക് ഒത്താശ ചെയ്തവർക്കും സഹായകമായി ഭവിച്ചു. ഇപ്രകാരം സംഭവങ്ങളുണ്ടാകുമെന്ന് അൽമായവേദി 4-9-2006 ൽ സഭാനേതൃത്വത്തെ നേരിട്ടും രേഖാമൂലവും ധരിപ്പിച്ചിട്ടുള്ള വിവരം ഈ ഘട്ടത്തിൽ സ്മരണീയമാണ്. ഇത്തരം സ്ഥിതി വിശേഷങ്ങളെ നേരിടുവാൻ പ്രാപ്തിയുള്ള നേതൃത്വം വേണ്ട അധികാരങ്ങളോടെ അങ്കമാലി ഭദ്രാസനത്തിൽ ലഭ്യമാക്കണം. വിഘടിതരെ ബുദ്ധികൊണ്ടും ശക്തികൊണ്ടും നേരിടുവാൻ പ്രാപ്തനെന്നു തെളിയിച്ച മാർ മിലിത്തോസാണ് (തൃശ്ശൂർ) ഇന്നത്തെ സ്ഥിതിയെ ഫലപ്രദമായി നേരിടുവാൻ പ്രാപ്തനെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. 5. വിഘടിത വിഭാഗത്തിനു വേണ്ടി സഭയ്ക്കുള്ളിൽ നിന്ന് അഞ്ചാംപത്തി പ്രവർത്തനം നടത്തുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കണം.

തൃക്കുന്നത്തു സെമിനാരിയിൽ ഇപ്രകാരമുള്ള സംഭവങ്ങൾ ഉണ്ടാകുവാൻ സാദ്ധ്യതയുണ്ടെന്ന് അൽമായവേദിക്ക് ലഭിച്ച വിവരം യഥാസമയം സഭാനേതൃത്വത്തെ സത്വരമായി അറിയിച്ചശേഷവും വേണ്ട കരുതൽ നടപടികൾ ഉണ്ടായില്ല എന്നതിൽ ഞങ്ങൾക്ക് അതിയായ ഖേദവും നിരാശയുമുണ്ട്. ഒരു ഭദ്രാസനാസ്ഥാനത്തെ പ്രശ്നസങ്കീർണ്ണമായ പെരുന്നാൾ ഒരു ചെറിയ ഇടവകപ്പള്ളിയിലെ പെരുന്നാൾ പോലെ ലാഘവത്തോടെ നടത്തിയത് അത്യന്തം ഖേദകരമാണ്. സഭയിലെ വിശ്വാസികൾ സഭയ്ക്കുണ്ടാകുന്ന തിരിച്ചടികളിൽ അത്യന്തം രോഷാകുലരും ദുഃഖിതരുമാണെന്ന കാര്യവും ബന്ധപ്പെട്ട ഏവരെയും അറിയിച്ചുകൊള്ളട്ടെ.

**PRINTED MATTER ONLY**
**(P & T Section II Clause 121)**

**To,**

**From,**

**AKHILA MALANKARA ORTHODOX ALMAYA VEDHI**
**POST BOX NO. 652, KOTTAYAM 686 001**

സഭയുടെ ഭിത്തിയെ ബലവത്താക്കുവാനും സഭാഗാത്രത്തിന് ശക്തി പകരുവാനുമായി അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരിക്കുന്നത്.
**Almayavedi:** Printed and Published by K. V. Abraham Koduvath (President) on behalf of Akhila Malankara Orthodox Almayavedhi, PB No. 652, Kottayam - 686001, printed at Sophia Print House, Surya Guest Line, Thekkenada, Kottayam and published from Kottayam. Editor: Philipose Pottakkavayalil Ph: 93497 54448